# സംസ്ഥാനതല ബാങ്കേഴ്സ് സമിതി, കേരളയുടെ 101-ാമത് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

*30-03-2010 (ചൊവ്വാഴ്ച) തിരുവനന്തപുരം പ്രസ് ക്ലബ്ബ് റോഡിലുള്ള ഹോട്ടൽ റസിഡൻസി ടവറിൽ വച്ചു നടത്തപ്പെട്ടത്*

കാനറാ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ **ശ്രീ എച്ച്.എസ്. ഉപേന്ദ്രകമ്മത്തിന്റെ** അദ്ധ്യക്ഷതയിൽ രാവിലെ 10.30ന് യോഗം ആരംഭിച്ചു. (പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).

കാനറാബാങ്കിന്റെ ജനറൽ മാനേജരും എസ്.എൽ.ബി.സി. കൺവീനറുമായ **ശ്രീ. എൻ.ആർ. വെങ്കിട്ടരമണി** വേദിയിലും അല്ലാതെയും ഉള്ള വിശിഷ്ടവ്യക്തികളെയും പങ്കെടുത്ത മറ്റാളുകളെയും എസ്.എൽ.ബി.സി. കേരളയുടെ 101-ാം യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും യോഗത്തിന്റെ സുഗമമായ നടത്തിപ്പിനും അർത്ഥവത്തും സജീവവുമായ ചർച്ചകൾക്കും അവരുടെ തുടർന്നുള്ള സഹകരണവും പിന്തുണയും പങ്കാളിത്തവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

ലീഡ് ബാങ്ക് സംവിധാനത്തിലെ പരമോന്നത സമിതി രൂപീകരിക്കപ്പെട്ടിട്ടുള്ളത് സംസ്ഥാന സമ്പദ്വ്യവസ്ഥയിലേക്ക്, പ്രത്യേകിച്ചും മുൻഗണനാ മേഖലയിലേക്ക്, ഉള്ള വായ്പാ പ്രവാഹത്തിന്റെ അവലോകനവും സൂക്ഷ്മനിരീക്ഷണവും നടത്തുന്നതിനുവേണ്ടിയാണെന്ന് തന്റെ സ്വാഗത പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു. പ്രാഥമികവും ദ്വിതീയവുമായ മേഖലകളിലേക്കുള്ള വായ്പാ വിതരണത്തിന് കൂടുതൽ ഊന്നൽ നൽകുന്ന ഇന്നത്തെ സാഹചര്യത്തിൽ എസ്.എൽ.ബി.സി. എന്ന സമിതിക്ക് ഭാരിച്ച ഉത്തരവാദിത്വമാണുള്ളത് എന്ന് അദ്ദേഹം പറഞ്ഞു. നിശ്ചിത ലക്ഷ്യം നേടിയെടുക്കുന്നതിനായി വായ്പാ വിതരണം നടത്തുമ്പോൾ അത്യാവശ്യമേഖലകൾക്ക് വേണ്ടത്ര പരിഗണന നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്ന പ്രതിജ്ഞാബദ്ധമായ കർത്തവ്യം അതിനുണ്ട്. സമിതി അവസരത്തിനൊത്ത് ഉയരുമെന്നും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വികസനത്തിനുവേണ്ടിയുള്ള സൃഷ്ടിപരവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെടുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

സാമ്പത്തിക ഉൾപ്പെടുത്തലിന്റെ സന്ദേശവും സമയബന്ധിതമായി വിവിധ പരിപാടികൾ നടപ്പിലാക്കിക്കൊണ്ട് ബാങ്കിംഗ് സൗകര്യം എല്ലാവർക്കും പ്രദാനം ചെയ്യുന്നതിനുള്ള തങ്ങളുടെ പരിശ്രമവും പ്രചരിപ്പിക്കുന്നതിലേക്കായി ഭാരതീയ റിസർവ് ബാങ്ക് അതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2009 ആഗസ്റ്റ് മുതൽ 2010 മാർച്ച് വരെ കേരള സംസ്ഥാനത്ത് 11 ഔട്ട് റീച്ച് പരിപാടികൾ നടത്തുകയുണ്ടായി. ഗ്രാമീണജനങ്ങളെ അവർക്കു ലഭ്യമായിട്ടുള്ള ബാങ്കിംഗ് സൗകര്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും വിവിധ സാമ്പത്തിക ഉൾപ്പെടുത്തൽ നടപടികൾ സുഗമമായി നടപ്പിലാക്കുന്നതിനുംവേണ്ടി ഭാരതീയ റിസർവ് ബാങ്ക് ആരംഭിച്ച ഈ പരിപാടികളിൽ എസ്.എൽ.ബി.സി. തികഞ്ഞ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും പങ്കെടുത്തു.

തുടർന്ന്, ഇപ്പോൾ നടപ്പിലാക്കിവരുന്ന ചില സാമ്പത്തിക ഉൾപ്പെടുത്തൽ നടപടികൾ അദ്ദേഹം എടുത്തു പറഞ്ഞു.

- പ്രത്യേകിച്ചും 2000-ലേറെ ജനസംഖ്യയുള്ളതും ബാങ്കില്ലാത്തതുമായ ഗ്രാമങ്ങളിൽ ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളുടെയും മേഖലാ ഗ്രാമീണ ബാങ്കുകളുടെയും (ആർ.ആർ.ബി.) ശാഖാ ശൃംഖല വർദ്ധിപ്പിക്കുക;
- സാമ്പത്തിക സാക്ഷരതയും വായ്പാ കൗൺസലിംഗും കേന്ദ്രങ്ങൾ (എഫ്.എൽ.സി.സികൾ) ഏർപ്പെടുത്തുക.

- ഏജൻസി ബാങ്കിംഗ് - ബിസിനസ്സ് കറസ്പോൺഡന്റുകളുടെയും ബിസിനസ് ഫെസിലിറ്റേറ്റർമാരുടെയും (ബി.സി/ബി.എഫ്കൾ) മാതൃകകൾ അവതരിപ്പിക്കുക.
- മൊബൈൽ ബാങ്കിംഗിന്റെയും ഉപഗ്രഹബാങ്കിംഗിന്റെയും കവറേജ് വർദ്ധിപ്പിക്കുക.
- വാണിജ്യബാങ്കുകളും പ്രാഥമിക സഹകരണസംഘങ്ങളും പോസ്റ്റൽ അധികാരികളും തമ്മിലുള്ള ഏജൻസി സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- വിവരസാങ്കേതികവിദ്യ (ഐ.റ്റി) പരിഹാരങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുക.
- ഓരോ ജില്ലയിലും വിവിധ ബാങ്കിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ലീഡ് ബാങ്ക് പദ്ധതി പുനസ്സംവിധാനം ചെയ്യുക.

തുടർന്ന് അദ്ദേഹം സംസ്ഥാനത്ത് ഊന്നൽ നൽകുന്ന മേഖലകളിലും ദുർബല വിഭാഗങ്ങളിലും ഉള്ള വായ്പാവിതരണം സമീപവർഷങ്ങളിൽ വളരെ നല്ല നിലയിലായിത്തീർന്നിട്ടുണ്ടെന്ന് പറയുകയും താഴെപ്പറയുന്ന കാര്യങ്ങൾ എടുത്തുപറയുകയും ചെയ്തു.

- കേരളത്തിലെ ബാങ്കിംഗ് മേഖലയുടെ മൊത്തം നിക്ഷേപസമാഹരണവും വായ്പാവിതരണവും നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. 2009 ഡിസംബറിലെ നിലയ്ക്ക് നിക്ഷേപങ്ങൾ 1,38,531 കോടി രൂപയിലും വായ്പകൾ 92,788 കോടി രൂപയിലും എത്തി നിൽക്കുന്നു. നടപ്പുവർഷത്തെ ആദ്യ ഒൻപതു മാസകാലയളവിൽ ബാങ്കിംഗ് സംവിധാനം രേഖപ്പെടുത്തിയ വർദ്ധനവ്, നിക്ഷേപങ്ങളിൽ 8,181 കോടി രൂപയുടെയും വായ്പകളിൽ 9,969 കോടി രൂപയുടെയും വർദ്ധനവോടെ തികച്ചും തൃപ്തികരമായ സ്ഥിതി കാണിക്കുന്നു.
- സംസ്ഥാനത്തെ ബാങ്കുകളിലെ പ്രവാസിനിക്ഷേപം, 2009 ഡിസംബറിലെ നിലയ്ക്ക് 37,412 കോടി രൂപ എന്ന തലത്തിൽ എത്തി നിൽക്കുന്നു. 2009 മാർച്ചിലെ കണക്കിൽനിന്നും 393 കോടി രൂപയുടെ വർദ്ധനവ്.
- സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് പ്രാഥമിക മേഖല നൽകുന്ന സംഭാവന ക്രമേണ കുറഞ്ഞുവരികയാണെങ്കിലും കേരളത്തിൽ അതിന്റെ സ്വാധീനവും പ്രാധാന്യവും തള്ളിക്കളയാൻ സാധ്യമല്ല. എസ്.എൽ.ബി.സിയുടെ കുടക്കീഴിലുള്ള ബാങ്കുകളും ഇതു മനസ്സിലാക്കുകയും സംസ്ഥാനത്തെ കർഷക കുടുംബങ്ങളിൽ പ്രതിസന്ധിയുണ്ടായ സന്ദർഭത്തിൽ അവസരത്തിനൊത്ത് ഉയരുകയും ചെയ്തു. സംസ്ഥാനത്തെ കർഷക സമൂഹത്തെ സഹായിക്കുവാൻ സംസ്ഥാന സർക്കാർ എടുത്ത ക്രിയാത്മക നടപടികൾക്കു പിന്തുണ നൽകുവാൻ നമ്മളും ശക്തമായ മുൻകൈ എടുത്തിട്ടുണ്ട്.
- ദുരിതമനുഭവിക്കുന്ന കർഷകർക്കായി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര ആശ്വാസ പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ ബാങ്കുകൾ അഗാധമായ താല്പര്യം പ്രകടിപ്പിക്കുകയും അത് പദ്ധതിയുടെ നിർവഹണത്തിന്റെ ത്വരിതഗതിയിലുള്ള പുരോഗമനത്തിൽ പ്രതിഫലിക്കുകയും ചെയ്തു. അർഹമായ എല്ലാ വായ്പാ അക്കൗണ്ടുകളിലെയും കുടിശ്ശികയായിത്തീർന്ന പലിശ ഇളവു ചെയ്തു കൊടുക്കുന്നതിനു പുറമെ ബാങ്കുകൾ ഉദ്ദേശം പകുതിയോളം അക്കൗണ്ടുകൾ പുനക്രമീകരിക്കുകയും പുനക്രമീകരിക്കപ്പെട്ട അക്കൗണ്ടുകളിൽ ഒരു വലിയ പങ്കിന് പുതിയ വായ്പകൾ നല്കുകയും ചെയ്തു.
- എം.എസ്.എം.ഇ., ഭവനനിർമ്മാണം, ആട്ടോ മേഖലകൾക്കായി ഐ.ബി.എയും ഭാരതസർക്കാരും പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജിന്റെ ശരിയായ നിർവഹണത്തിന് നൽകിയ ഹൃദയപൂർവമായ പിന്തുണയ്ക്ക് അദ്ദേഹം ബാങ്കുകളുടെ കൂട്ടായ്മയെ അഭിനന്ദിച്ചു. ഇത് കേരള സംസ്ഥാ

നത്തെ എം.എസ്.എം.ഇ.യ്ക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് ദ്വിതീയ മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുകയുണ്ടായി.

- ദേശീയമായി മുൻഗണന നൽകുന്നതും സർക്കാർ ആഭിമുഖ്യത്തിലും അല്ലാതെയുമായ പദ്ധതികൾക്കു കീഴിൽ സംസ്ഥാനത്ത് ബാങ്കിംഗ് മേഖല നല്ല പ്രകടനമാണ് കാഴ്ചവച്ചിട്ടുള്ളത്.
- നിക്ഷേപവളർച്ചയുടെ ഫലമായി സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള അധിക ധനത്തിന്റെ മദ്ധ്യവർത്തിത്വത്തിൽ, സമൂഹത്തിന്റെ നേരിട്ടുള്ള ആവശ്യങ്ങൾക്ക് അനുഗുണമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് വാണിജ്യ ബാങ്കുകൾക്ക് സുപ്രധാനമായ പങ്ക് വഹിക്കുവാനുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്ക് അനുസൃതമായിട്ടുള്ള നിരവധി നൂതന പദ്ധതികൾ വിവിധ ബാങ്കുകൾ സ്വീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് പുതിയ മാനങ്ങൾ നൽകിക്കൊണ്ട് അടുത്ത സാമ്പത്തികവർഷത്തിലും പരീക്ഷിക്കാവുന്നതാണ്.
- മറ്റൊരു പ്രധാന മേഖല പ്രധാനമന്ത്രിയുടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ പരിപാടി (പി.എം.ഇ.ജി.പി.)യാണ്. ഈ പദ്ധതിക്കു കീഴിൽ ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിലെ കാര്യനിർവഹണവും നേട്ടവും പ്രതീക്ഷിച്ച തലത്തിലെത്തിയില്ലെങ്കിലും, അതിനുശേഷം കാര്യമായ പുരോഗതി ഉണ്ടായിട്ടുള്ളതും ഖാദി-ഗ്രാമ വ്യവസായ കമ്മീഷൻ എസ്.എൽ.ബി.സിയ്ക്ക് നൽകിയിട്ടുള്ള ഏറ്റവും ഒടുവിലത്തെ വിവരം അനുസരിച്ച് പി.എം.ഇ.ജി.പിയിൻ കീഴിൽ നിശ്ചയിച്ചിരുന്ന ലക്ഷ്യം ഇതിനോടകം കൈവരിച്ചു കഴിഞ്ഞിട്ടുള്ളതുമാകുന്നു.

തുടർന്ന് **ശ്രീ. എൻ.ആർ. വെങ്കിട്ടരമണി**, കാനറാ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും യോഗാദ്ധ്യക്ഷനുമായ **ശ്രീ. എച്ച്. എസ്. ഉപേന്ദ്രകമ്മത്തിനോട്** അന്നേ ദിവസത്തെ നടപടികൾക്ക് മാർഗ്ഗദർശനം നൽകുവാൻ അപേക്ഷിച്ചു.

തുടക്കത്തിൽത്തന്നെ, **ശ്രീ. എച്ച്.എസ്. ഉപേന്ദ്രകമ്മത്ത്** സന്തോഷം പ്രകടിപ്പിക്കുകയും കേരള സംസ്ഥാനത്തെ 101-ാമത് എസ്.എൽ.ബി.സി. യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നത് അഭിമാനകരമായ ഒരു കാര്യമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ വികസനത്തിനായുള്ള വിവിധ സാമൂഹ്യ, സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിട്ടുള്ള ചർച്ചകൾ നടത്തുന്നതിനായി ബാങ്കിംഗ് വ്യവസായത്തിനും സർക്കാർ സംവിധാനത്തിനും ഒത്തുചേരാനുള്ള ഒരു പൊതുവേദിയാണ് എസ്.എൽ.ബി.സി. എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാ പങ്കാളികൾക്കും/ അംഗങ്ങൾക്കും തങ്ങളുടെ പരാതികൾ ഉന്നയിക്കുവാനും പ്രവർത്തനസംബന്ധമായ സംഗതികൾക്കും പ്രശ്നങ്ങൾക്കും ചിട്ടയായി പരിഹാരം കണ്ടെത്തുന്നതിനും എസ്.എൽ.ബി.സി. വഴിയൊരുക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. വർദ്ധിച്ച തോതിൽ സോഫ്റ്റ് വെയർ ഉപയോഗം ഉണ്ടാകുന്നതോടെ ലഭ്യമായ വെബ്സൈറ്റുകളിൽകൂടി അംഗങ്ങളായ ബാങ്കുകൾക്ക് പ്രത്യേകമായും ബഹുജനങ്ങൾക്ക് സാമാന്യമായും പ്രയോജനകരമായ വിവരങ്ങൾ വിതരണം ചെയ്യുവാൻ കഴിയുന്നതാണ്.

സാമ്പത്തിക സാക്ഷരതയെ പരാമർശിച്ചുകൊണ്ട് ഇന്ന് ഏവരും ഉരുവിടുന്ന ഒരു പ്രയോഗമാണത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് സാമ്പത്തിക സാക്ഷരത മെച്ചപ്പെടുത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ബാങ്കുകൾ കൂടുതൽ പ്രായോഗികമായ സമീപനം സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട റിസർവ് ബാങ്ക് ഗവർണർ ഡോ. ഡി. സുബ്ബറാവു പങ്കെടുത്തു സംസാരിച്ച സമീപകാലത്തെ ഒരു യോഗത്തെ പരാമർശിച്ചുകൊണ്ട് സാമ്പത്തിക സാക്ഷരതയ്ക്ക് വേണ്ടിയുള്ള പ്രചാരണ പ്രവർത്തനങ്ങളെ മുമ്പോട്ടു നയിക്കുന്നതിൽ സർക്കാർ ഏജൻസികളോടൊപ്പം ബാങ്കുകളും ചേരണമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. സാമ്പത്തിക സാക്ഷരത എന്ന ആശയം പ്രചരിപ്പിക്കുന്നതിനുള്ള സന്ദേശം ബന്ധപ്പെട്ടവരിലേക്ക് പകർന്നു നൽകുന്നതിനായി റിസർവ് ബാങ്ക് ഗവർണ്ണറുടെ പ്രസംഗത്തിൽ നിന്നുള്ള ഏതാനും കാര്യങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു.

പ്രധാനമായും സ്കൂൾകുട്ടികളും കോളെജ് വിദ്യാർത്ഥികളും സാമ്പത്തിക ആശയങ്ങളിൽ അടിസ്ഥാന പ്രാവീണ്യം നേടുന്നതു ലാക്കാക്കിക്കൊണ്ട്, സാമ്പത്തിക സാക്ഷരത കൂടുതൽ ആഴങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് റിസർവ് ബാങ്ക് മുന്തിയ മുൻഗണനയാണ് നൽകുന്നത്. കുട്ടികൾ വളർന്ന് സമ്പാദിക്കുവാൻ തുടങ്ങുമ്പോൾ സമ്പാദ്യം എവിടെ മിച്ചം വെയ്ക്കണം, എപ്പോൾ മിച്ചം വയ്ക്കണം, എങ്ങനെ എത്രത്തോളം മിച്ചം വയ്ക്കണം എന്നൊക്കെ സ്വയം തീരുമാനിക്കുവാനുള്ള അറിവ് അവർക്കുണ്ടാകണം. അങ്ങനെയുള്ള സാധ്യതകൾ വിലയിരുത്തുവാൻ കഴിവുണ്ടാകുമ്പോൾ മാത്രമേ അവർ ഉത്തരവാദിത്വമുള്ള മുതിർന്നവർ ആകുകയുള്ളൂ. പണം മിച്ചം വയ്ക്കുമ്പോൾ അത് ഫലവത്തായ നിക്ഷേപങ്ങൾക്കായി സർക്കാരിനും സ്വകാര്യമേഖലകൾക്കും ലഭ്യമാകും. ഇങ്ങനെയുണ്ടാകുന്ന നിക്ഷേപം നമ്മുടെ വളർച്ചാനിരക്കും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കും.

രാജ്യത്തെ വളരെയധികം ഗ്രാമങ്ങളിൽ ബാങ്കിംഗ് സൗകര്യങ്ങൾ ഇനിയും ലഭ്യമായിട്ടില്ല എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് നമ്മുടെ രാജ്യത്തൊട്ടാകെയുള്ള ഉദ്ദേശം 6 ലക്ഷം ഗ്രാമങ്ങളിൽ 5.7 ലക്ഷം ഗ്രാമങ്ങളിലും ഏതെങ്കിലും ഒരു ബാങ്കിന്റെ ഒരു ശാഖപോലും ഇല്ല. നോ ഫ്രിൽസ് അക്കൗണ്ടുകളും ബയോമെട്രിക് കാർഡുകളും മൊബൈലിൽ കൂടിയോ ഇന്റർനെറ്റിൽകൂടിയോ ഉള്ള ബാങ്കിംഗും പ്രചരിപ്പിച്ചുകൊണ്ട് ഈ ഗ്രാമങ്ങളിലും ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. എങ്കിൽ മാത്രമേ സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ നേരിട്ടും വേഗതയിലും ഈ നോ ഫ്രിൽസ് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുവാൻ സാധ്യമാകൂ.

തുടർന്ന് **ശ്രീ കമ്മത്ത്** റിസർവ് ബാങ്ക് ഡപ്യൂട്ടി ഗവർണ്ണർ ശ്രീമതി ഉഷാ തോറാട്ടിന്റെ അദ്ധ്യക്ഷതയിൽ ലീഡ് ബാങ്ക് പദ്ധതി അവലോകനം ചെയ്യുന്നതിനുള്ള ഉന്നതതല കമ്മിറ്റിയുടെ റിപ്പോർട്ടിലേക്ക് ബാങ്കുകളുടെയും സർക്കാർ ഏജൻസികളുടെയും ശ്രദ്ധ ക്ഷണിച്ചു. സുപ്രധാന വശങ്ങൾ പരാമർശിച്ചുകൊണ്ട്, 2010 മാർച്ചിനുമുമ്പായി കർമ്മപദ്ധതി തയ്യാറാക്കിക്കൊണ്ട് 2000-ൽ അധികം ജനസംഖ്യയുള്ള ഓരോ ഗ്രാമത്തിലും ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആവശ്യം ഊന്നിപ്പറഞ്ഞുകൊണ്ടുള്ള ശുപാർശയെപ്പറ്റി സംസാരിച്ചു. അദ്ദേഹം പരാമർശിച്ച പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശുപാർശകളിൽ, എൻ.ആർ.ഇ.ജി.പിയുടെയും സാമൂഹ്യ സുരക്ഷാ പദ്ധതികളുടെയും കീഴിലുള്ള തുകകൾ വിതരണം ചെയ്യുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായം ഉപയോഗപ്പെടുത്തൽ, എസ്.എൽ.ബി.സി./ഡി.സി.സി. സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, ബോധവൽക്കരണം, പരാതിപരിഹാരത്തിനു ശ്രദ്ധ കൊടുക്കൽ എന്നിവ ഉൾപ്പെടുന്നു. നഗരപ്രദേശങ്ങളിലും ബാങ്കിംഗ് സേവനം ലഭ്യമാക്കുന്നതിൽനിന്ന് ഒഴിച്ചു നിർത്തപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്കും അവ ലഭ്യമാക്കുന്നതിനായി നഗരപ്രദേശങ്ങൾക്കുവേണ്ടി നടപടികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

2011 മാർച്ചുമാസത്തോടെ ഓരോ ഗ്രാമത്തിലും ബാങ്കിംഗ് സേവനം, ബിസിനസ്സ് കറസ്പോണ്ടന്റുമാർ/ബിസിനസ്സ് ഫെസിലിറ്റേറ്റർമാർ (ബി.സി/ബി.എഫ്) എന്നിവരിൽക്കൂടി ഉൾപ്പെടെ ലഭ്യമാക്കുന്നതിലേക്കായി, റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം ജില്ലാകൂടിയാലോചനാ സമിതി (ഡി.സി.സി)കളുടെ ഉപസമിതികൾ സംസ്ഥാനത്തെ താന്താങ്ങളുടെ ബന്ധപ്പെട്ട ലീഡ് ജില്ലകളിലേക്ക് കർമ്മ പദ്ധതി തയ്യാറാക്കുകയും 2000ൽ അധികം ജനസംഖ്യയുള്ളതും യാതൊരു ബാങ്കും ഇല്ലാത്തതുമായ ഗ്രാമങ്ങൾ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട് എന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. കേരളത്തിൽ ഗ്രാമം എന്ന സങ്കല്പം പ്രസക്തമല്ലെന്നുവരികിൽപ്പോലും മേൽപ്പറഞ്ഞ വ്യവസ്ഥയുടെ പരിധിക്കുള്ളിൽ വരുന്ന സ്ഥലങ്ങൾ/വാർഡുകൾ/അധിവാസ കേന്ദ്രങ്ങൾ എന്നിവ പരിഗണിക്കാവുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം

കൂടുതൽ ബാങ്കിംഗ് സൗകര്യങ്ങൾ നൽകേണ്ടത് ആവശ്യമായിട്ടുള്ള ഗ്രാമങ്ങൾ യഥാർത്ഥത്തിൽ ഇതിനോടകം തന്നെ നമ്മൾ തിരിച്ചറിഞ്ഞിട്ടുള്ളതും അടുത്ത വർഷത്തേക്കുള്ള തങ്ങളുടെ കർമ്മ പദ്ധതിയിൽ നടപ്പിലാക്കുന്നതിനായി അവയെ ഉൾപ്പെടുത്തുവാൻ അതതു ബാങ്കുകളെ അറിയിച്ചിട്ടുള്ളതുമാകുന്നു.

കൂടാതെ, സംസ്ഥാനത്ത് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ, നഗരപ്രദേശങ്ങളിലെ സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരതയ്ക്കായുള്ള കർമ്മ പദ്ധതി, തിരികെ വസൂലാക്കൽ സമ്പ്രദായം മെച്ചപ്പെടുത്തൽ, ബാങ്കുകളും എസ്.എച്ച്.ജി.കളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തൽ, മൈക്രോ ഫൈനാൻസിംഗ് വ്യവസ്ഥകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തൽ മുതലായ കാര്യങ്ങളെക്കുറിച്ചും ബാങ്കുകൾ ചിന്തിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഡി.സി.സികളുടെ ഉപസമിതികൾ ഓരോ പ്രത്യേക പ്രശ്നവും ആഴത്തിൽ പരിശോധിച്ച്, എസ്.എൽ.ബി.സിയുടെ പരിഗണനയ്ക്കും തുടർന്ന് റിസർവ് ബാങ്കിലേക്ക് അയച്ചുകൊടുക്കുന്നതിനുമായി പരിഹാരങ്ങൾ/ശുപാർശകൾ ഉന്നയിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

എല്ലാ സംസ്ഥാനതല ബാങ്കേഴ്സ് സമിതികളുടെയും കൺവീനർ ബാങ്കുകൾ തങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന സംസ്ഥാനത്തിലെയോ കേന്ദ്രഭരണ പ്രദേശത്തിലെയോ ഓരോ ജില്ലയിലും മാർഗ്ഗദർശക അടിസ്ഥാനത്തിൽ സാമ്പത്തിക സാക്ഷരതയും വായ്പാ കൗൺസലിംഗും കേന്ദ്രങ്ങൾ (എഫ്.എൽ.സി.സി.) സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിക്കണമെന്ന് 2007 മേയ് മാസത്തിൽത്തന്നെ റിസർവ് ബാങ്ക് നിർദ്ദേശിച്ചിരുന്ന കാര്യം ശ്രീ കമ്മത്ത് ഓർമ്മിപ്പിച്ചു. രാജ്യത്ത് പല ബാങ്കുകളും അതിനുശേഷം വായ്പാ കൗൺസലിംഗ് കേന്ദ്രങ്ങൾ തുറക്കുവാൻ മുൻകൈയെടുത്തിട്ടുണ്ട്.

ഉന്നതലക്ഷ്യങ്ങളോടെയുള്ള റിസർവ് ബാങ്കിന്റെ പദ്ധതികളെ പരാമർശിച്ചുകൊണ്ട് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ സാമ്പത്തിക ഉൾപ്പെടുത്തൽ എന്ന ആശയം പ്രചരിപ്പിക്കുന്നതിലേക്കായി നോ ഫ്രിൽസ് അക്കൗണ്ടുകാർക്ക് അടിസ്ഥാന ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും പിന്നീട് ബിസിനസ്സ് കറസ്പോണ്ടന്റ്സ്/ബിസിനസ്സ് ഫെസിലിറ്റേറ്റർമാർ എന്നീ മാതൃകകളിലൂടെ അത് വികസിപ്പിക്കുക, ബാങ്കിംഗ് സേവന ലഭ്യത വിപുലീകരിക്കുന്നതിന് മൊബൈൽ ഫോണുകൾ ഉപയോഗപ്പെടുത്തുക എന്നിവ ഉൾപ്പെടെയുള്ള പല നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം നിരീക്ഷിച്ചു. താരതമ്യേന സമീപകാലത്തായി റിസർവ് ബാങ്ക് ബിസിനസ്സ് കറസ്പോണ്ടന്റുമാരായി നിയമിക്കുന്നവരുടെ തരങ്ങൾ വിപുലീകരിക്കുകയും ബിസിനസ്സ് കറസ്പോണ്ടന്റുമാർ നൽകുന്ന സേവനത്തിന് കമ്മീഷൻ ചുമത്തുവാൻ ബാങ്കുകളെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബിസിനസ്സ് കറസ്പോണ്ടന്റ് മാതൃകയെ സംബന്ധിച്ച് ഭീഷണമായ വെല്ലുവിളികൾ നേരിടേണ്ടിവന്നേക്കാം എന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. ഉയർന്ന പരിപാലനച്ചെലവ്, ഇടപാടുകളുടെ വലിപ്പക്കുറവ്, വർദ്ധിച്ചുവരുന്ന അവബോധം, അർദ്ധസാക്ഷരരായ ആളുകളോട് പ്രാദേശിക ഭാഷയിൽ ഇടപെടുന്നതിനുള്ള ആശയവിനിമയ വൈദഗ്ദ്ധ്യവും സങ്കേതങ്ങളും മെച്ചപ്പെടുത്തൽ, ഗ്രാമഭരണ സംവിധാനത്തിന്റെ സഹകരണം നേടൽ, വൈദ്യുതിയും ചിലപ്പോൾ ടെലികമ്മ്യൂണിക്കേഷൻ സൗകര്യവും ഇല്ലാത്തതിനാൽ ഉളവാകുന്ന പരിമിതികൾ തരണം ചെയ്യൽ എന്നിങ്ങനെയുള്ളവയാണ് ആ വെല്ലുവിളികൾ.

ഏറ്റവും കുറഞ്ഞ ബാങ്കിംഗ് സൗകര്യങ്ങളെങ്കിലും ലഭ്യമാക്കുന്നതിനായി നാം രാജ്യത്തെമ്പാടുമുള്ള എല്ലാ ജനങ്ങളെയും സമീപിക്കുന്നതിലേക്കുവേണ്ടി പാർശ്വികമായി ചിന്തിക്കുകയും സാങ്കേതികവിദ്യയെ മെരുക്കിയെടുക്കുകയും തന്ത്രങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം

അഭിപ്രായപ്പെട്ടു. ഒറ്റയടിക്ക് വളർച്ചയെയും സമതയെയും പോഷിപ്പിക്കുന്നതാണെന്ന നിലയ്ക്ക് സാമ്പത്തിക ഉൾപ്പെടുത്തൽ പ്രത്യേകിച്ചും വിലപ്പെട്ട ഒരു സംഗതിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വളർച്ചയ്ക്കുള്ള ഒരു ഉപാധിയെന്ന നിലയിൽ സാമ്പത്തിക ഉൾപ്പെടുത്തൽ യത്നം നടപ്പിലാക്കുന്നതിൽ ബാങ്കുകൾക്കും ബാങ്കിംഗ് റഗുലേറ്റർക്കും കേന്ദ്ര സർക്കാരിനും നേരിടേണ്ടിവന്നേക്കാവുന്ന വൻ വെല്ലുവിളികൾ അദ്ദേഹം വിഭാവനം ചെയ്തു.

കൈയിൽ വഹിക്കുന്ന സംവിധാനങ്ങൾ മുഖേന നോ ഫ്രിൽസ് അക്കൗണ്ടുകൾ തുറക്കുവാനും പ്രവർത്തിപ്പിക്കുവാനും വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള വിവിധ പരിഹാരങ്ങൾ ഇപ്പോൾത്തന്നെ ഉപയോഗിച്ചുവരുന്നുണ്ടെന്നു നിരീക്ഷിച്ചുകൊണ്ട്, ഈ ആവശ്യകതകൾ അംഗ ബാങ്കുകൾ കൂടുതൽ തീവ്രമാക്കിയേക്കാമെന്ന് അദ്ദേഹം പറഞ്ഞു. തൽപ്പരകക്ഷികൾക്ക് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പരിഹാരങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പിന്തുണ സംസ്ഥാന സർക്കാരുകൾ, റിസർവ് ബാങ്ക്, ഫൈനാൻഷ്യൽ ഇൻക്ലൂഷൻ ടെക്നോളജി ഫണ്ട് എന്നിവയിൽനിന്നുള്ളതുൾപ്പെടെ വർദ്ധിപ്പിച്ചുകൊണ്ടാണ് ഇങ്ങനെ ചെയ്യുവാൻ പോകുന്നത്.

ഭാരതസർക്കാരിൽനിന്നും റിസർവ് ബാങ്കിൽനിന്നും ഉള്ള മാർഗനിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് 2000ൽ അധികം ജനസംഖ്യയുള്ള ഗ്രാമങ്ങളിൽ 2011 മാർച്ചിനുമുമ്പ് ശാഖകളും/ഐ.സി.റ്റി. അധിഷ്ഠിത ഡലിവറിചാനലുകളും തുറന്നുകൊണ്ട്, അതതു ബാങ്കുകൾ സമർപ്പിച്ച പദ്ധതികൾക്ക് അനുസൃതമായി സാമ്പത്തിക ഉൾപ്പെടുത്തൽ പരിപാടി നടപ്പിലാക്കുന്നതിന്റെ എല്ലാ വശങ്ങളുടെയും സൂക്ഷ്മാവലോകനം എസ്.എൽ.ബി.സി. നടത്തണമെന്ന് അദ്ദേഹം ഉപദേശിച്ചു.

എല്ലാ പൊതുമേഖലാ ബാങ്കുകളും കുറഞ്ഞപക്ഷം തങ്ങൾ ലീഡ് ബാങ്കുകളായിട്ടുള്ള ജില്ലകളിലെങ്കിലും കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിലേക്ക് ഭാരതസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളെ പരാമർശിച്ചുകൊണ്ട്, കേരളത്തിലെ 14 ജില്ലകളിലും താല്കാലികമോ സ്ഥിരമോ ആയ പരിസരങ്ങളിൽ കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇതിനോടകം തന്നെ ആരംഭിച്ചുകഴിഞ്ഞു എന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. കാർഷിക ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി സ്ഥലം അനുവദിക്കുവാൻ സംസ്ഥാന സർക്കാരിന്റെ തദ്ദേശ ഭരണവകുപ്പ് മിക്കവാറും ജില്ലകൾക്ക് ഇതിനോടകം തന്നെ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ടെന്നും ശേഷിക്കുന്ന ജില്ലകൾക്കും നിർദ്ദേശം നൽകുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കാർഷിക ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കപ്പെടുമെന്നും സംസ്ഥാന സർക്കാർ കഴിയുന്നത്ര വേഗം സ്ഥലം നൽകുമെന്നും ബന്ധപ്പെട്ട ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതുമാണ്.

ബാങ്കിംഗിന്റെ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നേരിടുന്ന വെല്ലുവിളികൾ പരിഗണിക്കണമെന്ന് ശ്രീ കമ്മത്ത് നിർദ്ദേശിച്ചു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ചയുടെ ഗതിവേഗം നിരവധി ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇവയിൽ വ്യാവസായിക മേഖലയുടെ മേലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യൽ, വിദേശവ്യാപാരവും ധനവും സംബന്ധിച്ച ഉദാരവൽക്കരണം, പ്രത്യക്ഷവും പരോക്ഷവുമായ നികുതികളുടെ പരിഷ്കരണം, ബിസിനസ്സ് ചെയ്യുന്നതിന്മേലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യൽ എന്നിങ്ങനെയുള്ള ചിലത് പ്രകടമായുള്ളവയാണ്. എന്നാൽ വർദ്ധിച്ച ഉല്പാദനക്ഷമത, വർദ്ധിച്ച കാര്യക്ഷമത, വളർന്നുവരുന്ന സംരംഭകത്വം എന്നിങ്ങനെ വളർച്ചയ്ക്ക് സംഭാവന ചെയ്യുന്ന ചില ഘടകങ്ങൾ അത്രകണ്ട് പ്രകടമല്ല. ഒട്ടാകെയുള്ള മിച്ചംവയ്ക്കലിന്റെ തോത് ഉയർത്തുന്നതും നിക്ഷേപങ്ങളിലേക്ക് വഴിതിരിച്ചു വിടുന്നതും വഴി സാമ്പത്തിക മദ്ധ്യവർത്തിത്വം വിപുലമാക്കുകയും അതിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുകയും വഴി സാമ്പത്തിക മേഖല നൽകുന്ന സംഭാവന നാം പലപ്പോഴും വിസ്മരിക്കുകയാണെന്ന് അദ്ദേഹം

ചൂണ്ടിക്കാണിച്ചു. ഇതിന് ഒരു തെളിവുമാത്രം മതിയാകും. - ജി.ഡി.പിയുടെ ഒരു അനുപാതം എന്ന നിലയിൽ ബാങ്ക് ക്രെഡിറ്റ് 2000 മാർച്ചിലെ 29% ത്തിൽനിന്നും 2009 മാർച്ചിൽ 56% ആയി വർദ്ധിച്ചു. അതിനേക്കാൾ ശ്രദ്ധേയമായിട്ടുള്ളത്, ആസ്തിയുടെ ഗുണമേന്മയിൽ ഇപ്പോഴത്തെ അന്താരാഷ്ട്ര നിലവാരത്തിനോട് വളരെ അടുത്തു നില്ക്കുന്ന വിധത്തിലുള്ള ശ്രദ്ധേയമായ വർദ്ധനവോടുകൂടിയ ദ്രുതഗതിയിലുള്ള വായ്പാ വികസനമാണ്.

2009-10ന്റെ രണ്ടാം ത്രൈമാസത്തിലെ 7.9% ജി.ഡി.പി. വളർച്ച, ആദ്യ ത്രൈമാസത്തിൽ ദൃശ്യമായ വീണ്ടെടുപ്പിന്റെ തുടർച്ചയാണ് കാണിക്കുന്നത് എന്ന് അദ്ദേഹം പ്രസ്താവിച്ചു. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രതീക്ഷിക്കപ്പെട്ടിരുന്ന 0.9% ത്തേക്കാൾ മെച്ചപ്പെട്ട നില രേഖപ്പെടുത്തി. എന്നാൽ ഇത് ഖാരിഫ് ഉല്പാദനത്തിനുമേൽ അപര്യാപ്തമായ തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെ മൊത്തത്തിലുള്ള പ്രതികൂല പ്രഭാവത്തിന്റെ ഒരു ഭാഗം മാത്രമാണ് പ്രതിഫലിപ്പിക്കുന്നത്. ആദ്യത്തെ മുൻകൂട്ടിയുള്ള തിട്ടപ്പെടുത്തലിൻപ്രകാരം, ഖാരിഫ് ധാന്യങ്ങളുടെയും എണ്ണക്കുരുക്കളുടെയും ഉല്പാദനം മുൻവർഷത്തേക്കാൾ ഉദ്ദേശം 16 ശതമാനം കുറയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

രണ്ടാം ത്രൈമാസത്തിൽ ജി.ഡി.പി.യുടെ വീണ്ടെടുപ്പ് ഉണ്ടായതിന്റെ പിന്നിലുള്ള നിർണ്ണായക ശക്തി ശക്തമായ വ്യാവസായിക വീണ്ടെടുപ്പാണെന്ന് ശ്രീ കമ്മത്ത് അഭിപ്രായപ്പെട്ടു. 2009-10ന്റെ രണ്ടാം ത്രൈമാസത്തിൽ സേവനമേഖലയിലെ പ്രവർത്തനങ്ങൾ 9.0% വളർച്ച രേഖപ്പെടുത്തി. സേവനമേഖലയിലെ പ്രവർത്തനങ്ങളുടെ ലീഡ് ഇൻഡിക്കേറ്ററുകൾ സൂചിപ്പിക്കുന്നത് ഗാർഹിക ഡിമാന്റിന്മേൽ ആശ്രയിച്ചു നിൽക്കുന്ന സേവനങ്ങൾ 2009 ഏപ്രിൽ-ഡിസംബർ കാലയളവിൽ ആരോഗ്യകരമായ വളർച്ച രേഖപ്പെടുത്തുകയുണ്ടായി എന്നാണ്. ബാഹ്യമായ ഡിമാന്റിന്മേൽ ആശ്രയിച്ചു നിൽക്കുന്ന സേവനങ്ങളും സമീപമാസങ്ങളിൽ കുറെ മെച്ചപ്പെട്ടിട്ടുണ്ട്.

പുരോഗമിച്ച സമ്പദ്‌വ്യവസ്ഥകളും അസന്നിഗ്ധമായ വളർച്ച രേഖപ്പെടുത്തുകവഴി, 2009ന്റെ മൂന്നാം ത്രൈമാസത്തിലും ആഗോളദൃശ്യം ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട് എന്ന് അദ്ദേഹം പ്രസ്താവിച്ചു. ഐ.എം.എഫ്. ന്റെ 2010 ജനുവരിയിലെ കണക്കുപ്രകാരം ആഗോളവളർച്ചയെ സംബന്ധിച്ച പ്രതീക്ഷ (നേരത്തെ എടുത്തുകാട്ടിയിരുന്ന 3.1% മുതൽ 3.9% വരെ എന്നതിൽനിന്നും) ഗണ്യമായി പരിഷ്കരിച്ചിരിക്കുന്നു. എന്നിരിക്കിലും പുരോഗമിച്ച സമ്പദ് വ്യവസ്ഥകളുടെ വീണ്ടെടുപ്പ് മന്ദഗതിയിലായിരിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ പുതുതായി വളർന്നുവരുന്ന വിപണി സമ്പദ്‌വ്യവസ്ഥകളിലെയും വികസനോന്മുഖ സമ്പദ് വ്യവസ്ഥകളിലെയും സാമ്പത്തിക പ്രവർത്തനങ്ങൾ, ഗാർഹിക ഡിമാന്റിന്റെ പ്രചോദനത്താൽ ഊർജ്ജസ്വലമായി വികസിക്കാൻ സാധ്യതയുണ്ട്. സാമ്പത്തികനയത്തിന്റെ 2010 ജനുവരിയിലെ മൂന്നാം ത്രൈമാസിക അവലോകനത്തിനുശേഷം സുപ്രധാനമായ ഒരു മാക്രോ ഇക്കണോമിക് വികസനം ഉണ്ടായിട്ടുള്ളതായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. വളർച്ചാരംഗത്ത് 2009-10 ലേക്കും 2009-10ന്റെ 3-ാം ത്രൈമാസത്തിലേക്കുമുള്ള മുൻകൂർ തിട്ടപ്പെടുത്തലുകൾ സൂചിപ്പിക്കുന്നത് വീണ്ടെടുപ്പ് ദൃഢീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാണ്. 2010 ജനുവരിവരെയുള്ള വ്യാവസായിക ഉല്പാദനത്തിന്റെ വിവരങ്ങൾ കാണിക്കുന്നത് ഉയരുന്ന പ്രവണത നിലനിർത്തപ്പെടുന്നുവെന്നാണ്. ഉല്പാദനരംഗത്ത് പ്രത്യേകിച്ചും, ശക്തമായ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്യാപ്പിറ്റൽ ഗുഡ്സ് മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ചയുടെ തീക്ഷ്ണമായ ഗതിവേഗ വർദ്ധനവ് നിക്ഷേപപ്രവർത്തനങ്ങളുടെ പുനരുജ്ജീവനത്തെ സൂചിപ്പിക്കുന്നു. കയറ്റുമതിരംഗത്ത്, 13 മാസക്കാലത്തെ തുടർച്ചയായ ഇടിവിനുശേഷം വീണ്ടെടുപ്പിന്റെ ഗതിവേഗം ആക്കം നേടിവരുന്നു. ബാങ്ക് ക്രെഡിറ്റിന്റെ സുസ്ഥിരമായ വർദ്ധനവും ബാങ്ക്-ഇതര വാണിജ്യമേഖലയിൽ നിന്നും സമാഹരിക്കപ്പെട്ട വിഭവശേഷിയും ഇതിന്റെ തെളിവാണ്. മെച്ചപ്പെട്ടുവരുന്ന ആഗോള പരിതസ്ഥിതികളുടെ പശ്ചാത്തലത്തിലാണ് ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സമീപകാലത്തെ

യഥാർത്ഥ ജി.ഡി.പിയും വ്യാവസായിക ഉല്പാദനവും വ്യക്തമായും സൂചിപ്പിക്കുന്നത് ഈ പുരോഗമന പ്രവണത മുഖ്യമായും ഗാർഹിക ഘടകങ്ങൾ മൂലമാണെന്നാണ്.

ബാങ്കിംഗ് വ്യവസായത്തിന്റെ കാര്യനിർവഹണം പരിശോധിച്ചുകൊണ്ട്, പ്രമുഖ ഇന്ത്യൻ ബാങ്കുകൾ വളർച്ചയുടെ ഉന്നതവും താഴ്ന്നതുമായ രണ്ട് രേഖകളിലും തങ്ങളുടെ നില ദൃഢപ്പെടുത്തിയിട്ടുണ്ടെന്നാണ് കാണുന്നത് എന്നദ്ദേഹം പറഞ്ഞു കഴിഞ്ഞ സാമ്പത്തികവർഷത്തിലെ മൊത്തത്തിലുള്ള വളർച്ചാനിരക്കിൽ നിന്നു വെളിവാകുന്നതുപോലെ, കേരളത്തിലെ ബാങ്കിംഗ് സംവിധാനവും സമാനമായ ഒരു സ്ഥിതിയാണ് പ്രതിഫലിപ്പിക്കുന്നത്. ആഗോളസമ്പദ് വ്യവസ്ഥയിൽ നിലനിൽക്കുന്ന അനിശ്ചിതത്വങ്ങളുടെ ഫലമായി നേരിടുന്ന സമ്മർദ്ദങ്ങളുണ്ടായിരുന്നിട്ടും ജി.ഡി.പിയിൽ മിതമായ വളർച്ച ഉണ്ടാകുമെന്നിരിക്കെ, ഇന്ത്യയിൽ സാമാന്യമായും കേരളത്തിൽ പ്രത്യേകിച്ചും സാമ്പത്തിക കുതിച്ചുകയറ്റം ഗണ്യമായ അളവിൽ ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്.

കേരളം വളരെ ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനമാകയാൽ അതിന് ഇന്ത്യയിലെ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഇടയിൽ ഉന്നതമായ ശ്രേണിയിലാണ് സ്ഥാനം കല്പിക്കപ്പെട്ടിരിക്കുന്നത്. പ്രത്യേകിച്ചും സ്ത്രീകളുടെ സംരംഭകത്വശ്രമങ്ങളും മൈക്രോ ഫൈനാൻസിംഗും മുഖേനയുള്ള സ്ത്രീ ശാക്തീകരണം വിജയത്തിന്റെ വളരെ ഉയർന്ന തോതു രേഖപ്പെടുത്തുന്നു. കേരളത്തിലെ വനിതാസ്വയംസഹായസംഘങ്ങൾ, കുടുംബശ്രീ പ്രത്യേകിച്ചും, സംസ്ഥാന സർക്കാർ എടുത്ത മുൻകൈകളുമായി ബാങ്കുകളും വികസന ഏജൻസികളും കൂടിച്ചേർന്ന് സമഞ്ജസമായി നടത്തിയ പ്രവർത്തനങ്ങളിലൂടെ കൈവരിച്ച നേട്ടത്തിന് ഉദാഹരണങ്ങളാണ്.

ആദ്യഘട്ടത്തിൽ സമ്പൂർണ്ണ സാമ്പത്തിക ഉൾപ്പെടുത്തൽ കൈവരിക്കുന്നതിൽ ഒന്നാം സ്ഥാനം നേടിയത് കേരള സംസ്ഥാനമാണ് എന്നദ്ദേഹം ഓർമ്മിപ്പിച്ചു. ഇപ്പോഴത്തെ രണ്ടാം ഘട്ടത്തിൽ നമ്മുടെ പരിശ്രമം 100% അക്കൗണ്ടുകളും സജീവ അക്കൗണ്ടുകളാണെന്ന് ഉറപ്പുവരുത്തുക, സമ്പാദ്യം, വായ്പ, ഇൻഷുറൻസ്, പണമടയ്ക്കൽ മുതലായ കാര്യങ്ങൾ മുഖേന സാമ്പത്തിക ഉൾപ്പെടുത്തലിന്റെ കാര്യത്തിൽ വീണ്ടും നം.1 സംസ്ഥാനമായിത്തീരുക എന്നതിനായിരിക്കണം. ഈ പദവി കേരളം തീർച്ചയായും നേടുമെന്ന് അദ്ദേഹം തികഞ്ഞ ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി എസ്.എൽ.ബി.സി.യും സംസ്ഥാനത്തെ ബാങ്കുകളും പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

എസ്.എൽ.ബി.സി. കേരളയുടെ കൺവീനർ എന്ന നിലയിൽ ശ്രീ കമ്മത്ത് എല്ലാപേർക്കും പ്രത്യേകിച്ച് സഹബാങ്കുൾ, സർക്കാരിൽനിന്നും വന്ന ഉദ്യോഗസ്ഥന്മാർ, കുടുംബശ്രീ, മറ്റു വികസന ഏജൻസികൾ, സർക്കാരേതര സംഘടനകൾ എന്നിങ്ങനെ സംസ്ഥാനത്തിന്റെ പുരോഗതിയിൽ പങ്കാളികളായിട്ടുള്ള എല്ലാ ആളുകൾക്കും തന്റെ അഭിനന്ദനം അർപ്പിച്ചു.

അതിനുശേഷം **ശ്രീ ഉപേന്ദ്രകമ്മത്ത്** 2009 ഡിസംബറിലെ നിലയ്ക്ക് സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയുടെ പ്രകടനം സംക്ഷിപ്തമായി അവതരിപ്പിച്ചു. അത് താഴെപ്പറയും പ്രകാരമാണ്.

- കഴിഞ്ഞ 2008–2009 സാമ്പത്തികവർഷത്തിൽ വാണിജ്യബാങ്കുകൾ സംസ്ഥാനത്ത് 143 പുതിയ ശാഖകൾ തുടങ്ങി. നടപ്പു സാമ്പത്തികവർഷത്തിന്റെ ആദ്യത്തെ ഒമ്പതു മാസക്കാലത്ത് കേരളത്തിലെ ബാങ്കുകൾ 139 പുതിയ ശാഖകൾ തുടങ്ങി. അങ്ങനെ 2009 ഡിസംബറിലെ നിലയ്ക്ക് സംസ്ഥാനത്തെ വാണിജ്യബാങ്കുശാഖകളുടെ എണ്ണം മൊത്തം 4223 ആയി.

- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ബാങ്കുകളിലെ മൊത്തം നിക്ഷേപം 21.07% കണ്ട് വർദ്ധിച്ചു. 2009 മാർച്ചിലെ നിലയ്ക്ക് കേരളത്തിലെ ബാങ്കുകൾ സമാഹരിച്ച മൊത്തം വിഭവശേഷി 1,30,350 കോടി രൂപയാണ്. നടപ്പുവർഷം മൊത്തം പുതുതായി സമാഹരിച്ചത്

24,862 കോടി രൂപയാണ്. നടപ്പു സാമ്പത്തികവർഷത്തിന്റെ ആദ്യ ഒമ്പതുമാസങ്ങളിലെ നിക്ഷേപ വളർച്ചയുടെ അവലോകനം സൂചിപ്പിക്കുന്നത് മൊത്തനിക്ഷേപങ്ങൾ 2009 ഡിസംബറിലെ നിലയ്ക്ക് 1,38,531 കോടി രൂപ എന്ന നിലയിൽ എത്തക്കവിധം 8,181 കോടി രൂപ കണ്ട് വർദ്ധിച്ചു എന്നാണ്. സംസ്ഥാനത്ത് മൊത്തം സമാഹരിക്കപ്പെട്ട നിക്ഷേപത്തിൽ ഗാർഹിക നിക്ഷേപങ്ങളുടെ പങ്ക് നിരന്തരം വർദ്ധിച്ചു വരികയും 2009 ഡിസംബറിലെ നിലയ്ക്ക് 72.99% എന്ന നിലയിലും, 1,01,119 കോടി രൂപ എന്ന നിലയിലും എത്തിച്ചേരുകയും ചെയ്തു. കഴിഞ്ഞ ഏതാനും വർഷങ്ങളായി അനുഭവപ്പെടുന്നതുപോലെ ഗാർഹിക നിക്ഷേപങ്ങളുടെ വർദ്ധനവിന്റെ ഗതിവേഗ വർദ്ധനവ് തുടർന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ വാണിജ്യബാങ്കുകളുടെ പ്രവാസി നിക്ഷേപം 2009-10ന്റെ ആദ്യ ഒമ്പത് മാസകാലയളവിൽ 393 കോടി രൂപയുടെ വർദ്ധനവു രേഖപ്പെടുത്തുകയും 37,412 കോടി രൂപ എന്ന നിലയിൽ എത്തുകയും ചെയ്തു. ഇത് സംസ്ഥാനത്തെ ബാങ്കുകളുടെ മൊത്തം വിഭവശേഷി സമാഹരണത്തിന്റെ 27.01% ആണ്.

- 2008-09 വർഷത്തിൽ കേരളത്തിലെ വാണിജ്യബാങ്കുകളുടെ മൊത്തം വായ്പ 9.07% കണ്ടു മാത്രമേ വർദ്ധിച്ചുള്ളൂ. 2009 മാർച്ച് അവസാനത്തോടെ കേരളത്തിലെ ബാങ്കുകൾ 82,818 കോടി രൂപ എന്ന നിലയിൽ എത്തി. നടപ്പുവർഷത്തിന്റെ ആദ്യ ഒമ്പതുമാസകാലയളവിൽ 9,969 കോടി രൂപ കൂടി കൂട്ടിച്ചേർക്കപ്പെട്ടതോടെ, 2009 ഡിസംബറിലെ നിലയ്ക്ക് ബാങ്കുകൾ 92,788 കോടി രൂപ എന്ന നിലയിൽ എത്തി.

- സംസ്ഥാന ജനസംഖ്യയിലെ ഏകദേശം 50% കൃഷിയെ ആശ്രയിക്കുന്നു. സംസ്ഥാനത്ത് പിരിഞ്ഞു കിട്ടാനുള്ള മൊത്തം കാർഷിക വായ്പ, 2009 ഡിസംബറിലെ നിലയ്ക്ക്, 19608 കോടി രൂപയായി വർദ്ധിച്ചു എന്നത് പ്രോത്സാഹജനകമാണ്. ഇത് മൊത്തം വായ്പയുടെ 21.13 ശതമാനമാണ്. സംസ്ഥാനത്തെ കാർഷിക മേഖലയിലെ വായ്പയെടുക്കൽ ഇനിയും വർദ്ധിപ്പിക്കുന്നതിനായി ബാങ്കുകൾ കൂടുതൽ സക്രിയമായി പ്രവർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

- ബാങ്കിംഗ് മേഖലയിലെ വായ്പാ-നിക്ഷേപ അനുപാതം ഏതൊരു സംസ്ഥാനത്തെയും സാമ്പത്തിക പ്രവർത്തനത്തിന്റെ ശക്തമായ സൂചകങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. സമീപ വർഷങ്ങളിൽ കേരളത്തിലെ ബാങ്കിംഗ് മേഖലയിലെ വായ്പാ-നിക്ഷേപ അനുപാതത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടായിട്ടുണ്ട്. അത് 2003ലെ 45.47% ൽനിന്നും 2008 മാർച്ചിലെ നിലയ്ക്ക് 71.39% എന്ന എക്കാലത്തെയും ഏറ്റവും ഉയർന്ന തോതിൽ എത്തി. 2009 മാർച്ചിൽ അത് 63.54% ആയി ഇടിഞ്ഞു. നടപ്പുസാമ്പത്തികവർഷത്തിന്റെ ആദ്യ ത്രൈമാസത്തിൽ അത് വീണ്ടും 1% കൂടി താഴ്ന്ന് 2009 ജൂണിലെ നിലയ്ക്ക് 62.54%ൽ എത്തി നിൽക്കുന്നു. സംസ്ഥാനത്തിലേക്കുള്ള പണമടയ്ക്കലിന്റെവർദ്ധിച്ച പ്രവാഹവും എ.ഡി.ഡബ്ലിയു. ഡി.ആർ.എസ്.-2008 എന്ന പദ്ധതിപ്രകാരം 2,375 കോടി രൂപ എഴുതിത്തള്ളപ്പെട്ടതും ഇതിനുള്ള കാരണങ്ങളാവാം. എന്നിരുന്നാൽത്തന്നെയും, വായ്പാ-നിക്ഷേപ അനുപാതം 0.72 ശതമാനത്തിന്റെ വർദ്ധനവു രേഖപ്പെടുത്തിക്കൊണ്ട് ഉയരാൻ തുടങ്ങുകയും 2009 സെപ്റ്റംബറിലെ നിലയ്ക്ക് 64.26% എന്ന നിലയിലെത്തുകയും ചെയ്തു. ഇത് വീണ്ടും 2.72% വർദ്ധനവു രേഖപ്പെടുത്തുകയും 2009 ഡിസംബറിലെ നിലയ്ക്ക് 66.98% എന്ന നിലയിൽ എത്തുകയും ചെയ്തിട്ടുണ്ട്. എന്തൊക്കെയായാലും, സംസ്ഥാനത്തെ വായ്പാ-നിക്ഷേപ അനുപാതം ഭാരതീയ റിസർവ് ബാങ്ക് നിർണ്ണയിച്ചിട്ടുള്ള നിശ്ചായകമാനദണ്ഡമായ 60% നു വേണ്ടത്ര മുകളിലാണ്. കേരളത്തിലെ ബാങ്കുകളുടെ അർദ്ധനാഗരികവും ഗ്രാമീണവുമായ ശാഖകൾ നാഗരിക ശാഖകളെ അപേക്ഷിച്ച് കുറഞ്ഞ വായ്പാ-നിക്ഷേപ അനുപാതമാണ് കാണിക്കുന്നതെന്ന് നിരീക്ഷിപ്പെടുന്നു. ഇപ്പോൾ 55.51%

എന്ന നില കാണിക്കുന്ന അർദ്ധനാഗരിക ശാഖകളിലെ വായ്പാ-നിക്ഷേപ അനുപാതം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കേരളത്തിലെ ബാങ്കുകൾക്ക് തങ്ങളുടെ തന്ത്രങ്ങൾ പുനക്രമീകരിക്കാവുന്നതാണ്.

- വാർഷിക വായ്പാ പദ്ധതിയിൻ കീഴിലുള്ള പ്രകടനം മുൻഗണനാ വായ്പാ വിതരണത്തിന്റെ നേരിട്ടുള്ള അളവുകോലായി പരിഗണിക്കപ്പെടുന്നു. 2009 ഡിസംബറിലെ നിലയ്ക്ക് സംസ്ഥാനത്ത് വിതരണം ചെയ്യപ്പെട്ട മുൻഗണനാ വായ്പകളുടെ മൊത്തത്തുക 53,938 കോടി രൂപയാണ്. അതിൽ 36.35% ആണ് കാർഷിക വായ്പകളുടെ പങ്ക്. ക്രമേണ ഗതിവേഗം ആർജ്ജിച്ചുവരുന്ന എസ്.എം.ഇ. മേഖലയുടെ പങ്ക് കഴിഞ്ഞ സാമ്പത്തികവർഷത്തെ 7% വുമായി തട്ടിച്ചുനോക്കുമ്പോൾ 19.20% ശതമാനമാണ്.

- 2008 ഡിസംബർ മുതൽ 2009 ഡിസംബർ വരെ മുൻഗണനാ മേഖലയിൽ പിരിഞ്ഞുകിട്ടാനുള്ളതായ തുകയുടെ കണക്കിലുള്ള വാർഷിക വളർച്ച 7,932 കോടി രൂപയായിരുന്നു. ദുർബല വിഭാഗങ്ങൾക്കുള്ള വായ്പയിലെ വളർച്ച 5,049 കോടി രൂപയായിരുന്നു. 2009 ഡിസംബറിലെ നിലയ്ക്ക് കേരള സംസ്ഥാനത്തിൽ മുൻഗണനാ മേഖലാവായ്പകളുടെ പങ്ക് 58.15% ആണ്. ഇത് റിസർവ് ബാങ്ക് നിർണ്ണയിച്ചിട്ടുള്ള നിശ്ചായക തോതായ 40 ശതമാനത്തേക്കാൾ വേണ്ടത്ര മുകളിലാണ്.

- ദേശീയമായി മുൻഗണന നൽകുന്നതും സർക്കാർ ആഭിമുഖ്യത്തിലും അല്ലാതെയുമായിട്ടുള്ള പദ്ധതികൾക്കു കീഴിൽ സംസ്ഥാനത്ത് ബാങ്കിംഗ് മേഖല നല്ല പ്രകടനമാണ് കാഴ്ചവച്ചിട്ടുള്ളത്.

- 2009 ഡിസംബറിലെ നിലയ്ക്ക് ഡി.ആർ.ഐ. വായ്പകൾ കഴിഞ്ഞ വർഷത്തെ ആകെ മൊത്തം വായ്പകളെ അപേക്ഷിച്ച് 0.03% എന്ന താഴ്ന്ന വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മുൻവർഷത്തെ മൊത്തം വായ്പകളുടെ 1% എന്ന നിശ്ചായക തോതിനേക്കാൾ വളരെ താഴെയാണ്. ഈ മേഖലയിലെ വായ്പാ വിതരണം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ ഡി.ആർ.ഐ. വായ്പകൾ അനുവദിക്കുന്നതിനുള്ള ആത്മാർത്ഥമായ നടപടികൾ ഓരോ ബാങ്കും എടുക്കണമെനന് അദ്ദേഹം നിർദ്ദേശിച്ചു.

- പട്ടികജാതി പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കൾക്കായുള്ള വായ്പകളുടെ കാര്യത്തിൽ 2009 ഡിസംബറിലെ നിലയ്ക്ക് കേരളത്തിലെ ബാങ്കുകൾ 1,903 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വനിതാ ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തെ ബാങ്കുകൾ 6,737 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ഇത് മൊത്തം വായ്പകളുടെ 7.26% ആണ്. ന്യൂനപക്ഷ സമുദായങ്ങൾക്ക് 21,673 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ഇത് മുൻഗണനാ മേഖലാവായ്പകളുടെ 40.18% ആണ്.

  സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള വിവിധ പദ്ധതികൾക്കു കീഴിലുള്ള വായ്പകളുടെ കാര്യത്തിലെ പ്രകടനം സാമൂഹ്യ ഉത്തരവാദിത്വത്തോടുള്ള പ്രതിബദ്ധത കാണിക്കുന്നു. 2009–10 സാമ്പത്തികവർഷത്തിന്റെ ആദ്യ പകുതിയിൽ സർക്കാർ ആഭിമുഖ്യമുള്ള പദ്ധതികൾക്കു കീഴിലെ പ്രധാനപ്പെട്ട ചില പ്രകടനങ്ങളുടെ കാര്യം അദ്ദേഹം എടുത്തു പറഞ്ഞു.

- സ്വർണ്ണജയന്തിഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)യ്ക്കു കീഴിലെ പ്രകടനത്തിന്റെ കാര്യത്തിൽ കേരള സംസ്ഥാനത്തിന് നല്ല ഒരു പ്രവർത്തന റിക്കാർഡാണുള്ളത്. 2009 ഡിസംബറിലെ നിലയ്ക്ക് സംസ്ഥാനത്തെ ബാങ്കുകൾ ഈ പദ്ധതിക്കു കീഴിൽ 70.69 കോടി രൂപ ഉൾപ്പെട്ട 7,473 വായ്പകൾ അനുവദിച്ചിട്ടുണ്ട്.

- സ്വർണ്ണജയന്തി സഹഹാരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ)യുടെ കാര്യത്തിൽ സംസ്ഥാനത്തെ ബാങ്കുകൾ 26,301 ഗുണഭോക്താക്കൾക്കായി 81.39 കോടി രൂപ അനുവദിച്ചു.
- പ്രധാനമന്ത്രിയുടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ പരിപാടി (പി.എം.ഇ.ജി.പി.) സംസ്ഥാനത്ത് ഗതിവേഗം ആർജ്ജിച്ചുവരുന്നു. 1770 പ്രോജക്ടുകൾ എന്ന ലക്ഷ്യത്തിനെ അപേക്ഷിച്ച് 1447 പ്രോജക്ടുകൾ 2010 ഫെബ്രുവരിയിലെ നിലയ്ക്ക് ബാങ്കുകൾ അനുവദിച്ചിട്ടുണ്ട്. ഈ വർഷത്തേക്കുള്ള മൊത്തം മാർജിൻ മണി ലക്ഷ്യം 21.24 കോടി രൂപ ആയിരുന്നു. ഫെബ്രുവരി 2010 വരെയുള്ള നേട്ടം 29.73 കോടി രൂപയാണ്.
- പൊതുമേഖലാ ബാങ്കുകൾ അനുവദിക്കേണ്ട വായ്പയായി ലക്ഷ്യമിട്ട തോതിനേക്കാൾ കവിഞ്ഞ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും സ്വകാര്യ മേഖലാബാങ്കുകൾക്ക് അവരിൽനിന്നു പ്രതീക്ഷിച്ച നിലയിലുള്ള നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് സർക്കാർ ആഭിമുഖ്യത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ കൂടുതൽ സക്രിയമാകണമെന്ന് ബാങ്കുകളുടെ കൺട്രോളർമാരോട് അദ്ദേഹം അഭ്യർത്ഥിച്ചു.
- സർക്കാർ ആഭിമുഖ്യത്തിലുള്ള പദ്ധതികളുടെ, പ്രത്യേകിച്ചും പി.എം.ആർ.വൈ., എസ്.ജി.എസ്.വൈ, എസ്.ജെ.എസ്.ആർ.വൈ. എന്നീ പദ്ധതികളുടെ കീഴിലുള്ള പണം തിരികെ വസൂലാക്കലിന്റെ തോത് വളരെ താഴ്ന്നതാണെന്നതിൽ അദ്ദേഹം ഉത്കണ്ഠ പ്രകടിപ്പിച്ചു. സർക്കാർ ആഭിമുഖ്യത്തിലുള്ള പദ്ധതികൾക്ക് കീഴിലെ ന്യായമായ കുടിശ്ശികകൾ തിരികെ വസൂലാക്കുന്നതിൽ ബാങ്കുകൾക്ക് പരമാവധി പിന്തുണ നൽകണമെന്ന് ഗ്രാമവികസനവകുപ്പ്, വ്യവസായ വകുപ്പ്, കുടുംബശ്രീ എന്നിവരോട് ബാങ്കുകളുടെ പേരിൽ അദ്ദേഹം അഭ്യർത്ഥിച്ചു.
- സംസ്ഥാനത്ത് മൈക്രോ ക്രെഡിറ്റ് അബ്സോർപ്ഷൻ നല്ല പുരോഗതി കാണിക്കുന്നുണ്ട്. എസ്.എൽ.ബി.സിയ്ക്കു ലഭ്യമായ വിവരങ്ങളനുസരിച്ച് 2009 ഡിസംബറിലെ നിലയ്ക്ക് 1.93 ലക്ഷം സ്വയംസഹായസംഘങ്ങൾ ഇതിനോടകം തന്നെ ബാങ്കുകളുമായി ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ 91% വും സ്ത്രീകൾക്കു മാത്രം വേണ്ടിയുള്ളവയാണ്.

തന്റെ പ്രസംഗം ഉപസംഹരിച്ചുകൊണ്ട് സംസ്ഥാന സർക്കാരും വിവിധ വികസന ഏജൻസികളും നിരവധി വർഷങ്ങളായി ബാങ്കിംഗ് മേഖലയ്ക്ക് നൽകുന്ന മികച്ച പിന്തുണയ്ക്കും സഹകരണത്തിനും ശ്രീ ഉപേന്ദ്ര കമ്മത്ത് അവരോട് നന്ദി പറഞ്ഞു. ഭാവിയിലും ബാങ്കുകളും വിവിധ സർക്കാർ വകുപ്പുകളും തമ്മിൽ പരസ്പര സഹകരണവും സംയുക്ത പ്രവർത്തനവും ഇതേ തോതിൽ തുടരുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. സംസ്ഥാനത്തെ സാമൂഹ്യ-സാമ്പത്തിക പ്രവർത്തനങ്ങളുടെ മണ്ഡലങ്ങളിൽ ബാങ്കുകളുടെ പ്രകടനം ഏറെക്കുറെ തൃപ്തികരവും പ്രോത്സാഹജനകവുമാണെന്ന് അദ്ദേഹം പറഞ്ഞു. ദ്രുതഗതിയിലുള്ള സാമ്പത്തിക വികസനകാലഘട്ടത്തിലേക്ക് പ്രവേശിക്കുവാൻ സന്നദ്ധമായി നിൽക്കുന്ന സംസ്ഥാനത്ത് ഏവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വളർച്ചയും വർദ്ധിച്ച വികസനവും നേടിയെടുക്കുന്നതിന് കേരള സർക്കാർ നടത്തുന്ന പരിശ്രമത്തിൽ ബാങ്കിംഗ് മേഖല എപ്പോഴും അവരോട് ചേർന്നു നിൽക്കുന്നതാണെന്ന് കേരള സർക്കാരിന്റെ ഉദ്യോഗസ്ഥന്മാർക്ക് എല്ലാ ബാങ്കുകളുടെയും പേരിൽ അദ്ദേഹം ഉറപ്പു നൽകി. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിവിധ വിഷയങ്ങളിൽ ഫലപ്രദമായ ചർച്ചകളും അർത്ഥവത്തായ ആലോചനകളും ഉണ്ടാകട്ടെ എന്ന് അദ്ദേഹം ആശംസിക്കുകയും കേരള സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക ഘടന ശക്തിപ്പെടുത്തുന്നതിലേക്കായി ഈ യോഗത്തിൽ നിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടുതൽ മൂല്യവത്തായി ഉപയോഗിക്കപ്പെടുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയുംചെയ്തു.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി **ശ്രീ എസ്.എം. വിജയാനന്ദ് ഐ.എ.എസ്**. തന്റെ വകുപ്പുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് സംസാരിച്ചു.

- കുടുംബശ്രീ എൻ.എച്ച്.ജി.കൾക്കായുള്ള പലിശ സബ്സിഡി പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ എല്ലാ ബാങ്കുകളും സമ്മതിച്ചിട്ടുണ്ട്.
- ഇന്ദിരാ ആവാസ് യോജന സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും ഇന്ദിരാ ആവാസ് യോജനയിൻ കീഴിലുള്ള ഡി.ആർ.ഐ. സപ്ലിമെന്റിന്റെ മോശമായ ഓഫ്ടേക്ക് വളരെ ഉത്കണ്ഠാജനകമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വി.ഇ.ഒ. മാരുമായി സംയോജിച്ച് പ്രവർത്തിക്കുവാൻ ബി.എൽ.ബി.സി. തലത്തിലുള്ള ഉദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശം നൽകണമെന്ന് സമിതിയോട് അദ്ദേഹം ആഹ്വാനം ചെയ്തു.
- എൻ.ആർ.ഇ.ജി.എസ്ന്റെ കീഴിലെ പുരോഗതിയെ പരാമർശിച്ചുകൊണ്ട് ഗണ്യമായ ഫണ്ടുകൾ ബാങ്കുകളുടെ കൈവശമിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. നടപ്പുവർഷത്തിൽ 400 കോടി രൂപ മാത്രമേ വിതരണം ചെയ്യുവാൻ സർക്കാരിന് കഴിഞ്ഞുള്ളൂ എങ്കിലും അടുത്ത വർഷം 900 കോടി രൂപയിലെത്തുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. അതിൽ വേതനഘടകം 700 കോടി രൂപയായിരിക്കും. അതിനാൽ ഇപ്രകാരം വർദ്ധിക്കുന്ന വിതരണത്തിൽനിന്നും 350 കോടി രൂപയുടെ നിക്ഷേപം ബാങ്കുകൾക്ക് പ്രതീക്ഷിക്കാം. സാമ്പത്തിക ഉൾപ്പെടുത്തൽ പരിപാടി നടപ്പിലാക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗമായിരിക്കും ഇത്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പരിഹാരങ്ങൾ ഉൾപ്പെടെയുള്ള വിവിധ മുൻകൈകൾ മുഖേന എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് പിന്തുണ നൽകുവാൻ അദ്ദേഹം ബാങ്കുകളോട് അഭ്യർത്ഥിച്ചു.
- എൻ.ആർ.എൽ.എം. പദ്ധതി അടുത്ത വർഷത്തോടെ പ്രവർത്തനക്ഷമമാകും. ഐ.ആർ.ഡി.പി., എസ്.ജി.എസ്.വൈ. എന്നീ പദ്ധതികളേക്കാൾ ഇത് വളരെ മെച്ചമായിരിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. എൻ.ആർ.എൽ.എം.ന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകി വരുന്നു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി ഒന്നുരണ്ട് മാസത്തിനുള്ളിൽത്തന്നെ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടിവരും.
- സാമ്പത്തിക സാക്ഷരതയെ പരാമർശിച്ചുകൊണ്ട്, സ്കൂൾ കുട്ടികൾക്ക് അനുപൂരക പാഠപുസ്തകങ്ങളായി നൽകത്തക്കവണ്ണമുള്ള പഠനസാമഗ്രികൾ വികസിപ്പിച്ചെടുക്കുവാൻ ബാങ്കുകൾക്ക് സർവശിക്ഷാ അഭിയാനുമായി (എസ്.എസ്.എ.) ഏകോപിച്ചു പ്രവർത്തിക്കാവുന്നതാണ്. ഇതിന്റെ നടപടികൾക്ക് രൂപം കൊടുക്കുന്നതിനായി എസ്.എൽ.ബി.സി.യുടെ ഒരു ചെറിയസംഘത്തിന് എസ്.എസ്.എയോട് കൂട്ടുചേർന്ന് പ്രവർത്തിക്കാവുന്നതാണ്. സാമ്പത്തിക സാക്ഷരതയുടെയും സാമ്പത്തിക ഉൾപ്പെടുത്തലിന്റെയും പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുവാൻ ഇതിനു സാധിക്കും എന്നദ്ദേഹം കൂട്ടിച്ചേർത്തു.
- റിസർവ് ബാങ്ക് ഔട്ട് റീച്ച് പരിപാടികൾ വിജയകരമായി നടത്തുകയും അതിന് മികച്ച മാധ്യമകവറേജ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ റിസർവ് ബാങ്കിനോട് അദ്ദേഹം അഭ്യർത്ഥിച്ചു.

  (i) ഒരേ ലക്ഷ്യത്തിലേക്ക് ഒത്തുചേരൽ – ഗ്രാമപഞ്ചായത്തുകളിൽ സർക്കാരിന്റെയും ബാങ്കുകളുടെയും എല്ലാ സേവനങ്ങളും ഒരുമിപ്പിക്കുക.

  (ii) യഥാർത്ഥമായ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ അർത്ഥം – അക്കൗണ്ട് തുറക്കുക, നിർജ്ജീവമായിക്കിടക്കുന്ന അക്കൗണ്ടുകൾ സജീവമാക്കുക, സാമ്പത്തിക സാക്ഷരതയെപ്പറ്റിയുള്ള അവബോധം ജനിപ്പിക്കുക.

- എസ്.ജി.എസ്.വൈയും എസ്.ജെ.എസ്.ആർ.വൈയും വായ്പകളെ സംബന്ധിച്ച്, തദ്ദേശ സ്വയം ഭരണ വകുപ്പിൽനിന്നും എല്ലാ സഹായവും അദ്ദേഹം ഉറപ്പു നൽകി. ഈ പ്രക്രിയ കൂടുതൽ വേഗത്തിലാക്കുന്നതിനുള്ള മൂർത്തമായ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ഇക്കാര്യം ചർച്ച ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

തന്റെ പ്രസംഗം ഉപസംഹരിക്കുന്നതിനു മുമ്പ്, വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയ്ക്ക് പൂർണ്ണമായ സഹകരണവും ഏകോപനവും അദ്ദേഹം ഒരിക്കൽക്കൂടി വാഗ്ദാനം ചെയ്തു.

റിസർവ് ബാങ്കിന്റെ റീജിയണൽ ഡയറക്ടർ **ശ്രീ. എസ്. രാമസ്വാമി**, യോഗാദ്ധ്യക്ഷൻ സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ സംഭവവികാസങ്ങൾ എല്ലാംതന്നെ പൊതുവായി അവലോകനം ചെയ്തിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടു.

വികസന സേവനങ്ങളുടെയും സാമ്പത്തിക ഉൾപ്പെടുത്തൽ പ്രക്രിയയുടെയും ഏകോപനത്തെ പരാമർശിച്ചുകൊണ്ട്, റിസർവ് ബാങ്ക് നടത്തിയ ഔട്ട് റീച്ച് പരിപാടികൾ അടിസ്ഥാനപരമായും ഈ രണ്ടു സംഗതികളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് എന്ന് അദ്ദേഹം അറിയിച്ചു. അതു വിജയിച്ചത് ബാങ്കുകളും എസ്.എൽ.ബി.സി.യും സർക്കാർ വകുപ്പുകളും പൊതുവേ ബഹുജനങ്ങളും പിന്തുണ നൽകിയതുകൊണ്ടുമാത്രമാണ്. സേവനങ്ങളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും കേന്ദ്രീകൃത ശ്രദ്ധയും ആത്മാർത്ഥമായി ഉൾപ്പെട്ടുള്ള പ്രവർത്തനവും കൊണ്ടുമാത്രമേ ബാങ്കിംഗിലായാലും സാമ്പത്തിക വികസനത്തിലായാലും നല്ല പുരോഗതി കൈവരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു. രണ്ട് വർഷം മുമ്പ് ആദ്യ ഘട്ടത്തിൽതന്നെ 100% സാമ്പത്തിക ഉൾപ്പെടുത്തൽ കൈവരിക്കുവാൻ കേരള സംസ്ഥാനത്തിനു സാധിച്ചിരുന്നു എന്ന വസ്തുത അദ്ദേഹം ഓർമ്മപ്പെടുത്തി. അതിന്റെ രണ്ടാം ഘട്ടത്തിൽ റിസർവ് ബാങ്ക് കൂടുതൽ ഊന്നൽ നൽകുന്നത് പ്രവർത്തന രഹിതമായി കിടക്കുന്ന അക്കൗണ്ടുകൾ സജീവമാക്കുന്നതിനാണ്. ബാങ്കുകളുടെ പക്കൽ ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ/സൗകര്യങ്ങൾ/സേവനങ്ങൾ പൂർണ്ണ അളവിൽ ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇത് വിവിധ പ്രദേശങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിന് യഥാർത്ഥ സംഭാവന ചെയ്യും. ഈ സന്ദർഭത്തിൽ, സാമ്പത്തിക സാക്ഷരത അങ്ങേയറ്റം പ്രസക്തമാണെന്നും അതുകൊണ്ട് സാമ്പത്തിക സാക്ഷരതയ്ക്കുള്ള പരിശ്രമങ്ങൾ സാമ്പത്തിക ഉൾപ്പെടുത്തൽ പരിപാടിയുടെ ഭാഗമാക്കിക്കൊണ്ട് നടത്തേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

എസ്.എൽ.ബി.സി. ഏകോപിതവും സുഗമവുമായ രീതിയിൽ സജീവമായി പ്രവർത്തിക്കുന്നതിന് അദ്ദേഹം നന്ദി പറഞ്ഞു. ബാങ്കിംഗ് സമൂഹത്തെ ഒരുമിപ്പിക്കുന്നതിനും വികസനത്തിന്റെ സൽഫലങ്ങൾ ജനങ്ങളിൽ എത്തിക്കത്തക്കവിധം ബാങ്കുകളും സർക്കാർ വകുപ്പുകളും തമ്മിൽ ഫലപ്രദമായ ഏകോപനം ഉറപ്പു വരുത്തുന്നതിനും ശ്രദ്ധാപൂർവവും സക്രിയവുമായ സംഭാവന ചെയ്തതിന്റെ പേരിൽ എസ്.എൽ.ബി.സി. കൺവീനറെ അദ്ദേഹം അഭിനന്ദിച്ചു.

എസ്.എൽ.ബി.സി.ക്കു പുറമെ താഴെപ്പറയുന്ന സമിതികളും പ്രത്യേക പ്രശ്നങ്ങളിലും വികസന കാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്.

(1) ആർ.ആർ.ബി.കളെ സംബന്ധിച്ച എംപവേർഡ് കമ്മിറ്റി

(2) എസ്.എം.ഇ.യെ സംബന്ധിച്ച എംപവേർഡ് കമ്മിറ്റി

(3) റിസർവ് ബാങ്ക് - നബാർഡ് ഏകോപന സമിതി

റിസർവ് ബാങ്ക് ഔട്ട് റീച്ച് പരിപാടികൾ അഖിലേന്ത്യാ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു എന്നും അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിൽ നിന്നും അതിന് വിശാലമായ കവറേജ് ലഭിക്കുക യുണ്ടായി എന്നും **ശ്രീ രാമസ്വാമി** അറിയിച്ചു. അത് വിജയിച്ചത് സർക്കാർ ഉദ്യോഗസ്ഥർ, ബാങ്കു കൾ, ജനപ്രതിനിധികൾ തുടങ്ങി എല്ലാവരുടേയും പിന്തുണയോടെയാണ്. കേരളത്തിൽ 11 ഗ്രാമങ്ങ ളിൽ ഔട്ട് റീച്ച് പരിപാടി നടത്തുകയുണ്ടായി. ബാങ്ക് ശാഖകൾ, ഉപഗ്രഹ ശാഖകൾ, മൊബൈൽ ബാങ്കിംഗ് സർവീസുകൾ, ഐ.സി.റ്റി. അധിഷ്ഠിത സാമ്പത്തിക സേവനങ്ങൾ ഉപയോഗിച്ചുകൊ ണ്ടുള്ള ബി.സി.-ബയോമെട്രിക് കാർഡ് മാതൃക എന്നിങ്ങനെയുള്ള വിവിധ സരണികൾ മുഖേന ബാങ്കിംഗ് സേവനങ്ങളുടെ ലഭ്യതയുടെ കാര്യത്തിൽ ഈ ഗ്രാമങ്ങളെ മാതൃകാ ഗ്രാമങ്ങളായി തിരി ച്ചറിയുക എന്നതാണ് ഈ പരിപാടിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ബാങ്കിംഗ് സൗകര്യങ്ങൾ ബഹുജനങ്ങളുടെ പടിവാതിൽക്കൽ എത്തിക്കുന്ന പരിശ്രമം പരമാവധി വർദ്ധിപ്പിക്കുന്നതിനായി ഐ.സി.റ്റി. അധിഷ്ഠിത പരിഹാരങ്ങൾ സ്വായത്തമാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് വളരെയധികം ശ്രദ്ധ നൽകപ്പെട്ടു. എല്ലാ പരിപാടികളിലും ബഹുമാനപ്പെട്ട എം.പി.മാരും എം.എൽ. എമാരും സ്പീക്കറും സർക്കാർ ഉദ്യോഗസ്ഥന്മാരും ബാങ്കുകളും തദ്ദേശീയരും, എസ്.എച്ച്.ജി. അംഗ ങ്ങളു പഞ്ചായത്ത് അധികാരികളും മറ്റ് അഭിപ്രായ രൂപീകരണക്കാരും പങ്കെടുക്കുകയും തങ്ങളുടെ സാന്നിധ്യം കൊണ്ട് അവയെ അനുഗ്രഹിക്കുകയും ചെയ്തു. റിസർവ് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഈ പരിപാടികളിൽ ഒന്നിൽ പങ്കെടുത്തു. പരിപാടിയുടെ പട്ടികയിൽ റിസർവ് ബാങ്കിന്റെ പങ്ക്, പൊതുജനങ്ങളുടെ പ്രയോജനത്തിലേക്കായി ബാങ്കുകൾ പ്രദാനം ചെയ്യുന്ന സൗകര്യങ്ങളും സേവനങ്ങളും തുടങ്ങിയവയെപ്പറ്റിയുള്ള അവതരണങ്ങളും പരസ്പര പ്രതികരണങ്ങളും ഉൾപ്പെട്ടി രുന്നു. റിസർവ് ബാങ്കും പങ്കെടുത്ത മറ്റ് ബാങ്കുകളും എസ്.എച്ച്.ജി. അംഗങ്ങളും സ്റ്റാളുകൾ ഏർപ്പെ ടുത്തിയിരുന്നു. അവയിലൂടെ ബാങ്കുകളും പൊതുജനങ്ങളും തമ്മിലുള്ള പരസ്പര പ്രതികരണ ങ്ങൾ വളരെയധികം ഉണ്ടായി. പരിപാടി വിജയിപ്പിക്കുന്നതിൽ ആർ.ആർ.ബി.കളും സക്രിയമായ പങ്ക് വഹിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ ബാങ്കിംഗ് സേവനങ്ങൾ പൂർണ്ണമായും നൽകു മെന്ന് ലീഡ് ബാങ്കുകളും ആർ.ആർ.ബികളും ഉറപ്പ് നൽകിയിട്ടുണ്ട്. പ്രതിശാഖാ ജനസംഖ്യയുടെ കണക്കു നോക്കുമ്പോൾ കേരളത്തിൽ നല്ല ബാങ്കിംഗ് സൗകര്യമുണ്ട്. ബാങ്കില്ലാത്ത ബ്ലോക്കുകളോ വലിയ ഭൂപ്രദേശങ്ങളോ ഇല്ല. എവിടെയെങ്കിലും അപര്യാപ്തത കാണുന്ന പക്ഷം സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരത, വായ്പാ കൗൺസലിംഗ് നടപടികൾ മുതലായവയിലൂടെ അത് നികത്തപ്പെടുന്നതാണ്. തുറക്കപ്പെടുന്ന അക്കൗണ്ടുകൾ ശരിയായ വിധത്തിൽ പ്രവർത്തിപ്പി ക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും തുല്യ പ്രാധാന്യമുള്ള കാര്യമാണ്.

സ്കൂൾ കുട്ടികൾക്കായുള്ള സാമ്പത്തിക സാക്ഷരതാപരിപാടിയുടെ ഭാഗമെന്ന നിലയ്ക്ക് റിസർവ് ബാങ്കിന്റെ ഉദ്യോഗസ്ഥന്മാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്കൂളുകൾ സന്ദർശിക്കു കയും വിദ്യാർത്ഥികളും അധ്യാപകരുമായി ഇടപഴകുകയും ചെയ്തു. ബാങ്കിംഗിനെപ്പറ്റി കുട്ടികൾ കാട്ടിയ ഉത്സാഹം വളരെ മികച്ചതായിരുന്നു. ഇത് സംസ്ഥാനത്തിന്റെ ഭാവിയ്ക്ക് ശരിയ്ക്കും നല്ലതാ യിരിക്കും.

തുടർന്ന് **ശ്രീ രാമസ്വാമി**, റിസർവ് ബാങ്ക് ഏറ്റെടുത്തു മുമ്പോട്ടു കൊണ്ടുപോകാനുദ്ദേശിക്കുന്ന ഏതാനും പ്രത്യേക വിഷയങ്ങൾ ചൂണ്ടിക്കാണിച്ചു.

(1) എല്ലാ ബാങ്കുകളോടും സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി സമർപ്പിക്കുവാൻ റിസർവ് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അധിഷ്ഠിതമായിട്ടുള്ള എല്ലാ ബാങ്കുകളും പദ്ധതി വേണ്ടത്ര മുൻകൂട്ടി റിസർവ് ബാങ്കിന് സമർപ്പിക്കണം.

(2) 2000ൽ അധികം ജനസംഖ്യയുള്ളതും ബാങ്കുകളില്ലാത്തതുമായ ഗ്രാമങ്ങൾക്ക് ബാങ്കിംഗ് സേവ നങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ഒരു കർമ്മ പരിപാടി തയ്യാറാക്കുവാൻ എല്ലാ എസ്.എൽ.

ബി.സി. കൺവീനർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. എസ്.എൽ.ബി.സി. കൺവീനവർ അതു തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നുമെന്നും ആയത് റിസർവ് ബാങ്കിന് അയച്ചു കൊടുക്കുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

(3) ബിസിനസ്സ് കറസ്പോണ്ടഡന്റു (ബി.സി) കളെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശകൾ റിസർവ് ബാങ്ക് സ്വീകരിച്ചിട്ടുണ്ട്. കർമ്മ പരിപാടികൾ നടപ്പിലാക്കുവാൻ ആർ.ആർ.ബി.കൾ ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാന ശുപാർശകളിൽ ഒന്ന് ബി.സി. മാതൃകയുടെ പ്രവർത്തന സാധ്യത ഉറപ്പുവരുത്തുക എന്നതാണ്. ബോർഡിന്റെ അംഗീകൃത നയത്തിനനുസരണമായും സുതാര്യമായും ഇടപാടുകാരിൽനിന്നും ന്യായമായ സർവീസ് ചാർജ്ജ് വസൂലാക്കുന്നതിന് ബാങ്കുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

തന്റെ പ്രസംഗം ഉപസംഹരിക്കുന്നതിനുമുമ്പ്, കസ്റ്റമർ സർവീസുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു.

(1) എസ്.ബി. അക്കൗണ്ടുകളുടെ പലിശ 01.04.2010 മുതൽ ഡെയ്‌ലി പ്രോഡക്റ്റ് അടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടത്. സർക്കുലേഷനിലുള്ള കറൻസി നോട്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള നടപടി റിസർവ് ബാങ്ക് ആരംഭിച്ചിട്ടുണ്ട്. 100 രൂപയുടേയും അതിൽ കൂടിയ തുകയുടേതുമായ നോട്ടുകൾ ആധികാരികതയ്ക്കായി യന്ത്രങ്ങളുപയോഗിച്ചുള്ള പ്രക്രിയ മുഖേന പരിശോധിക്കുന്നതിനുള്ള കാഷ് പ്രോസസിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ എല്ലാ വാണിജ്യ ബാങ്കുകളേയും ഉപദേശിച്ചിട്ടുണ്ട്.

(2) എംഎസ്.എം.ഇ. മേഖലയിൽ, സി.ജി.റ്റി.എം.എസ്.ഇ.യെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ശുപാർശകളിൽ ഒന്ന് എം.എസ്.എം.ഇ. മേഖലയ്ക്കുള്ള പാർശ്വജാമ്യം ആവശ്യമില്ലാത്ത വായ്പകളുടെ നിശ്ചായക പരിധി 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി ഉയർത്തുക എന്നുള്ളതാണ്. എം.എസ്.എം.ഇ.യ്ക്കുള്ള 10 ലക്ഷം രൂപവരെയുള്ള പാർശ്വജാമ്യം ആവശ്യമില്ലാത്ത വായ്പകളുടെ ഗാരണ്ടി ഫീസ് സി.ജി.റ്റി.എം.എസ്.ഇ. ട്രസ്റ്റ് വഹിക്കേണ്ടതാണ്.

(3) ലീഡ് ബാങ്ക് പദ്ധതി അവലോകനം ചെയ്യുന്നതിനുള്ള ഉന്നതതല സമിതിയെ സംബന്ധിച്ച റിപ്പോർട്ടിൽനിന്നും ഉരുത്തിരിയുന്ന കർമ്മപരിപാടികൾ നടപ്പാക്കുവാൻ എല്ലാ ലീഡ് ബാങ്കുകളോടും എസ്.എൽ.ബി.സിയോടും റിസർവ് ബാങ്ക് ഉപദേശിച്ചിട്ടുണ്ട്. എസ്.എൽ.ബി.സി. കൺവീനർ സംസ്ഥാനതലത്തിലും എൽ.ഡി.എം.കൾ ജില്ലാതലത്തിലും ഇതു ചെയ്യേണ്ടതാണ്.

(4) ആർ.ആർ.ബി. ബാങ്ക് ശാഖകളുടെ സുരക്ഷ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത. ഇത് റിസർവ് ബാങ്കിനും നബാർഡിനും ഉൽകണ്ഠ ഉളവാക്കുന്ന ഒരു മേഖലയാണ്. ആർ.ആർ.ബി. ബാങ്കുകളിൽ ബഹുജനങ്ങൾക്കുള്ള വിശ്വാസത്തെ ദൂഷ്യകരമായി ബാധിക്കാതിരിക്കുന്നതിലേക്കായി അവയുടെ സുരക്ഷാ സംവിധാന നടപടികൾ വർദ്ധിപ്പിക്കുവാൻ അവയ്ക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകുവാൻ സ്പോൺസർ ചെയ്യുന്ന ബാങ്കുകളോടും സംസ്ഥാന സർക്കാരിനോടും അദ്ദേഹം ആഹ്വാനം ചെയ്തു.

നബാർഡിന്റെ ചീഫ് ജനറൽ മാനേജർ **ശ്രീ. കെ.സി. ശശിധർ**, ഭാരത സർക്കാർ നബാർഡിനെ ഭാരമേല്പിച്ചിട്ടുള്ള വികസനപരവും പ്രോത്സാഹനപരവുമായ ചുമതലകളെപ്പറ്റി തന്റെ പ്രസംഗത്തിൽ പരാമർശിച്ചു.

2009-2010 സാമ്പത്തിക വർഷത്തിൽ വികസന ബാങ്കിംഗ് മണ്ഡലത്തിൽ വിവിധ നാഴികക്കല്ലുകൾ കൈവരിക്കാൻ കഴിഞ്ഞതിൽ വളരെ സംതൃപ്തിയുണ്ട്.

എ.ഡി.ഡബ്ളിയു. ഡി.ആർ.എസ്. പദ്ധതി വിജയകരമായി നടപ്പിലാക്കുവാൻ കഴിഞ്ഞു. സംസ്ഥാനത്തെ 11 ലക്ഷം കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് 2400 കോടി രൂപ വായ്പ നൽകാൻ കഴിഞ്ഞു. വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഭാരത സർക്കാർ കൈമാറ്റം ചെയ്ത പണം മുഴുവനും ഏറ്റവും താഴത്തെ തട്ടിലുള്ള ആവശ്യങ്ങൾ നേരിടുന്നതിന് ബാങ്കിംഗ് മേഖലയ്ക്ക് കൈമാറിക്കൊടുത്തു.

സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരത, വായ്പാ കൗൺസലിംഗ് കേന്ദ്രങ്ങൾ, കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകൾ തുറക്കൽ എന്നിവ ബാങ്കുകൾ ചെയ്ത പ്രവർത്തനത്തിന്റെ ഗുണാത്മക വശങ്ങളാണ്.

തുടർന്ന് ബാങ്കുകൾ തങ്ങളുടെ തന്ത്രത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട ചില മുൻഗണനാ മേഖലകൾ അദ്ദേഹം എടുത്തു പറഞ്ഞു.

**(1) കർഷകരുടെ ദുരിതങ്ങൾക്ക് ആശ്വാസം നൽകുകയും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യൽ**

കാർഷിക ദുരിതമനുഭവിക്കുന്ന ജില്ലകളായ വയനാട്, പാലക്കാട്, കാസർഗോഡ് എന്നിവയ്ക്കുവേണ്ടിയുള്ള പ്രധാനമന്ത്രിയുടെ പാക്കേജിൻകീഴിൽ, ചെറുകിട നാമമാത്ര കർഷകർക്കുവേണ്ടി 91000 ഹെക്ടറിൽ ഏറെ പ്രദേശത്ത് സമഗ്രമായ ഉപജീവനമാർഗ്ഗ വികസന പരിപാടികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. സംസ്ഥാന സർക്കാർ പ്രതിജ്ഞ ചെയ്തിട്ടുള്ളതിനു പുറമെ ഈ പദ്ധതികൾക്കായി നബാർഡും 50 കോടിയിലധികം രൂപ ചെലവഴിക്കാമെന്ന് സമ്മതിച്ചിട്ടുള്ളതായി അദ്ദേഹം വെളിപ്പെടുത്തി.

**(2) സംസ്ഥാനത്തെ ഗോത്രവർഗ്ഗ വികസനം**

വയനാട്, ഇടുക്കി ജില്ലകളിലെ ആദിമഗോത്രവർഗ്ഗങ്ങളുടെ പ്രയോജനത്തിനായുള്ള ഗോത്രവികസന പദ്ധതികളിൽ 3 മുതൽ 5വരെ കോടി രൂപ ഉൾപ്പെട്ട ഒരെണ്ണത്തിന് നബാർഡ് അനുമതി നൽകിയിട്ടുണ്ട്. ഗോത്രവർഗ്ഗ വികസനത്തിനായി സംസ്ഥാന സർക്കാർ കണ്ണൂർ ജില്ലയിലെ ആറളം ഫാം വികസിപ്പിക്കുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഗോത്രവർഗ്ഗ വികസനത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ വശങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള ഒരു കർമ്മപരിപാടി തയ്യാറാക്കാനുള്ള ജോലി നബാർഡിനെ ഏല്പിച്ചിരിക്കുന്നു. സംസ്ഥാനത്തെ ഗോത്രവർഗ്ഗങ്ങൾക്കായുള്ള വായ്പാ പ്രവാഹം വർദ്ധിപ്പിക്കുന്നതിനായി ഒരു അനുപൂരക പങ്കുവഹിക്കുവാൻ ബാങ്കുകളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

**(3) എസ്.എച്ച്.ജി.കളുടെയും ജെ.എൽ.ജി.കളുടെയും നിലവാരം ഉയർത്തൽ**

എസ്.എച്ച്.ജി.കളുടെ നിലവാരമുയർത്തുന്നതിനെ സംബന്ധിച്ച്, ബാങ്കിംഗ് മേഖല ഗുണാത്മകമായിട്ടാണ് പ്രതികരിച്ചിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. മൈക്രോ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനായി വിവിധ സർക്കാരേതര സംഘടനകൾക്ക് 100ൽ അധികം പരിശീലന പരിപാടികൾ നടത്തുന്നതു മുഖേനയാണ് ഇത് ചെയ്തിരിക്കുന്നത്. പരിശീലന പരിപാടികൾ നടപ്പാക്കുന്നതിൽ കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകളെ നബാർഡ് സജീവമായി പിന്തുണച്ചിട്ടുണ്ട്. നബാർഡ് സംസ്ഥാനത്ത് 100 ജെ.എൽ.ജികൾ വിവിധ ജില്ലകളിലായി തുടങ്ങുകയും ജെ.എൽ.ജി. സംവിധാനം രാജ്യത്തിനൊട്ടാകെ ഒരു മാതൃകയായിത്തീരാൻ സാധ്യതയുള്ളതാണെന്ന് കാണുകയും ചെയ്തിട്ടുണ്ട്. നിലവാരമുയർത്തുന്ന കാര്യത്തിൽ ബാങ്കുകളുടെ പങ്കാളിത്തത്തിനു പുറമെ സർക്കാരേതര സംഘടനകളും കാർഷിക മേഖലയിലും ഗ്രാമവികസന കാര്യങ്ങളിലും സജീവമായി ഏർപ്പെട്ടിരിക്കുന്നു.

**(4) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായിട്ടുള്ള സഹായം വർദ്ധിപ്പിക്കൽ**

ഗ്രാമ വികസനത്തിന്റെ പ്രധാന വശങ്ങളിലൊന്ന് ഗ്രാമീണ ജനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ്. സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി 30 വില്പനസ്ഥലങ്ങൾ (മാർട്ടുകൾ) സ്ഥാപിക്കുന്നതിനായി ആർ.ആർ.ബി.കൾക്കും സർക്കാരേതര സംഘടനകൾക്കും ഒരു മാതൃകാ പരീക്ഷണാടിസ്ഥാനത്തിൽ നബാർഡ് പിന്തുണ റീഫൈനാൻസ് നൽകിയിട്ടുണ്ട്. ഈ ഗ്രാമീണ വില്പന കേന്ദ്രങ്ങൾ എസ്.എച്ച്.ജി.കൾക്കും ജെ.എൽ.ജികൾക്കും മൈക്രോ സംരംഭങ്ങൾക്കും തങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വില്ക്കുന്നതിനുമുള്ള വേദിയായി തീർന്നേക്കാം. ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തങ്ങളുടെ ഉല്പന്നങ്ങൾ വില്ക്കുന്നതിന് ഈ സംഘങ്ങൾക്ക് നബാർഡ് പിന്തുണ നല്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബാങ്കിംഗ് മേഖലയിൽ ഉണ്ടായ മറ്റൊരു ഗുണാത്മക സംഭവവികാസം ഗ്രാമീണരെ പണം കടം കൊടുപ്പുകാരുടെ പിടിയിൽനിന്നും മോചിപ്പിക്കുവാൻ ബാങ്കിംഗ് മേഖലയ്ക്ക് കഴിഞ്ഞു എന്നുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് നബാർഡുമായി കൂടിയാലോചിച്ചുകൊണ്ട് ചില ബാങ്കുകൾ ഒരു മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. വായ്പാ കൗൺസലിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെപ്പറ്റി പറഞ്ഞുകൊണ്ട്, സഹകരണ മേഖലയിലെ ആദ്യത്തെ വായ്പാ കൗൺസലിംഗ് കേന്ദ്രം കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് സ്ഥാപിച്ചു എന്നും അതിന് വമ്പിച്ച പ്രതികരണമാണ് ജനങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. ഈ പ്രവർത്തനത്തിലേക്ക് സഹകരണ ബാങ്കുകളെയും ഉൾപ്പെടുത്തുവാനായി നബാർഡ് നടത്തിയ ഒരു ശ്രമമാണിതെന്ന് അദ്ദേഹം പറഞ്ഞു.

ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളെ പരാമർശിച്ചുകൊണ്ട് ആശുപത്രികൾ, ഐ.റ്റി. പാർക്കുകൾ, റോഡുകൾ, പാലങ്ങൾ, ജലസേചനപദ്ധതികൾ എന്നിവ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന അടിസ്ഥാന സൗകര്യപദ്ധതികൾ ഏറ്റെടുക്കുന്നതിനായി നബാർഡ് കേരള സർക്കാരിന് 380 കോടി രൂപ നൽകിയിട്ടുണ്ടെന്ന് ശ്രീ. ശശിധർ അറിയിച്ചു. മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 85% അളവു വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നബാർഡ് വളരെയേറെ പ്രാധാന്യം നൽകിയിട്ടുണ്ട്.

ഒന്നുരണ്ട് മാസങ്ങൾക്കു മുമ്പ് ബഹുമാനപ്പെട്ട സംസ്ഥാന ധനമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും റിസർവ് ബാങ്ക് ഉദ്യോഗസ്ഥന്മാരുടെയും ബാങ്കുകളുടെയും ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും സർക്കാരേതര സംഘടനകളുടെയും മറ്റും സാന്നിദ്ധ്യത്തിൽ സംസ്ഥാന ഫോക്കസ് പേപ്പർ സമാരംഭിച്ചതുമായി ബന്ധപ്പെട്ട ഗുണാത്മക വശങ്ങൾ ശ്രീ. ശശിധർ എടുത്തു പറഞ്ഞു. സംസ്ഥാനത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി ബാങ്കുകൾക്ക് സംസ്ഥാന ഫോക്കസ് പേപ്പർ ഉപയോഗപ്പെടുത്താവുന്നതാണ്. സംസ്ഥാനത്തെ മുൻഗണനാ മേഖലയ്ക്കുവേണ്ടി 50,121 കോടി രൂപ വരുന്ന ഒരു ക്രെഡിറ്റ് പൊട്ടെൻഷ്യൽ പ്ലാൻ നബാർഡ് അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത രേഖ വ്യാപകമായി ഉപയോഗപ്പെടുത്തുവാനും 2010-2011ലേക്കുള്ള വാർഷിക വായ്പാ പദ്ധതി കഴിയുന്നതും നേരത്തേ സമാരംഭിക്കുവാനും അദ്ദേഹം ആഹ്വാനം ചെയ്തു.

ഓരോ വിഭാഗവും വേർതിരിച്ചുള്ള ലക്ഷ്യങ്ങളുടെ നിറവേറ്റലിനെ പരാമർശിച്ചുകൊണ്ട് സംസ്ഥാനത്ത് ഏറ്റവും ഉയർന്ന സാധ്യതകൾ ഉള്ള ജലസേചന മേഖല, ക്ഷീരവികസനം, കോഴിവളർത്തൽ മേഖല, മത്സ്യബന്ധന മേഖല എന്നിവയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിൽ ബാങ്കുകൾ ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

കെ.സി.സികൾ നൽകുന്ന കാര്യത്തിൽ, സംസ്ഥാനത്ത് അർഹതയുള്ള എല്ലാ കർഷകർക്കും കെ.സി.സി.എസ്. നൽകേണ്ടതാണെന്നു പറഞ്ഞുകൊണ്ടുള്ള സംസ്ഥാന മന്ത്രിയുടെ ബജറ്റ് പ്രസംഗത്തെപ്പറ്റി ശ്രീ. ശശിധർ പരാമർശിച്ചു. ഉദ്ദേശം 66 ലക്ഷംവരുന്ന സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ ഭൂമികൈവശങ്ങളിൽ ഏകദേശം 13 ലക്ഷത്തിനുമാത്രമേ കെ.സി.സികൾ നൽകിയിട്ടുള്ളൂ. ബഹു. ധനമന്ത്രി ബജറ്റിൽ ചെയ്ത വാഗ്ദാനം സാധിതമാക്കുന്നതിനുള്ള ഒരു കർമ്മപരിപാടി തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാരും നബാർഡും എസ്.എൽ.ബി.സിയും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് അദ്ദേഹം അഭിപ്രായം പ്രകടിപ്പിച്ചു. ഇതിലേക്ക് ആവശ്യമായ കൂടുതൽ നടപടികൾ എടുക്കുവാൻ അദ്ദേഹം എസ്.എൽ.ബി.സിയോട് ആഹ്വാനം ചെയ്തു.

തന്റെ വാക്കുകൾ ഉപസംഹരിച്ചുകൊണ്ട്, സംസ്ഥാനത്ത് സക്രിയമായ സർക്കാരും സക്രിയമായ ബാങ്കിംഗ് സംവിധാനവും ഉണ്ട് എന്ന് പ്രസ്താവിച്ചു. സംസ്ഥാന സർക്കാർ വകുപ്പുകളുടെയും ബാങ്കിംഗ് സംവിധാനത്തിന്റെയും സഹകരണത്തോടുകൂടി ജൈവകൃഷി, ക്ഷീരവികസനം, മത്സ്യബന്ധനവികസനം മുതലായവയുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ പദ്ധതികളും ബാങ്കിംഗ് പ്രോജക്ടുകളും കൂടുതൽ സംയോജിപ്പിക്കുവാൻ കൂടുതൽ സാധ്യതയുണ്ട്. കൂടുതൽ ഉയരങ്ങൾ പ്രാപിക്കുന്നതിനായി കൂടുതൽ മെച്ചപ്പെട്ട ഏകോപനം സാധിക്കുന്നതിന് എസ്.എൽ. ബി.സി. കൂടുതൽ ഊന്നൽ നൽകണമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

സർക്കാരിന്റെ ആസൂത്രണവും ധനകാര്യവകുപ്പ് സെക്രട്ടറി **ശ്രീ. ടീക്കാറാം മീണ**, തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ, വിവിധ സാമ്പത്തിക വികസന പരിപാടികൾ നടപ്പിലാക്കുന്നതിനുവേണ്ടി ബാങ്കിംഗ് സമൂഹവും സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളും തമ്മിലുള്ള മികച്ച ഏകോപനത്തിന്റെയും പരസ്പര ബന്ധത്തിന്റെയും പേരിൽ തനിക്കുള്ള ആത്മാർത്ഥമായ അഭിനന്ദനം പ്രകടിപ്പിച്ചു. സംസ്ഥാന സർക്കാരും ബാങ്കുകളും തമ്മിലുള്ള മെച്ചപ്പെട്ട ഏകോപനത്തിന്റെ ഫലമായി പരാതികളുടെ തോതു കുറഞ്ഞിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞു.

വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, കഴിഞ്ഞ എസ്.എൽ.ബി.സി. യോഗത്തിന്റെ തീരുമാനപ്രകാരം, മുതിർന്ന സെക്രട്ടറിമാരും ബാങ്ക് ഉദ്യോഗസ്ഥരും ഉൾപ്പെട്ട എസ്.എൽ.ബി.സി.യുടെ ഒരു ഉപസമിതി രൂപീകരിച്ചിട്ടുള്ളതായിഅദ്ദേഹം അറിയിച്ചു. ആ സബ്കമ്മിറ്റി കേരള സർക്കാരിന്റെ ധനകാര്യവകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയായ ഡോ. പി. പ്രഭാകരൻ ഐ.എ.എസിന്റെ അദ്ധ്യക്ഷതയിൽ 27.03.2010ൽ യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ നിരവധി വിഷയങ്ങളെ സംബന്ധിച്ച് സൃഷ്ടിപരവും ഗുണാത്മകവുമായ ചർച്ചകൾ നടന്നു. ആ കമ്മിറ്റിക്ക് ഭാവിയിൽ യോഗം ചേർന്നു മിക്കവാറും പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും എന്നദ്ദേഹം പ്രത്യാശിച്ചു. പൊതുമേഖലാ സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള ഗാരണ്ടി പ്രശ്നത്തെ പരാമർശിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾ ഒന്നുകിൽ അവയുടെ പുനരവലോകനമോ പുനസ്സംഘടനയോ ചെയ്തുകൊണ്ടോ അല്ലെങ്കിൽ അവ അടച്ചുപൂട്ടിക്കൊണ്ടോ പരിഹരിക്കുന്നതിനുള്ള ഒരു കൂട്ടം നടപടികൾ വ്യവസായ വകുപ്പ് എടുത്തിട്ടുള്ളതായി അദ്ദേഹം അറിയിച്ചു. 2010-11 സാമ്പത്തിക വർഷത്തേക്ക് 10,000 കോടി രൂപയുടെ വളരെ ഉന്നത ലക്ഷ്യങ്ങളോടുകൂടിയ ഒരു സംസ്ഥാന ആസൂത്രണ പദ്ധതിയാണ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുള്ളത് എന്ന് അദ്ദേഹം പറഞ്ഞു. ആസൂത്രണ കമ്മീഷന്റെ അംഗീകാരം നേടുന്നതിനായി ബഹു. മുഖ്യമന്ത്രി താമസിയാതെ തന്നെ ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനുമായി കർമ്മപദ്ധതി ചർച്ച ചെയ്യുന്നതാണ്. അടുത്ത വർഷം നൂതനമായ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിനായി ബാങ്കുകൾ ബന്ധപ്പെട്ട വകുപ്പുകളോട് സഹകരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

സംസ്ഥാനത്തെ ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയ സാമ്പത്തിക അവലോകനത്തിലെ കണക്കുകൾ പ്രകാരം, നടപ്പു സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ നല്ല പ്രകടനമാണ് കാഴ്ചവച്ചിട്ടുള്ളത് എന്ന് അദ്ദേഹം അറിയിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് 6.98% ആണ്. ഇത് ദേശീയ സാമ്പത്തിക വളർച്ചാ നിരക്കിനെക്കാൾ 2% കൂടുതലാണ്. വരുന്ന സാമ്പത്തിക വർഷത്തിൽ വളർച്ചാ നിരക്ക് 7.5%മോ 8%മോ ആയി വർദ്ധിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. 11-ാം പദ്ധതിയ്ക്കു കീഴിലുള്ള സാമ്പത്തിക വളർച്ചയുടെ ലക്ഷ്യം അടുത്ത കാലത്ത് പുതുക്കുകയും 8.2% ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട് എന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ ബാങ്കിംഗ് മേഖല സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരത തുടങ്ങി നിരവധി നൂതന പദ്ധതികളും പരിപാടികളും ആരംഭിച്ചിട്ടുള്ളതായി അദ്ദേഹം പറഞ്ഞു. റിസർവ് ബാങ്ക് അടുത്തകാലത്ത് വിജയകരമായ ഔട്ട് റീച്ച് പരിപാടികൾ നടത്തുകയുണ്ടായി. വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിൽവച്ചു തന്നെ ഉപയോഗപ്പെടുന്ന സാമ്പത്തിക സാക്ഷരത എന്ന സമർത്ഥമായ ആശയം റിസർവ് ബാങ്ക് ഗവർണ്ണർ അവതരിപ്പിക്കുകയുണ്ടായി. അതുകൂടാതെ, സമൂഹത്തിലെ ദരിദ്രവിഭാഗങ്ങൾക്ക് ബാങ്ക് വായ്പകളെപ്പറ്റിയും മറ്റു വിശദാംശങ്ങളെപ്പറ്റിയും ബോധവൽക്കരണം നേടുന്നതിനും സാമ്പത്തിക സാക്ഷരതാ പരിപാടി ഉപയോഗപ്പെടും.

റവന്യൂ റിക്കവറിയുടെ കാര്യം പരാമർശിച്ചുകൊണ്ട്, ആ പ്രക്രിയ അടുത്തകാലംവരെയും കൈവേലകൊണ്ടാണ് നടത്തപ്പെട്ടിരുന്നതെന്നും ആ സമ്പ്രദായത്തിനുപകരം റവന്യു റിക്കവറി ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റാൻ ചില ജില്ലാ കളക്ടർമാർ അടുത്ത കാലത്ത് തീരുമാനിച്ചിട്ടുണ്ട് എന്നും അദ്ദേഹം വ്യക്തമാക്കി. മലപ്പുറം, പാലക്കാട്, എന്നീ ജില്ലകളിൽ ഓൺലൈൻ റവന്യു റിക്കവറി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട് എന്ന് അദ്ദേഹം അറിയിച്ചു. ആലപ്പുഴയിൽ ജില്ലാ കളക്ടറും ബാങ്കുകളും കൂടി നടത്തിയ യോഗത്തിൽ ഹാർഡ് വെയർ വാങ്ങുന്നതിനുള്ള വിഭവശേഷി സമാഹരണത്തെ സംബന്ധിച്ച പ്രശ്നം ഉന്നയിക്കപ്പെട്ടതായി അദ്ദേഹം പറഞ്ഞു. ഇതേ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുവാൻ എസ്.എൽ.ബി.സി.യോട് അദ്ദേഹം അഭ്യർത്ഥിച്ചു. ജില്ലാതലത്തിലെ ബാങ്ക് ഉദ്യോഗസ്ഥന്മാരും, ജില്ലാ കളക്ടറും, റവന്യുവകുപ്പും, വിവരസാങ്കേതികവിദ്യാ വകുപ്പും തമ്മിൽ ഏകോപിച്ചുള്ള പ്രവർത്തനംവഴി ആ ജില്ലയിൽ ഈ പദ്ധതി ആരംഭിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ദേശീയ ഇ-ഗവർണൻസ് മുൻകൈകളുടെ ഭാഗമായി ഓൺലൈൻ റവന്യുറിക്കവറി സംവിധാനം നടപ്പിലാക്കാവുന്നതാണ്.

സംസ്ഥാനത്തെ പാൽ ദൗർലഭ്യത്തിന്റെ ഫലമായി ക്ഷീരവികസനവും മൃഗസംരക്ഷണവും വകുപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ സമീപകാലത്ത് ആരംഭിച്ചിട്ടുണ്ട്. ക്ഷീരവികസനവും മൃഗസംരക്ഷണവും വകുപ്പു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾക്ക് ഉദാരമായ ധനസഹായം ചെയ്യുവാൻ ബാങ്കുകളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

നിയമസഭാ സമ്മേളനം നടക്കുകയാണെന്നതിനാലാണ് ബഹു. സംസ്ഥാന മുഖ്യമന്ത്രിക്കോ ചീഫ് സെക്രട്ടറിക്കോ എസ്.എൽ.ബി.സി. യോഗത്തിൽ പങ്കെടുക്കുവാൻ സാധിച്ചിട്ടില്ലാത്തത് എന്ന് അദ്ദേഹം അറിയിച്ചു. അടുത്ത യോഗത്തിൽ അവർ സംബന്ധിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

നടപ്പുവർഷത്തിൽ ആസൂത്രണ ബോർഡിനും സർക്കാർ വകുപ്പുകൾക്കും പിന്തുണ നൽകിയതിന് നബാർഡിന്റെ ചീഫ് ജനറൽ മാനേജർക്ക് അദ്ദേഹം നന്ദി പറഞ്ഞു. സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടുള്ള നബാർഡ് ചീഫ് ജനറൽ മാനേജരുടെ സമീപനം വളരെ ഗുണാത്മകമാണെന്നും നബാർഡ് സക്രിയ നടപടികൾ എടുത്തിട്ടുണ്ടെന്നും ഗോത്രവർഗ്ഗക്കാർക്കായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തന്റെ വാക്കുകൾ ഉപസംഹരിച്ചുകൊണ്ട് വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് നേരിട്ട് അയച്ചു കൊടുക്കുന്നുണ്ടെന്ന് ശ്രീ മീണ അറിയിച്ചു. ന്യായമായ കേസുകൾ അനുഭാവപൂർവ്വം പരിഗണിക്കുവാൻ ബാങ്കുകളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മാനേജിംഗ് ഡയറക്ടർ **ശ്രീ. എ.കെ. ജഗന്നാഥൻ**, കേരളത്തിലെ ബാങ്കുകൾ ഡിസംബറിൽ അവസാനിച്ച ത്രൈമാസം വരെ നടത്തിയ വികസനങ്ങൾ യോഗാദ്ധ്യക്ഷൻ കൃത്യമായി വിവരിക്കുകയും 2010-11 വർഷം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ പരാമർശിക്കുകയും ചെയ്തു എന്ന് അഭിപ്രായപ്പെട്ടു. തുടർന്ന് തന്റെ ചിന്തകൾ അദ്ദേഹം അവതരിപ്പിച്ചു.

കേരളത്തിലെ 14 ജില്ലകളിലും കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ചു കഴിഞ്ഞു. വേണ്ടത്ര വിദ്യാഭ്യാസമില്ലാത്ത ആളുകൾക്ക് പ്രത്യേകിച്ചും തങ്ങളുടെ വൈദഗ്ദ്ധ്യങ്ങൾ വികസിപ്പിക്കുന്നതിനു പരിശീലനം നൽകുന്നതിനാണ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നത്. വൈദഗ്ദ്ധ്യ വികസനത്തിന്റെ നട്ടെല്ലുകളായി കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകളെ വളർത്തിയെടുക്കുകയും അതുവഴി ഇന്ത്യയ്ക്ക് ലോകത്തിന്റെ വൈഗ്ദ്ധ്യതലസ്ഥാനമാകുവാൻ സാധിക്കുകയും ചെയ്യും. കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒരു ജില്ലയിലെ ആളുകൾക്ക് പരിശീലനം നല്കുന്ന തദ്ദേശീയ കേന്ദ്രങ്ങൾ എന്ന പദവിയിൽനിന്നും വളർന്ന്, സർക്കാരിന്റെ പിന്തുണയോടെ, വൈദഗ്ദ്ധ്യവികസനത്തിനായി വിദേശവകുപ്പുകളുമായി പ്രത്യേകമായി കൂട്ടുചേർന്നുള്ള പ്രവർത്തനം നടത്തുന്ന കേന്ദ്രങ്ങളായി മാറേണ്ടതാണ്. കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകൾ സാധാരണ പതിവു പരിപാടികൾ നടത്താൻ ഉപയോഗിക്കരുതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പ്രത്യേക മേഖലകളിലെ വിദഗ്ദ്ധ പരിശീലകരെ സംസ്ഥാനത്തിനു പുറത്തുനിന്നു കൊണ്ടുവരാൻ സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ഇക്കാര്യത്തിൽ കാർഷിക ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ബാങ്ക് പ്രതിനിധികളുടെയും ഫീൽഡ് ഓഫീസർമാരുടെയും എൽ.ഡി.എമ്മുകളുടെയും പിന്തുണയോടുകൂടി ഔട്ട് റീച്ച് പരിപാടികളുടെ കാര്യത്തിൽ വളരെ മികച്ച പ്രവർത്തനമാണ് റിസർവ് ബാങ്ക് നടത്തിയത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി എസ്.എച്ച്.ജികൾക്കുള്ള മൈക്രോ ഇൻഷ്വറൻസുമായി മുമ്പോട്ടു കൊണ്ടുപോകണം. വരും വർഷങ്ങളിൽ, ദരിദ്രരായ ആളുകളുടെ അപകട ഇൻഷ്വറൻസും ബാങ്കുകൾ എടുക്കേണ്ടി വരും. ചില ബാങ്കുകൾ ഇപ്പോൾത്തന്നെ ഇതിനുള്ള പദ്ധതി തുടങ്ങി കഴിഞ്ഞിട്ടുണ്ട്. ദരിദ്രരായ ആളുകളുടെ സാമ്പത്തികമായ പ്രയോജനത്തിനുവേണ്ടി മൈക്രോ ഫൈനാൻസ്, ലൈഫ് ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ് എന്നിവ മുമ്പോട്ടുകൊണ്ടുപോകാൻ ബാങ്കുകൾക്ക് കഴിയും.

സാമ്പത്തിക സാക്ഷരതയുടെ കാര്യത്തിൽ, ആലപ്പുഴ ജില്ലയിലെ കാർഷിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനവേളയിൽ ഇതിനെ സംബന്ധിച്ച ലഘുലേഖകൾ എസ്.ബി.റ്റി. വിതരണം ചെയ്യുകയുണ്ടായി എന്ന് അദ്ദേഹം അറിയിച്ചു. സാമ്പത്തിക സാക്ഷരതയെപ്പറ്റി റിസർവ് ബാങ്ക് തയ്യാറാക്കിയ സംഗതികൾ പരിശീലന കേന്ദ്രത്തിൽ വച്ച്, ദരിദ്രരായ ആളുകളെ പഠിപ്പിക്കുകയുണ്ടായി. എഫ്.എൽ.സി.സികളെ കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ബന്ധിപ്പിക്കാവുന്നതാണ് എന്ന ഒരു നിർദ്ദേശം അദ്ദേഹം മുമ്പോട്ടു വച്ചു. എല്ലാ ബാങ്കുകൾക്കും ഇത്തരം സംഗതികൾ തയ്യാറാക്കാവുന്നതാണെന്നും മറ്റുള്ളവരുമായി കൈമാറ്റം ചെയ്യാവുന്നതാണെന്നും അവയിൽ ഏറ്റവും മെച്ചപ്പെട്ടത് സംസ്ഥാനത്തിനായി ഉപയോഗപ്പെടുത്താവുന്നതുമാണ് എന്നും അദ്ദേഹം പറഞ്ഞു. ഏതെങ്കിലും കാർഷിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജയകഥ അദ്ധ്യക്ഷന്റെ അനുവാദത്തോടെ യോഗത്തിൽ അവതരിപ്പിക്കാവുന്നതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു.

എസ്.എസ്.ഐകൾക്കും കൃഷിക്കുമുള്ള മുൻഗണനനാടിസ്ഥാനത്തിലുള്ള കയറ്റുമതി വായ്പയുടെ ഉൾപ്പെടുത്തലിനെപ്പറ്റി എസ്.എൽ.ബി.സി. ആ പ്രശ്നം വിട്ടുകളയാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും, അന്തിമമായ സ്പഷ്ടീകരണം ഇനിയും ഉണ്ടായിട്ടില്ല എന്ന് അദ്ദേഹം പറഞ്ഞു.

ബംഗളൂരിലെ ഊർജ്ജ പാർക്കിന്റെ മാതൃക ഉദ്ധരിച്ചുകൊണ്ട്, എസ്.എൽ.ബി.സി, സർക്കാർ അധികാരികൾ, ബാങ്കുകൾ, നബാർഡ് എന്നിവയ്ക്ക് കേരളത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഊർജ്ജ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും ഗ്രീൻ ബാങ്കിംഗ്, നിലനിർത്താവുന്ന വികസനം, യുവതലമുറയ്ക്ക് നല്ല വിദ്യാഭ്യാസം എന്നിവയ്ക്ക് അതു ഗുണകരമായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീമതി. ശാരദാമുരളീധരൻ ഐ.എ.എസ്., കുടുംബശ്രീ ഒരു ചരിത്രനേട്ടത്തിന്റെ പടിവാതിലിൽ എത്തി നിൽക്കുകയാണ് എന്ന് തന്റെ പ്രസംഗത്തിൽ പറഞ്ഞു. വാർഷിക സാമ്പത്തിക ലക്ഷ്യമായ 30 കോടി രൂപയെ അപേക്ഷിച്ച് കുടുംബശ്രീ 95 കോടി രൂപയിൽ എത്തിയിരിക്കുന്നു. കുടുംബശ്രീയുടെ കീഴിലുള്ള ഉദ്ദേശം 1.15 ലക്ഷം സ്വയംസഹായ സംഘങ്ങൾ 913.35 കോടി രൂപയോളമുള്ള വായ്പയുമായി ബന്ധപ്പെട്ടിരിക്കുന്നു. മൊത്തം സ്വയംസഹായ സംഘങ്ങളിൽ 60 ശതമാനം ബാങ്കുകളുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

മൈക്രോ സംരംഭങ്ങളുടെ കണക്ക് 2009-10 വർഷത്തിൽ 415 കോടി രൂപ വരെ എത്തിയിരിക്കുന്നു. അത് സി.ഡി.എസിന്റെ കർമ്മ പദ്ധതിയിൽ പ്രതിഫലിക്കുന്നുണ്ട്. ഈ രംഗത്തുണ്ടായ ആവേശപൂർണ്ണമായ ആവശ്യം 1400 സാമാന്യ ഓറിയന്റേഷൻ പരിപാടികളായി പരിവർത്തനപ്പെടുകയും അവയിൽ 1.8 ലക്ഷം ആളുകൾ പങ്കെടുക്കുകയുമുണ്ടായി. ഇവയിൽ 20000ൽ താഴെ എണ്ണത്തിനെ മാത്രമേ സംരംഭതലത്തിലേക്ക് കുടുംബശ്രീ കൊണ്ടുവന്നിട്ടുള്ളൂ. പ്രവർത്തനവിജയ സാധ്യതയുള്ള സംരംഭങ്ങളെ മാത്രം തിരിച്ചറിയുന്നത് ഉറപ്പുവരുത്താൻ വേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടറാമായ **ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്.**, ബാങ്കിംഗ് സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പുസാമ്പത്തികവർഷത്തിൽ തങ്ങൾക്ക് ഏറ്റവുമധികം സംരംഭകത്വ ലിങ്കേജുകൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്ന് എടുത്തു പറഞ്ഞു. വായ്പാ തോത് വർദ്ധിപ്പിക്കുന്നതിൽ കഴിഞ്ഞ രണ്ടു മാസങ്ങളിൽ പ്രത്യേകിച്ചും ബാങ്കുകൾ വളരെ നല്ല സഹകരണമാണ് നൽകിയിട്ടുള്ളതെന്നും അവർ പറഞ്ഞു.

കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയുടെ കാര്യത്തിൽ അവർ കൃതജ്ഞത പ്രകടിപ്പിക്കുകയും ഇതിനോടകം തന്നെ എട്ടു ബാങ്കുകൾ ഈ പദ്ധതിയിൽ പങ്കുചേരാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നും പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞുവെന്നും പറയുകയും ചെയ്തു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് ലിമിറ്റഡ്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ധനലക്ഷ്മി ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, എസ്.എം.ജി.ബി., എൻ.എം.ജി.ബി. എന്നിവയാണ് അവ. കരാറുകൾ അംഗീകരിക്കപ്പെട്ടു കഴിഞ്ഞാൽ കുടുംബശ്രീക്ക് ഈ പരിപാടി മുമ്പോട്ടു കൊണ്ടുപോകാൻ കഴിയും.

ഭവനശ്രീ വായ്പകളിലെ എൻ.പി.എ.കളുടെ ഉയർന്ന ശതമാന നിരക്കിനെ സംബന്ധിച്ച അജണ്ട പരാമർശിച്ചുകൊണ്ട് ഭവനശ്രീ വായ്പകളുടെ ബാദ്ധ്യത ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും അതിലേക്കായി ബജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അവർ അറിയിച്ചു. ഇതേ സംബന്ധിച്ച പ്രഖ്യാപനം താമസിയാതെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഭാരതസർക്കാർ ആരംഭിച്ച നഗരങ്ങളിലെ പാവപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായുള്ള വായ്പ സബ്സിഡി പദ്ധതിയെ സംബന്ധിച്ച്, ഭാരതസർക്കാരിന്റെ ആഗ്രഹപ്രകാരം, സി.ഡി.എസ് സംവി

ധാനത്തിന്റെയും ബാങ്കുകളുമായി സ്ഥാപിച്ചിട്ടുള്ള ലിങ്കേജ് സംവിധാനത്തിന്റെയും സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കേരള സംസ്ഥാനം മുൻപന്തിയിലുണ്ടാകുമെന്ന് അവർ അറിയിച്ചു. സിൻഡിക്കേറ്റ് ബാങ്കിൽ തങ്ങൾ അക്കൗണ്ടു തുടങ്ങിയിട്ടുണ്ടെന്നും സിൻഡിക്കേറ്റ് ബാങ്ക് ഇക്കാര്യത്തിൽ നടപടിയെടുത്തിട്ടുണ്ടെന്നും അവർ പറഞ്ഞു. കേരള സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ഈ പദ്ധതിയുടെ മാർഗ്ഗരേഖകൾ എസ്.എൽ.ബി.സിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

കുടുംബശ്രീ സജീവമായിത്തന്നെ ബിസിനസ്സ് കറസ്പോണ്ടന്റുകളെ കൊണ്ടുവന്നിട്ടുണ്ട്. കുടുംബശ്രീ ഈ കാര്യം ഫെഡറൽ ബാങ്കുമായി ചർച്ച ചെയ്യുകയും മറ്റു ബാങ്കുകളുമായും സഹകരിക്കുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തിക ഉൾപ്പെടുത്തലിന്റെ സംഗതിയിൽ, കുടുംബശ്രീ അതിന്റെ 12-ാം വാർഷികാഘോഷങ്ങളുടെ വേളയിൽ കുടുംബശ്രീ ശൃംഖലയ്ക്കുള്ളിൽ സാമ്പത്തിക സാക്ഷരതയുടെ പ്രശ്നങ്ങളെപ്പറ്റി വ്യാപകമായ ചർച്ചകൾ നടത്തുന്ന കാര്യം ആലോചിച്ചു വരുന്നുണ്ടെന്ന് അവർ പറഞ്ഞു.

പലിശ സബ്സിഡി പദ്ധതിയുടെ ഭാഗമെന്ന നിലയിൽ കുടുംബശ്രീ അതിന്റെ സംവിധാനത്തിനുള്ളിൽ അനവധി അക്കൗണ്ടിംഗ് കാംപെയ്നുകൾ നടത്തിയിട്ടുണ്ടെന്നും എൻ.എച്ച്.ജി അക്കൗണ്ടു സമമൂല്യത്തിലെത്തിച്ചിട്ടുണ്ടെന്നും സാമ്പത്തിക ഉൾപ്പെടുത്തലിന്റെ മൂന്നാം ഘട്ടത്തിലേക്കു പ്രവേശിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നുവെന്നും വായ്പാ ലഭ്യതയെ സംബന്ധിച്ച് അത് അർത്ഥവത്തായിരിക്കുമെന്ന് കരുതുന്നുവെന്നും അവർ പറഞ്ഞു. താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് അവർ പ്രത്യാശിച്ചു.

(1) കുടുംബശ്രീ പരിപാടികൾ 37 ലക്ഷം കുടുംബങ്ങൾ (ഇത് സംസ്ഥാന ജനസംഖ്യയുടെ 50 ശതമാനം വരും) ഉൾപ്പെട്ട ശൃംഖലവഴി പ്രസരിപ്പിക്കുക.

(2) പാവപ്പെട്ടവർക്കു പ്രയോജനകരമായിട്ടുള്ള വിവിധ ബാങ്കുകളുടെ പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ സഞ്ചയിക്കുക. ഓരോരോ പ്രത്യേക ബാങ്ക് പദ്ധതിയും മലയാളത്തിലുള്ള ഒരു ലഘുലേഖയായി തയ്യാറാക്കി എൻ.എച്ച്.ജി. ശൃംഖലയിലാകെ വിതരണം ചെയ്യുക.

(3) എൻ.എച്ച്.ജി.കൾക്കുള്ളിലെ സാമ്പത്തിക മാനേജുമെന്റിനെ സംബന്ധിച്ച്, വായ്പയുടെയും മൾട്ടിപ്പിൾ മെമ്പർഷിപ്പ് മാനേജുമെന്റിന്റെയും പ്രശ്നങ്ങൾ, സംരംഭകരുടെ പരാതികൾ പരിഹരിക്കാനുള്ള സംവിധാനം പരിശോധിക്കുമെന്ന് അവർ പ്രത്യാശിച്ചു.

(4) കാർഷിക വായ്പകളുടെയും മൃഗസംരക്ഷണത്തിന്റെയും മേഖലകളിൽ ജെ.എൽ.ജെകൾക്കുള്ളിലുള്ള വമ്പിച്ച അവസരങ്ങൾക്ക് കുടുംബശ്രീ ശ്രദ്ധകൊടുക്കുന്നതാണ്.

(5) ഉന്നത ഗുണനിലവാരമുള്ള പാൽ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ക്ഷീരമേഖലയിൽ പ്രവർത്തനവിജയ സാധ്യതയുള്ള അനവധി സംരംഭങ്ങൾ കൊണ്ടുവരാൻ കുടുംബശ്രീയ്ക്ക് സാധിക്കുമെന്ന് അവർ പ്രത്യാശ പ്രകടിപ്പിച്ചു.

(6) ഇതിന്റെ ഭാഗമായി മേയ് മുതൽ ഡിജിറ്റൽ എം.ഐ.എസ്. പ്രവർത്തനക്ഷമമാക്കുകയും അതുമുഖേന കുടുംബശ്രീയ്ക്ക് എൻ.എച്ച്.ജി. ലിങ്കേജുള്ള സംരംഭങ്ങളെ സംബന്ധിച്ച് വായ്പ തിരിച്ചടവിനെപ്പറ്റിയുള്ള യഥാർത്ഥമായ ഡിജിറ്റൈസ് ചെയ്ത കണക്കുകൾ നൽകാൻ കഴിയുമെന്ന സ്ഥിതിയിലെത്താനാകുകയും ചെയ്യും.

സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് അനുഗുണമായ വിധത്തിൽ സംരംഭങ്ങളെ മുമ്പോട്ടു കൊണ്ടുപോകുന്നതിൽ നൽകുന്ന സഹകരണത്തിന്റെ പേരിൽ അവർ ബാങ്കുകളെ അഭിനന്ദിക്കുകയും അവരോട് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

വ്യവസായ (ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ) വകുപ്പിന്റെ സെക്രട്ടറി **ശ്രീ. അൽകേഷ് കുമാർ ശർമ്മ ഐ.എ.എസ്.**, വ്യവസായ മേഖലയിൽ മുൻഗണന നൽകുന്നത് എം.എസ്.എം.ഇ. മേഖലയ്ക്കാണെന്നും സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് ബാങ്കുകൾ സക്രിയ പിന്തുണയാണ് നൽകിവരുന്നതെന്നും അറിയിച്ചു.

പി.എം.ഇ.ജി.പി. പദ്ധതിയെ സംബന്ധിച്ച്, നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ രണ്ടു മാസങ്ങളിൽ ഈ പദ്ധതി ഏറെക്കുറെ നല്ല രീതിയിൽത്തന്നെ മോനിറ്റർ ചെയ്തുവരുകയാണെന്ന് അറിയിച്ചു. ഈ പദ്ധതിയുടെ കീഴിൽ യഥാസമയം വായ്പ അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനും മാർജിൻ മണി ക്ലെയിം ചെയ്യുന്നതിനും അവർ എടുക്കന്ന സക്രിയ നടപടികളുടെ പേരിൽ എല്ലാ ബാങ്കുകളെയും അദ്ദേഹം അഭിനന്ദിച്ചു. ഈ വർഷം ഈ പദ്ധതിയിൻകീഴിലുള്ള ലക്ഷ്യം നിറവേറ്റാൻ കഴിയുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ഈ വർഷം കെ.എസ്.ഐ.ഡി.സി. ഏതാനും ബൃഹദ് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്നും ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾക്കും റിയൽ എസ്റ്റേറ്റ് വികസനത്തിനും ഉറ്റുനോക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. രണ്ടുവർഷത്തിനുള്ളിൽ ഈ പദ്ധതികൾ നടപ്പിലാക്കത്തക്കവിധം കൺസോർഷ്യം പങ്കാളിത്തം മുഖേന ഈ പ്രോജക്റ്റുകളെ പിന്തുണയ്ക്കുവാൻ എല്ലാ ബാങ്കുകളോടും അദ്ദേഹം അഭ്യർത്ഥിച്ചു.

2010 ഡിസംബറിൽ പ്രവർത്തനമാരംഭിക്കുന്ന എൽ.എൻ.ജി. ടെർമിനൽ പൈപ്പ് ലൈൻ, പാലക്കാട്ടെ കോച്ചു ഫാക്ടറി, ബി.എച്ച്.ഇ.എൽ ന്റെ പ്ലാന്റുകൾ, ബജറ്റിൽ പ്രാഖ്യാപിച്ചിട്ടുള്ള കൊച്ചി-കോയമ്പത്തൂർ വ്യാവസായിക ഇടനാഴി മുതലായവ ഉൾപ്പെടെ സംസ്ഥാനത്ത് വമ്പിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നേതൃത്വം നൽകി വരികയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എം.എസ്.എം.ഇ. മേഖല വികസിപ്പിക്കുന്നതിനായി ബാങ്കുകളുടെ പിന്തുണയും സഹകരണവും പങ്കാളിത്തവും വ്യവസായവകുപ്പും കെ.എസ്.ഐ.ഡി.സിയും ഉറ്റു നോക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

ഭാരതസർക്കാരിന്റെ ധനമന്ത്രാലയത്തിലെ അണ്ടർ സെക്രട്ടറി **ശ്രീ. ജെ.കെ. മെഹാൻ**, തന്റെ ചെറു പ്രസംഗത്തിൽ, രാജ്യത്തൊട്ടാകെയുള്ള എസ്.എൽ.ബി.സി. സംവിധാനത്തെ താരതമ്യം ചെയ്യുമ്പോൾ പല ഘടകങ്ങളെയും സംബന്ധിച്ച് കാര്യനിർവഹണത്തിലും പോരായ്മകളിലും സ്പഷ്ടമായ വ്യത്യാസങ്ങൾ കാണാൻ കഴിയും എന്നു പറഞ്ഞു.

1. എസ്.എൽ.ബി.സി. സംവിധാനത്തിൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തിന്റെ തോത് - ഇത് വളരെ പ്രധാനമാണ്. ഇത് ഒരു പ്രത്യേക സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ പ്രത്യക്ഷമായ മെച്ചപ്പെടലിൽ നിന്ന് വ്യക്തമാണ്, കേരളസംസ്ഥാനത്തിന്റെ കാര്യത്തിൽ കാണുന്നതുപോലെ. എസ്.എൽ.ബി.സി. എന്ന സമിതിയിലെ സംസ്ഥാന സർക്കാരിന്റെ സക്രിയമായ സഹകരണത്തിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

2. സംസ്ഥാനത്തെ വായ്പാ-നിക്ഷേപ അനുപാതം ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

3. സംസ്ഥാനത്ത് വേണ്ടത്ര വായ്പകൾ വിതരണം ചെയ്യുന്നതിനും മുൻഗണനാ മേഖലയ്ക്ക് അനുവദിക്കുന്ന വായ്പകൾ, രണ്ടു കൂട്ടർക്കും ഗുണകരമായവിധത്തിൽ യഥാസമയം തിരിച്ചടയ്ക്കുന്നത് ഉറപ്പു വരുത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാരും എസ്.എൽ.ബി.സിയും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചീഫ് ജനറൽ മാനേജരായി ചാർജെടുത്തു കഴിഞ്ഞിട്ടുള്ള **ശ്രീ. ബി.എസ്. ഭാസിൻ**, വളരെ ഉയർന്ന സാക്ഷരതയുള്ളതും പുരോഗമനാത്മകവുമായ ഒരു സംസ്ഥാനമാണ് കേരളം എന്ന് പ്രസ്താവിച്ചു. വികസനത്തിന്റെ കേരള മാതൃക രാജ്യമെമ്പാടും ചർച്ച ചെയ്യപ്പെടുന്നു. സംസ്ഥാനത്തെ വികസനം ലോകത്തിലെ ഏതു വികസിത രാജ്യത്തിന്റേതിനോടും തുല്യത വഹിക്കുന്നു. സംസ്ഥാനത്തെ രാജ്യത്തിലെ ഏറ്റവും മികച്ചവയിൽ ഒന്ന് ആക്കിത്തീർക്കുന്നതിനായി എല്ലാ പിന്തുണയും ശ്രീ ഭാസിൻ വാഗ്ദാനം ചെയ്തു.

തുടർന്ന് യോഗം അജൻഡയിലെ ഇനങ്ങൾ മുറപ്രകാരം പരിഗണിച്ചു. കാനറാ ബാങ്കിന്റെ ജനറൽ മാനേജരും എസ്.എൽ.ബി.സി. കൺവീനറുമായ **ശ്രീ. എൻ.ആർ. വെങ്കിട്ടരമണി** അജണ്ടയിലെ ഇനങ്ങൾ അവതരിപ്പിച്ചു.

**1. നടപടിക്കുറിപ്പുകൾ അംഗീകരിക്കൽ**

കൺവീനറുടെ 25.01.2010ലെ റ്റി.എൽ.ബി./35/122/2010/ആർ.പി. എന്ന നമ്പർ കത്തിനോടൊപ്പം അംഗങ്ങൾക്ക് അയച്ചു കൊടുത്തിരുന്ന 2009 ഡിസംബർ 21–ാം തീയതി കൂടിയ 100–ാമതു എസ്.എൽ.ബി.സി. യോഗത്തിന്റെ നടപടിക്കുറിപ്പുകൾ താഴെപ്പറയുന്ന ഭേദഗതിയോടെ യോഗം അംഗീകരിച്ചു.

സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയെ എസ്.എൽ.ബി.സി. യിൽ ഉൾപ്പെടുത്തുന്നതിനുപകരം ഡി.ഐ.ഡി.സി., ഡി.സി.സി., ഡി.എൽ.ആർ.സി., എസ്.എൽ. ഐ.ഐ.സി., എസ്.എം.ഇ. എംപവേർഡ് കമ്മിറ്റി, എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി എന്നിവയുടെ ഉപസമിതികളിൽ ഒരു അംഗമാക്കാവുന്നതാണെന്ന് 100–ാമതു എസ്.എൽ.ബി.സി. യോഗം നിർദ്ദേശിച്ചു.

പ്രസ്തുത ഖണ്ഡികയിൽനിന്നും എസ്.എൽ.ഐ.ഐ.സി., എസ്.എം.ഇ. എംപവേർഡ് കമ്മിറ്റി എന്നിവയെ സംബന്ധിച്ച പരാമർശം, അവ റിസർവ് ബാങ്കിന്റെ കമ്മിറ്റികളാകയാലും എന്തെങ്കിലും അഭിപ്രായങ്ങൾ പറയുന്നതിനൊഴികെ എസ്.എൽ.ബി.സി.ക്ക് അവയുടെ കാര്യത്തിൽ അധികാരമൊന്നുമില്ലാത്തതിനാലും, നീക്കം ചെയ്യണമെന്ന് റിസർവ് ബാങ്ക് അതിന്റെ 16.02.2010–ലെ ആർ.പി. സി.ഡി.(റ്റി) നം. എൽ.ബി.എസ്./1532/03.02.02/2009–10 എന്ന കത്തിൽ നിർദ്ദേശിച്ചിരുന്നു.

**2. മുൻയോഗങ്ങളിലെ തീരുമാനങ്ങളുടെയും അവയുടെ നിർവഹണത്തിന്റെയും അവലോകനം – പ്രാഥമിക മേഖല**

**2.1 നിലവിലുള്ള വിഷയങ്ങൾ**

**2.1.1 കാർഷികാവശ്യത്തിനുള്ള ക്രയവായ്പ**

**2.1.1.1 വായ്പാപരിധി ഉയർത്തൽ**

നബാർഡിന്റെ ജനറൽ മാനേജർ **ശ്രീ. എസ്.എൻ.എ. ജിന്ന**, കാർഷിക ആവശ്യങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുന്നതിനായി കർഷകർക്കു ധനസഹായം ചെയ്യുന്നതു സംബന്ധിച്ച 21.09.2005ലെ എൻ.ബി.ഡി.പി.ഡി.(എഫ്.എസ്)/112/എൽ.പി.എസ്./2005–06 എന്ന നമ്പർ മാസ്റ്റർ സർക്കുലറിൻപ്രകാരം നബാർഡ് മൂല്യപരിധിയൊന്നും നിർണ്ണയിച്ചിട്ടില്ല എന്ന് വ്യക്തമാക്കി.

ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ പ്രസ്തു ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**2.1.1.2 ചെറുകിട-നാമമാത്ര കർഷകർക്കുള്ള ഭൂമി ഏക്കറേജിന്റെയും വായ്പാപരിധിയുടെയും നിർവചനത്തിൽ ഉൾപ്പെട്ട പ്രശ്നങ്ങൾ നിർണ്ണയിക്കുന്നതിനും അപഗ്രഥിക്കുന്നതിനുമുള്ള ഉപസമിതിയുടെ രൂപീകരണം.**

നബാർഡിന്റെ ജനറൽ മാനേജർ **ശ്രീ.എസ്.എൻ.എ. ജിന്ന** കാർഷിക നിക്ഷേപ പദ്ധതികൾക്കു കീഴിൽ കൊണ്ടുവരേണ്ട ചെറുകിട കർഷകരുടെ നിർവചനം നടത്താനുള്ള നബാർഡിന്റെ മാനദണ്ഡങ്ങൾ പ്രത്യേക പ്രദേശങ്ങൾക്കു പ്രത്യേക രീതി എന്ന അടിസ്ഥാനത്തിലും വികസനത്തിനു മുമ്പ് കർഷകർക്കുണ്ടായിരുന്ന അറ്റാദായത്തെ അടിസ്ഥാനപ്പെടുത്തിയുമാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കി. ഏക്കറേജ് പരിധിയെ വരുമാനപരിധിയായി പരിവർത്തനപ്പെടുത്തിക്കൊണ്ടാണ് മേൽപ്പറഞ്ഞ ഏക്കറേജ് മാനദണ്ഡം കണക്കാക്കിയിട്ടുള്ളത്. നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാന സ്രോതസ്സ് ഗുണഭോക്താവിനു വായ്പ തിരിച്ചടയ്ക്കാൻ കഴിയത്തക്കവണ്ണമുള്ള മിച്ചം ഉണ്ടാക്കിക്കൊടുക്കുമെന്നുറപ്പു വരുത്തുക എന്നതാണ് ഇതിന്റെ യുക്തിപരമായ അടിസ്ഥാനം. പ്രോജക്ടുകൾക്കു വായ്പ നൽകുന്ന ആവശ്യത്തിലേക്ക് ബാങ്കുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

നബാർഡിന്റെ ഇപ്പോഴും നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് മഴ കൊണ്ട് ജലം ലഭിക്കുന്ന പ്രദേശത്ത് 5 ഏക്കറും/ജലസേചന സൗകര്യമുള്ള പ്രദേശത്ത് 2.5 ഏക്കറും ഉള്ള കർഷകരെയാണ് ചെറുകിട കർഷകരായി തരംതിരിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**2.1.2 അടിസ്ഥാന സൗകര്യങ്ങളിലെ പ്രതിബന്ധങ്ങൾ**

കേരള സർക്കാരിന്റെ റവന്യുവകുപ്പ് പോക്കുവരവു ചെയ്യുന്നതിനുള്ള ആഭ്യന്തര നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി യോഗം മനസ്സിലാക്കി. അതു സംബന്ധമായ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്നപക്ഷം കൊല്ലത്തെയും പത്തനംതിട്ടയിലെയും എൽ.ഡി.എമ്മുകൾക്ക് അക്കാര്യം ആവശ്യമായ നടപടികളെടുക്കുന്നതിലേക്കായി അതതു ജില്ലാ റവന്യു അധികാരികളുമായി ഏറ്റെടുക്കാവുന്നതാണ്.

ഇതിന്റെ വെളിച്ചത്തിൽ, ഈ ഇനം വിട്ടുകളയാൻ യോഗം തീരുമാനിച്ചു.

**2.1.3 ക്ഷീരകർഷകർക്കുള്ള കാർഷിക വായ്പയുടെ അളവു വർദ്ധിപ്പിക്കൽ**

ക്ഷീരവികസനവകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ **ശ്രീ. കെ.ജി. ദിനചന്ദ്രൻ** പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് എസ്.എൽ.ബി.സി.ക്കു നൽകുകയും സമിതി അതു പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

കരടു പദ്ധതിയുടെ വിശദാംശങ്ങൾ ഉപസമിതിയിൽ വയ്ക്കുകയും അന്തിമ രൂപം നൽകിയതിനുശേഷം അത് അംഗീകാരത്തിനായി അടുത്ത എസ്.എൽ.ബി.സി.യിൽ വയ്ക്കുകയും ചെയ്യണമെന്ന് യോഗം തീരുമാനിച്ചു.

*(നടപടി : ക്ഷീരവികസനവകുപ്പ്/എസ്.എൽ.ബി.സി.)*

**2.1.4 കന്നുകാലി ഇൻഷുറൻസ്**

പി.റ്റി.ഡി. കവറേജിനെ സംബന്ധിച്ച്, ഇൻഷ്വറൻസ് കമ്പനികൾ ഇപ്പോൾത്തന്നെ കന്നുകാലി ഇൻഷ്വറൻസിൽ കവർ ചെയ്യുന്നുണ്ടെന്നും അതിനായി അധിക പ്രീമിയം ചുമത്തുന്നുണ്ടെന്നും നാഷണൽ ഇൻഷ്വറൻസ് കമ്പനിയുടെ പ്രതിനിധി പറഞ്ഞു. ഏകരൂപമായ നിരക്കിനെ സംബന്ധി

ച്ച്, എല്ലാ ഇൻഷുറൻസ് കമ്പനികളും മേഖലാതലത്തിൽ തീരുമാനമെടുക്കുമെന്നും അത് അടുത്ത എസ്.എൽ.ബി.സി. യോഗത്തിൽ അറിയിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

മാസ്റ്റർ പോളിസിയിൽ പി.റ്റി.ഡി. വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്ന പ്രക്രിയ ത്വരിതഗതിയിലാക്കുവാൻ യോഗം ഇൻഷുറൻസ് കമ്പനികളോട് അഭ്യർത്ഥിച്ചു.

*(നടപടി : ഇൻഷുറൻസ് കമ്പനികൾ)*

**2.1.5 നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന്റെ പദ്ധതികളും പ്രവർത്തനങ്ങളും**

ഇക്കാര്യത്തിൽ പുരോഗതിയൊന്നുമില്ലാത്തതിനാലും വിവരം ലഭ്യമല്ലാത്തതിനാലും ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**2.1.6 എൻ.എ.ഐ.എസിന്റെ കീഴിൽ എല്ലാ ദീർഘകാല ഉദ്യാനക്കൃഷികളെയും ഉൾപ്പെടുത്തൽ**

ഏ.ഐ.സി.ഐ.എൽ.ന്റെ പ്രതിനിധി യോഗത്തിൽ സന്നിഹിതനായിരുന്നില്ല. കേരള സർക്കാരിന്റെ കൃഷിവകുപ്പിന്റെ അഡീഷണൽ സെക്രട്ടറി **ശ്രീ. ആർ. അജിത് കുമാർ**, എൻ.എ.ഐ.എസിന്റെ കീഴിൽ നാളികേരം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്ന് യോഗത്തെ അറിയിച്ചു. പരിപാടി സർക്കാർ അംഗീകരിക്കുകയും തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്തു. വിജയകരമാണെന്നു കണ്ടാൽ അടുത്ത വർഷം ഈ പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതാണ്. മറ്റു വിളകൾക്ക് പദ്ധതിയൊന്നുമില്ല. മുമ്പ് ആറു വിളകൾ എൻ.എ.ഐ.എസിന്റെ കീഴിൽ ഉൾപ്പെടുത്തിയിരുന്നു എന്നും എന്നാൽ ഉദ്യാനവിളകളുടെ കൂട്ടത്തിൽ നാളികേരത്തെ മാത്രമേ ഉൾപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളൂ എന്നും അദ്ദേഹം പറഞ്ഞു.

മറ്റു വിളകളെയും എൻ.എ.ഐ.എസിന്റെ കീഴിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാൻ കൃഷിവകുപ്പിനോട് യോഗം അഭ്യർത്ഥിച്ചു. ഇക്കാര്യം എ.ഐ.സി.ഐ.എൽന്റെ അറിവിൽപ്പെടുത്തുവാനും അഭ്യർത്ഥിച്ചു.

*(നടപടി : കൃഷിവകുപ്പ്/എ.ഐ.സി.ഐ.എൽ).*

**2.1.7 പാട്ടഭൂമികൃഷിക്കുവേണ്ടിയുള്ള നിയമനിർമ്മാണം**

ഈ വിഷയത്തെപ്പറ്റി പ്രതികരിച്ചുകൊണ്ട്, കേരള സർക്കാരിന്റെ കൃഷിവകുപ്പിന്റെ അഡീഷണൽ സെക്രട്ടറി **ശ്രീ.ആർ. അജിത്കുമാർ**, കേരള ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിലുള്ളതുകൊണ്ട് ഇപ്രകാരമൊരു നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ സർക്കാർ ഇതുവരെയും യാതൊരു തീരുമാനവും എടുത്തിട്ടില്ലെന്നും നയപരമായ ഒരു തീരുമാനം ലഭിക്കുവാൻ പ്രയാസമായിരിക്കുമെന്നും അറിയിച്ചു.

സിൻഡിക്കേറ്റ് ബാങ്കിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ **ശ്രീ.ഇട്ടി തോമസ്**, ബാങ്കുകൾ ജെ.എൽ.ജികൾക്കും മറ്റുള്ളവർക്കും ധനസഹായം ചെയ്യുന്നുണ്ട് എന്ന് പ്രസ്താവിച്ചു. പല കാർഷിക പ്രവർത്തനങ്ങളും നടത്തുന്നത് പാട്ടത്തിനെടുത്ത ഭൂമിയിലായിരിക്കും എന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ നയപരമായ ഒരു തീരുമാനം എടുക്കേണ്ടതാണ്.

കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ **ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്**, ചരിത്രപരമായ കാരണങ്ങളാൽ ഒരു തീരുമാനം കിട്ടുക പ്രയാസമാണെന്നും പാട്ടഭൂമിക്ക് വായ്പ കൊടുക്കുന്നതിന് മറ്റു മാർഗ്ഗങ്ങളെപ്പറ്റി നമുക്ക് ചിന്തിക്കേണ്ടിവന്നേക്കാമെന്നും അഭിപ്രായപ്പെട്ടു.

കേരള സർക്കാരിന്റെ ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും വകുപ്പ് സെക്രട്ടറി **ശ്രീ ടീക്കാറാം മീണ ഐ.എ.എസ്.,** ഈ വിഷയത്തെപ്പറ്റി കഴിഞ്ഞമാസം താൻ കാർഷികോല്പാദന

കമ്മീഷണർക്ക് ഒരു അർദ്ധ ഔദ്യോഗിക കത്ത് അയച്ചിട്ടുണ്ടെന്നും മറുപടിക്കുവേണ്ടി കാത്തിരിക്കുകയാണെന്നും അറിയിച്ചു. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായിട്ടുള്ള ഒരു ഔദ്യോഗിക സന്ദേശം എസ്.എൽ.ബി.സിയുടെ അടുത്ത യോഗത്തിൽ വയ്ക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

**2.1.8 യന്ത്രവൽക്കൃത ബോട്ടുകൾക്ക് അനുവദിച്ച വായ്പകൾ - ഫിഷറീസ് വകുപ്പ് രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നത് നിരോധിച്ചിരിക്കുന്നതു കാരണം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലാതിരിക്കൽ**

2007 മുതൽ കേരള തീരത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന ബോട്ടുകൾക്ക് ഫിഷറീസ് വകുപ്പിൽനിന്നും രജിസ്ട്രേഷൻ/ലൈസൻസ് എടുക്കുന്നതിനുള്ള ഒരു അവസരം അനുവദിക്കുവാൻ 16.11.2009-ലെ ജി.ഒ.(ആർ.റ്റി) നം. 318/07/എഫ്&പി പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്ന് 30.12.2009-ലെ നം. ജി1-15514/08 കത്ത് മുഖേന ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് എന്നത് യോഗം ശ്രദ്ധയിലെടുത്തു. സർക്കാർ അനുമതി പ്രതീക്ഷിച്ചുകൊണ്ട്, 100% രജിസ്ട്രേഷൻ സാധിക്കുന്നതിലേക്കായി സമയപരിധി 31.12.2009വരെ ഫിഷറീസ് വകുപ്പ് ദീർഘിപ്പിച്ചിട്ടുണ്ട്. എല്ലാ തീരദേശ സംസ്ഥാനങ്ങളിലെയും മത്സ്യബന്ധന ബോട്ടുകൾക്ക് ഏകരൂപമായ രജിസ്ട്രേഷൻ അനുവദിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കാര്യം എല്ലാ ബാങ്കുകളുടെയും കൺട്രോളിംഗ് ഓഫീസർമാരെ ഇതിനോടകം അറിയിച്ചു കഴിഞ്ഞിട്ടുണ്ട്.

മേൽപ്പറഞ്ഞ വിശദീകരണം കണക്കിലെടുത്ത് ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**2.1.9 പരിത്യക്ത എസ്റ്റേറ്റുകൾ വാങ്ങുകയും വികസിപ്പിക്കുകയും ചെയ്യൽ**

റിസർവ് ബാങ്കിന്റെ ഡപ്യൂട്ടി ജനറൽ മാനേജർ **ശ്രീ. ആർ.കെ. മോറിയ**, ഇതിനുള്ള പദ്ധതിയുടെ വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. കൂടാതെ, പരിത്യക്ത എസ്റ്റേറ്റുകളെ സംബന്ധിച്ച്, ചെറുകിട-നാമമാത്ര കർഷകരല്ലാതെയുള്ളവർ വാങ്ങിച്ച ഇത്തരം എസ്റ്റേറ്റിന് കൃഷിക്കായി മുൻഗണനാ മേഖലയായി പരിഗണിക്കപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് 2009 മാർച്ചിലും ജൂണിലും റിസർവ് ബാങ്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. മുൻഗണനാ മേഖലാ വായ്പയെ സംബന്ധിച്ച് റിസർവ് ബാങ്കിന്റെ 2009 ജൂലൈ 1 ലെ മാസ്റ്റർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുവർത്തിക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

മേൽപ്പറഞ്ഞ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**2.1.10 കയറ്റുമതി വായ്പയുടെ വർഗ്ഗീകരണത്തെ സംബന്ധിച്ച സ്പഷ്ടീകരണം**

ഇക്കാര്യത്തിൽ റിസർവ് ബാങ്ക് ഇതിനോടകം തന്നെ സ്പഷ്ടീകരണം നൽകിയിട്ടുള്ള കാര്യം യോഗം ശ്രദ്ധയിലെടുത്തു.

കാനറാ ബാങ്കിന്റെ ജനറൽ മാനേജർ **ശ്രീ. എൻ. നരസറെഡ്ഡി**, ചെറുകിട-നാമമാത്ര സംരംഭങ്ങൾക്ക് (ഉല്പാദനവും സേവനവും മേഖലകളിലുള്ളവ) (ആഭ്യന്തര ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉൾപ്പെടെയുള്ള) ബാങ്കുകൾ അനുവദിച്ച (കയറ്റുമതി വായ്പ ഉൾപ്പെടെയുള്ള) എല്ലാ വായ്പകളും, അങ്ങനെയുള്ള സംരംഭങ്ങൾക്ക് അവ മുൻഗണനാ മേഖലകൾക്കുള്ള വായ്പ നൽകലിനെ സംബന്ധിച്ച് 2009 ജൂലൈ 1-ാം തീയതി റിസർവ് ബാങ്ക് പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള നാമമാത്ര-ചെറുകിട സംരംഭങ്ങളുടെ നിർവചനത്തിന്റെ പരിധിയിൽപ്പെടുന്നവയാണെങ്കിൽ, മുൻഗണനാ മേഖലയിൻകീഴിൽ വർഗ്ഗീകരണത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് റിസർവ് ബാങ്ക് സ്പഷ്ടീകരിച്ചിട്ടുള്ളതായി അറിയിച്ചു.

2010 ഏപ്രിൽ 9-ാം തീയതിയിലെ തങ്ങളുടെ സർക്കുലറിൽ റിസർവ് ബാങ്ക് താഴെപ്പറയും പ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട-നാമമാത്ര സംരംഭങ്ങൾക്ക് മുൻഗണനാ മേഖലയിൽപ്പെടുത്തി നൽകിയിട്ടുള്ള വായ്പകളുടെ വർഗ്ഗീകരണത്തെ സംബന്ധിച്ച് ചില വാണിജ്യ ബാങ്കുകൾ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചശേഷം (ഉൽപ്പാദനവും സേവനം മേഖലകളിലെ) ചെറുകിട-നാമമാത്ര സംരംഭങ്ങൾക്ക് വാണിജ്യബാങ്കുകൾ നൽകിയിട്ടുള്ള വായ്പകൾ, അപ്രകാരമുള്ള സംരംഭങ്ങൾ (വായ്പയെടുക്കുന്ന സംരംഭങ്ങൾ,)കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നവയാണെങ്കിലും അല്ലെങ്കിലും 2006-ലെ എം.എസ്.എം.ഇ.ഡി. ആക്റ്റിൽ ഉൾക്കൊണ്ട പ്രകാരമുള്ള എം.എസ്.ഇ. മേഖലയുടെ നിർവചനത്തിന്റെ പരിധിയിൽപ്പെട്ടവയാണെങ്കിൽ, മുൻഗണനാ മേഖലയിൻകീഴിലുള്ള വർഗ്ഗീകരണത്തിന് അർഹതയുള്ളവയായിരിക്കുമെന്ന് സ്പഷ്ടീകരിച്ചുകൊള്ളുന്നു. കൂടാതെ, എം.എസ്.ഇ.കൾക്ക് നൽകിയിട്ടുള്ള കയറ്റുമതി വായ്പ ചെറുകിട-നാമമാത്ര മേഖലയ്ക്കുള്ള കയറ്റുമതിവായ്പ എന്ന ശീർഷകത്തിൻകീഴിൽ പ്രത്യേകം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞതു കണക്കിലെടുത്ത് ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**2.2 പുതിയ വിഷയങ്ങൾ**

**2.2.1 നബാർഡ് നിർദ്ദേശിച്ച അജണ്ടാ ഇനങ്ങൾ**

2008-09ലെ ഗ്രൗണ്ട്ലെവൽ വായ്പാ പ്രവാഹം - മേഖലാ സന്തുലനത്തിന്റെ ആവശ്യകത

നബാർഡിന്റെ ജനറൽ മാനേജർ **ശ്രീ. എസ്.എൻ.എ. ജിന്ന** 2008-09ൽ എ.സി.പി. ലക്ഷ്യത്തെ മറികടക്കുവാൻ സാധിച്ചിട്ടുണ്ടെന്നു വരികിലും ചെറുകിട ജലസേചനം, ക്ഷീരവികസനം, മത്സ്യബന്ധനം മുതലായി നല്ല സാധ്യതയുള്ള ചില മേഖലകളിൽ എ.സി.പി. ലക്ഷ്യത്തിന്റെ 40% ത്തിൽ താഴെ മാത്രമേ നേടുവാൻ കഴിഞ്ഞിട്ടുള്ളൂ. ലക്ഷ്യത്തെ അപേക്ഷിച്ച് നേട്ടത്തിന്റെ നില വളരെ താഴ്ന്നതാണെന്നതു കണക്കിലെടുത്ത് വായ്പാ പദ്ധതികൾക്കു കീഴിൽ മേല്പറഞ്ഞ മേഖലകൾക്കുള്ള വായ്പകളുടെ ഗതി വേണ്ടദിശയിൽ തിരിച്ചുവിടുന്നുണ്ടെന്നുറപ്പാക്കുവാനും നിർധാരണം ചെയ്തിട്ടുള്ള പദ്ധതി ലക്ഷ്യങ്ങൾ നേടുന്നുണ്ടെന്നുറപ്പുവരുത്തുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. വിശദാംശങ്ങൾ നബാർഡിന്റെ പി.എൽ.പിയിൽ ലഭ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ഇതെ സംബന്ധിച്ച് എസ്.എൽ.ബി.സി. പിന്നീട് 28.04.2010ലെ എസ്.എൽ.ബി.സി. 35677 2010 ആർ.പി. എന്ന നമ്പർ കത്ത് ബാങ്കുകളുടെ കൺട്രോളിംഗ് ഓഫീസർമാർക്ക് അയയ്ക്കുകയുണ്ടായി.

*(നടപടി: ബാങ്കുകൾ)*

**2.2.1.2 കിസാൻ ക്രഡിറ്റ് കാർഡിന്റെ പ്രചാരം വ്യാപകവും ഗഹനവുമാക്കൽ**

നബാർഡിന്റെ ചീഫ് ജനറൽ മാനേജർ **ശ്രീ. കെ.സി. ശശിധർ**, സംസ്ഥാന ധനമന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിൽ കിസാൻ ക്രഡിറ്റ് കാർഡിന് മുന്തിയ മുൻഗണന നൽകിയിട്ടുള്ളതായി അറിയിക്കുകയും ഇതിനെ സംബന്ധിച്ച് ഒരു കർമ്മരൂപരേഖ തയ്യാറാക്കണമെന്നും കാർഷിക ഉല്പാദന കമ്മീഷണർ, കേരള സർക്കാർ, നബാർഡ്, എസ്.എൽ.ബി.സി. എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു.

കാനറാ ബാങ്ക് ജനറൽ മാനേജരും എസ്.എൽ.ബി.സി. കൺവീനറുമായ ശ്രീ. എൻ.ആർ. വെങ്കിട്ടരമണി, ഇക്കാര്യം കൂടുതൽ പരിഗണിക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിക്കാവുന്നതാണെന്ന് പറഞ്ഞു.

(നടപടി : എസ്.എൽ.ബി.സി.)

**2.2.2 മൃഗസംരക്ഷണവകുപ്പ് നിർദ്ദേശിച്ച അജണ്ടാ ഇനങ്ങൾ**

**2.2.2.1 കേരളത്തിലെ 14 ജില്ലകളിലും നടപ്പാക്കാനുള്ള ഭക്ഷ്യസുരക്ഷാ പദ്ധതി**

ഈ പദ്ധതി എസ്.എൽ.ബി.സി.യുടെ 100-ാമതു യോഗം അംഗീകരിച്ചിട്ടുള്ളതായി യോഗം കണ്ടു. നിർവഹണത്തിനുള്ള മാർഗ്ഗരേഖ ശ്രദ്ധയിലെടുക്കുകയും ചെയ്തു.

*(നടപടി : ബാങ്കുകൾ)*

**2.2.2.2 പത്തനംതിട്ട, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കേണ്ടതായ 2009-ലെ സംയോജിത കന്നുകാലി വികസന പദ്ധതി**

ഈ പദ്ധതി എസ്.എൽ.ബി.സി.യുടെ 100-ാമതു യോഗം അംഗീകരിച്ചിട്ടുള്ളതായി യോഗം കണ്ടു. നിർവഹണത്തിനുള്ള മാർഗ്ഗരേഖ ശ്രദ്ധയിലെടുക്കുകയും ചെയ്തു.

*(നടപടി : ബാങ്കുകൾ)*

**2.2.2.3 കുട്ടനാട്ടിലേക്ക് പശുക്കളുടെ ഇൻഡക്ഷൻ - വിവരക്കുറിപ്പ്**

പദ്ധതിയുടെ വിശദാംശങ്ങൾ യോഗം ശ്രദ്ധയിലെടുക്കുകയും കേരള സംസ്ഥാനത്തു നടപ്പിലാക്കുന്നതിനായി സ്വീകരിക്കുകയും ചെയതു.

*(നടപടി : ബാങ്കുകൾ*

**2.2.3 സ്വകാര്യ മേഖലയിൽ കറവക്കന്നുകാലികളെ ഉല്പാദിപ്പിക്കുന്നവർക്ക് ധനസഹായം ചെയ്യാനുള്ള പദ്ധതി (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചത്)**

കാനറാ ബാങ്കിന്റെ ജനറൽ മാനേജർ **ശ്രീ. എൻ. നരസറെഡ്ഡി**, പ്രവർത്തന വിജയസാധ്യതയുള്ളതും സാമ്പത്തികമായി വിജയിക്കാവുന്നതുമായ ഒരു പദ്ധതിയാണിതെന്നും ബ്രീഡിംഗ് ഫാമുകൾ സ്ഥാപിക്കുവാൻ ബ്രീഡർമാർക്ക് ധനസഹായം ചെയ്യുവാനുള്ള ഒരു പദ്ധതി കാനറാ ബാങ്കിനുണ്ടെന്നും അറിയിച്ചു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിനായി യോഗം അംഗീകരിച്ചു.

*(നടപടി: ബാങ്കുകൾ)*

**2.2.4 കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതികൾ - അയവിറക്കുന്ന ചെറിയ മൃഗങ്ങളുടെയും (റൂമിനന്റ്സ്) മുയലുകളുടെയും സംയോജിത വികസനം - എസ്.എൽ.ബി.സി. അംഗങ്ങളുടെ അറിവിലേക്കായി നബാർഡിന്റെ വിവരക്കുറിപ്പ്**

നബാർഡിന്റെ ജനറൽ മാനേജർ **ശ്രീ. എസ്.എൻ.എ. ജിന്ന**, ഈ പദ്ധതി 24 സംസ്ഥാനങ്ങളിൽ അയവിറക്കുന്ന ചെറിയ മൃഗങ്ങളുടെയും (ചെമ്മരിയാട്, കോലാട്) മുയലുകളുടെയും സംയോജിത വികസനത്തിനുദ്ദേശിച്ചിട്ടുള്ളതാണെന്നും, 114 ജില്ലകളിൽ അയവിറക്കുന്ന മൃഗങ്ങൾക്കും 12 ജില്ലകളിൽ മുയലുകൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ളതാണെന്നും കേരളത്തിൽ ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിൽ ചെമ്മരിയാടുകളെയും കോലാടുകളെയും വളർത്തുന്നതിനും തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ മുയലുകളെ വളർത്തുന്നതിനുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും പറഞ്ഞു. ഈ പദ്ധതി സ്വീകരിക്കുവാൻ സമിതിയോട് അദ്ദേഹം അഭ്യർത്ഥിച്ചു. മേൽപ്പറഞ്ഞ പ്രത്യേക ജില്ലകളിൽ യഥാക്രമം ചെമ്മരിയാടുകളെയും കോലാടുകളെയും മുയലുകളെയും വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വായ്പ നൽകുവാൻ ബാങ്കുകളോടും അദ്ദേഹം അഭ്യർത്ഥിച്ചു.

ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എസ്.എൽ.ബി.സി. സ്വീകരിച്ചു.

*(നടപടി : ബാങ്കുകൾ)*

**2.2.5 പുരോഗമനക്ഷമതയുള്ള കർഷകർക്ക് കറവയന്ത്രങ്ങൾ വാങ്ങുന്നതിന് സഹായം നൽകൽ – ക്ഷീരവികസന വകുപ്പിന്റെ കുറിപ്പ് – അറിവിലേക്കായി**

ഇതു സംബന്ധിച്ച വിവരക്കുറിപ്പിന്റെ ഉള്ളടക്കം യോഗം ശ്രദ്ധയിലെടുത്തു.

**2.2.6 കാപ്പിമേഖലയിലെ പ്രതിസന്ധി – കോഫി ബോർഡിന്റെ വിവരക്കുറിപ്പ്**

വിവരക്കുറിപ്പിന്റെ ഉള്ളടക്കം യോഗം ശ്രദ്ധയിലെടുത്തു

**2.2.7 എസ്.എഫ്.എ.സി. നടപ്പിലാക്കുന്ന അഗ്രോബിസിനസ്സ് പദ്ധതികളെ സംബന്ധിച്ച കുറിപ്പ്– വിവരക്കുറിപ്പ്**

വിവരക്കുറിപ്പിന്റെ ഉള്ളടക്കം യോഗം ശ്രദ്ധയിലെടുത്തു.

**2.2.8 ഭൂഗർഭജല ഡയറക്ടറേറ്റ് ഡയറക്ടർ നിർദ്ദേശിച്ച അജണ്ട ഇനം**

ഭൂഗർഭജല ഡയറക്ടറേറ്റ് ഡയറക്ടർ അജണ്ടയിലെ 2.2.8.1 ഉം 2.2.8.2 ഉം ഇനങ്ങൾ പ്രകാരം നിർദ്ദേശിച്ച ഇനങ്ങളും എസ്.എൽ.ബി.സി. നൽകിയ പശ്ചാത്തലക്കുറിപ്പും യോഗം അംഗീകരിച്ചു.

*(നടപടി: എല്ലാ എൽ.ഡി.എമ്മുകളും)*

**2.2.9 മത്സ്യബന്ധന തൊഴിലാളികൾക്കു നൽകിയ വായ്പകളുടെ മോറട്ടോറിയം 02.11.2009 മുതൽ ആറു മാസത്തേക്കുകൂടി നീട്ടൽ (ടേബിൾ ചെയ്യപ്പെട്ട ഇനം)**

കേരള സർക്കാരിന്റെ മത്സ്യബന്ധനവും തുറമുഖവും (ബി) വകുപ്പു സെക്രട്ടറി 30.01.2010ലെ 14154/ബി3/2009/എഫ്&പി.ഡി. എന്ന നമ്പർ കത്തുമുഖേന 13.11.2009ലെ ജി.ഒ. (എം.എസ്.) നം. 74/ 09/എഫ്&പി.ഡി. പ്രകാരം, മത്സ്യബന്ധന തൊഴിലാളികൾക്കു നൽകിയ വായ്പകളുടെ മോറട്ടോറിയത്തിന്റെ കാലാവധി 02.11.2009 മുതൽ ആറു മാസത്തേക്കുകൂടി നീട്ടിയിട്ടുള്ള കാര്യം അറിയിച്ചത് യോഗം ശ്രദ്ധയിലെടുത്തു.

യോഗം പ്രസ്തുത സർക്കാർ ഉത്തരവു ശ്രദ്ധയിലെടുക്കുകയും എല്ലാ ബാങ്കുകളുടെയും കൺട്രോളിംഗ് ഓഫീസർമാരോടും എൽ.ഡി.എമ്മുകളോടും അതിന്റെ ഉള്ളടക്കം പരിഗണിച്ച് ആവശ്യമായ നടപടി എടുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

*(നടപടി : ബാങ്കുകൾ)*

**3 മുമ്പ് നടത്തപ്പെട്ട യോഗങ്ങളിലെ തീരുമാനങ്ങളുടെയും അവയുടെ നടപ്പിലാക്കലിന്റെയും അവലോകനം – ദ്വിതീയ മേഖല**

**3.1. നിലവിലുള്ള വിഷയങ്ങൾ**

**3.1.1 എസ്.എച്ച്.ജി.കൾക്കു നൽകിയ വായ്പകൾക്കുള്ള സി.ജി.റ്റി.എം.എസ്.ഇ കവറേജ്**

ഡവലപ്പ്മെന്റ് കമ്മീഷണർ (എം.എസ്.എം.ഇ.), ന്യൂഡൽഹിയുമായി, എച്ച്.ജി.കൾക്കു നൽകിയ വായ്പകൾക്കുള്ള സി.ജി.റ്റി.എം.എസ്.ഇ. കവറേജ് ലഭിക്കുന്ന കാര്യത്തിൽ ബന്ധപ്പെടുവാൻ യോഗം തീരുമാനിച്ചു.

*(നടപടി: എസ്.എൽ.ബി.സി.)*

**3.1.2 2006–07ഉം 2007–08 ഉം വർഷങ്ങളിലെ പി.എം.ആർ.വൈ. – സബ്സിഡി ലഭിക്കാത്ത കാര്യം**

റിസർവ് ബാങ്കിന്റെ ഡപ്യൂട്ടി ജനറൽ മാനേജർ **ശ്രീ. ആർ.കെ. മോറിയ**, ഇക്കാര്യത്തിൽ ഭാരത സർക്കാരിൽനിന്നും റിസർവു ബാങ്കിനു യാതൊരു വിവരവും ലഭിച്ചിട്ടില്ല എന്ന് പറഞ്ഞു. ഇക്കാര്യം തുടർന്നും പരിഗണനയിൽ വയ്ക്കുവാൻ യോഗം തീരുമാനിച്ചു.

*(നടപടി : റിസർവ് ബാങ്ക്/എസ്.എൽ.ബി.സി.)*

**3.1.3 എം.എസ്.എം.ഇ., ഭവന നിർമ്മാണം, ആട്ടോ മേഖലകൾക്കുള്ള 2008-09ലെ സാമ്പത്തിക ഉത്തേജന പാക്കേജ് - പ്രത്യേക പ്രതിമാസ എസ്.എൽ.ബി.സി. യോഗങ്ങൾ - അറിവിലേക്കായി**

എം.എസ്.എം.ഇ., ഭവന നിർമ്മാണം, ആട്ടോ മേഖലകൾക്കുള്ള ഐ.ബി.എ. പാക്കേജിന്റെ നിർവഹണ പുരോഗതി അവലോകനം ചെയ്യുന്നതിനായി കേരള എസ്.എൽ.ബി.സി.യുടെ പ്രത്യേക പ്രതിമാസ യോഗങ്ങൾ എസ്.എൽ.ബി.സി. പതിവായി വിളിച്ചുകൂട്ടാറുണ്ടെന്ന കാര്യം യോഗം ശ്രദ്ധയിലെടുത്തു. ഫെബ്രുവരിയിലെ നിലയ്ക്കുള്ള വിവരങ്ങൾ യോഗത്തിന്റെ അറിവിലേക്കായി സഭയുടെ മുമ്പാകെ സമർപ്പിച്ചു.

**3.1.4 മൈക്രോ-ചെറുകിട സംരംഭങ്ങൾക്കുവേണ്ടിയുള്ള ക്രെഡിറ്റ് ഗാരണ്ടി ട്രസ്റ്റിൽ (സി.ജി.റ്റി. എം.എസ്.ഇ) നിന്നും സി.ജി.എം.എസ്.ഇ. യ്ക്കു കീഴിലുള്ള കവറേജിന്റെ അവലോകനം**

കാര്യപരിപാടിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള കർത്തവ്യനിർവഹണ റിപ്പോർട്ടും പശ്ചാത്തല കുറിപ്പും യോഗം പരിഗണിച്ചു.

**3.2 പുതിയ വിഷയങ്ങൾ**

**3.2.1 വ്യവസായ-വാണിജ്യ ഡയറക്ടർ നിർദ്ദേശിച്ച അജണ്ട ഇനങ്ങൾ**

**3.2.1.1 പി.എം.ഇ.ജി.പിയും എസ്.എസ്.ഐയും വായ്പാ അപേക്ഷകൾ പരിശോധിച്ച് അനുവദിക്കുന്നതിലെ അമിതമായ കാലതാമസം**

കാനറാ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും യോഗാദ്ധ്യക്ഷനുമായ **ശ്രീ.എച്ച്.എസ്. ഉപേന്ദ്ര കമ്മത്ത്**, പി.എം.ഇ.ജി.പി./എസ്.എസ്.ഐ. എന്നിവയ്ക്കു കീഴിലുള്ള അപേക്ഷകൾ കാലതാമസം കൂടാതെ പരിശോധിച്ചു നടപടിയെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ബാങ്കുകളുടെ കൺട്രോളിംഗ് ഓഫീസർമാ*രോട് ആവശ്യപ്പെട്ടു.*

(നടപടി : ബാങ്കുകൾ)

**3.2.1.2 സി.ജി.റ്റി.എം.എസ്.ഇ. പദ്ധതിയെപ്പറ്റിയുള്ള ബോധവൽക്കരണം**

വിവരങ്ങളുടെ ഉള്ളടക്കം യോഗം ശ്രദ്ധയിലെടുത്തു. എൽ.ഡി.എമ്മുകൾ അവരവരുടെ ജില്ലകളിൽ സി.ജി.റ്റി.എം.എസ്.ഇ പദ്ധതിയെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടികൾ ഏർപ്പാടു ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

*(നടപടി : എൽ.ജി.എമ്മുകൾ/ബാങ്കുകൾ)*

**3.2.1.3 വനിതാ വ്യവസായ പദ്ധതി (ഡബ്ലിയു.ഐ.എസ്.)യുടെ കീഴിലുള്ള പദ്ധതികൾക്ക് അനുമതി നൽകൽ**

യോഗം ഇതിന്റെ ഉള്ളടക്കം പരിശോധിക്കുകയും വനിതാ വ്യവസായപദ്ധതികൾക്കു കീഴിലുള്ള അപേക്ഷകൾ കാലതാമസം കൂടാതെ അനുവദിക്കുകയും തുക നൽകുകയും ചെയ്യുന്ന പ്രക്രിയ ത്വരിതപ്പെടുത്തുവാൻ എല്ലാ ബാങ്കുകളോടും അഭ്യർത്ഥിക്കുകയും ചെയ്തു.

*(നടപടി : ബാങ്കുകൾ)*

**3.2.2 പി.എം.ഇ.ജി.പി. സംബന്ധിച്ച സംസ്ഥാനതല മോനിറ്ററിംഗ് കമ്മിറ്റി**

(എസ്.എൽ.ബി.സി. മുഖേന പി.എം.ഇ.ജി.പി. സംബന്ധിച്ച സംസ്ഥാനതല മോനിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ചത്).

മുമ്പുണ്ടായിരുന്ന പി.എം.ആർ. പദ്ധതിക്കു കീഴിലുള്ള അപേക്ഷകൾ അയച്ചുകൊടുക്കുന്ന സമ്പ്രദായം പി.എം.ഇ.ജി.പി.യുടെ കാര്യത്തിലും ബാധകമാക്കണമെന്നും ആ പദ്ധതിയിൽ ബാങ്കു

കൾ പങ്കെടുക്കുന്നതിനു യാതൊരു നിയന്ത്രണവും ഏർപ്പെടുത്തരുതെന്നുമുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശം യോഗം പരിഗണിച്ചു.

ഇക്കാര്യത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്ത വിധത്തിൽ പരിഷ്കരണം വരുത്തുന്നതിനായി ഉചിതമായ അധികാര സ്ഥാനങ്ങളുമായി ഏറ്റെടുക്കേണ്ടതാണെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി.

*(നടപടി : എസ്.എൽ.ബി.സി)*

**3.2.3 പി.എം.ഇ.ജി.ഡിയ്ക്കു കീഴിലെ കർത്തവ്യനിർവഹണം - കെ.വി.ഐ.സിയുടെ കുറിപ്പ്**

യോഗത്തിൽ വയ്ക്കപ്പെട്ട കുറിപ്പിന്റെ ഉള്ളടക്കം അറിവിലേക്കായി യോഗം ശ്രദ്ധയിലെടുത്തു.

ഈ അജണ്ട ഇനത്തിനോടു പ്രതികരിച്ചുകൊണ്ട്, കെ.വി.ഐ.സിയുടെ ഡയറക്ടർ **ശ്രീ. കെ. മോഹൻരാജു**, 25.03.2010 വരെ കെ.വി.ഐ.സി. 21.76 കോടി രൂപയോളം വരുന്ന 1060 പ്രോജക്ടുകൾ തീർപ്പാക്കിയിട്ടുണ്ടെന്നറിയിച്ചു. നേട്ടം 102% ആണെന്നും റിലീസ് ചെയ്യപ്പെട്ട മാർജിൻ മണി 119% ആണെന്നും അദ്ദേഹം പറഞ്ഞു. ഡി.ഐ.സി, കെ.വി.ഐ.ബി, കെ.വി.ഐ.സി, എന്നിവയുടെ അക്കൗണ്ടുകളിൽ ലഭ്യമായിട്ടുള്ള പണം ഉപയോഗപ്പെടുത്തുവാൻ ദേശസാൽക്കൃത ബാങ്കുകളെ അനുവദിച്ചുകൊണ്ട് കെ.വി.ഐ.സി. ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. തങ്ങൾ തമ്മിലുള്ള മാർജിൻമണി ക്ലെയിമിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതിനായി മാർജിൻമണി ഒരു അക്കൗണ്ടിൽനിന്നും മറ്റൊന്നിലേക്ക് പരസ്പരമാറ്റം ചെയ്യാവുന്നതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇതുകൂടാതെ, 8 കോടിരൂപയോളം വരുന്ന അഡീഷണൽ ഫണ്ട് നൽകുവാൻ കെ.വി.ഐ.സി.യുടെ കേന്ദ്ര ഓഫീസിലേക്ക് നിർദേശം സമർപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. 31.03.2010വരെ പി.എം.ഇ.ജി.പി.യിൻ കീഴിൽ അനുവാദം നൽകിയ കേസുകളിൽ മാർജിൻ മണി സബ്സിഡി ഉപയോഗത്തിനുള്ള സമയപരിധി 30.04.2010വരെ ദീർഘിപ്പിക്കുവാനുള്ള ഒരു നിർദ്ദേശം എം.എസ്.എം.ഇ. മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ടെന്നും കൂടി അദ്ദേഹം പറഞ്ഞു.

**3.2.4 കയർവികസന ഡയറക്ടറേറ്റ് നൽകിയ വിവരക്കുറിപ്പ്**

**3.2.4.1 കടാശ്വാസ പദ്ധതി**

ടേബിൾഡ് ഇനമായി വയ്ക്കപ്പെട്ടതും നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ളതുമായ കടാശ്വാസ പദ്ധതിയുടെ വിശദവിവരങ്ങൾ യോഗം ശ്രദ്ധയിലെടുത്തു.

*(നടപടി: ബാങ്കുകൾ)*

**3.2.4.2 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

ഉള്ളടം അറിവിലേക്കായി യോഗം ശ്രദ്ധയിലെടുത്തു.

*(നടപടി : ബാങ്കുകൾ)*

**3.2.4.3 തൊണ്ടു സംഭരണ പദ്ധതി**

ഉള്ളടക്കം അറിവിലേക്കായി യോഗം ശ്രദ്ധയിലെടുത്തു.

*(നടപടി : ബാങ്കുകൾ)*

**4 മുമ്പു നടന്ന യോഗങ്ങളിലെ തീരുമാനങ്ങളുടെയും അവയുടെ പാലനത്തിന്റെയും അവലോകനം**

**4.1 നിലവിലുള്ള വിഷയങ്ങൾ**

**4.1.1 എൽ.ബി.ആർ.ഐ, എസ്.എ.എം.ഐ.എസ്. കോഡുകളും സോഫ്റ്റ് വെയറും ഉടച്ചുവാർക്കൽ**

24.02.2010ലെ ആർ.പി.സി.ഡി.(റ്റി) നം. എൽ.ബി.എസ്./1602/03.02.02/2009-10 എന്ന കത്തു

മുഖേന, കൂടുതൽ നിർദ്ദേശങ്ങൾ ഉണ്ടാകുന്നതുവരെ ഇപ്പോഴത്തെ റിപ്പോർട്ടിംഗ് സമ്പ്രദായം തുടരുവാൻ റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട് എന്ന കാര്യം യോഗം പരിഗണിച്ചു.

ഇതിന്റെ വെളിച്ചത്തിൽ ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**4.1.2 ബാങ്ക് വായ്പകൾ റേഷൻ കാർഡിൽ രേഖപ്പെടുത്തൽ**

കേരള സർക്കാരിന്റെ ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും വകുപ്പിന്റെ സെക്രട്ടറി **ശ്രീ. ടീക്കാറാം മീണ ഐ.എ.എസ്.** ഈ കാര്യം ബന്ധപ്പെട്ട ആളുകളുമായി ഏറ്റെടുക്കുന്നതാണെന്ന് യോഗത്തിന് ഉറപ്പ് നൽകി.

*(നടപടി : ആസൂത്രണ വകുപ്പ്/ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)*

**4.1.3 ആർ.ആർ. ആവശ്യപ്പെടലുകൾ സ്വീകരിക്കാതിരിക്കൽ**

ഈ വിഷയത്തിൽ യുക്തിയുക്തമായ നിഗമനത്തിൽ എത്തുന്നതിനായി ആവശ്യമായ ഫീഡ് ബാക്ക് നൽകുവാൻ കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലെ എൽ.ഡി.എമ്മുകളോട് ആവശ്യപ്പെട്ടുകൊണ്ട് എസ്.എൽ.ബി.സി. ഇക്കാര്യം ഏറ്റെടുത്തിട്ടുണ്ടെന്നുള്ളത് യോഗം ശ്രദ്ധയിലെടുത്തു. എന്നാൽ പിന്നീട് പ്രശ്നങ്ങൾ യാതൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**4.1.4 ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം**

ഇക്കാര്യത്തിലെ പുരോഗതിയെ സംബന്ധിച്ച വിവരം നൽകുന്നതിന് റവന്യു വകുപ്പിന്റെ പ്രതിനിധി ഹാജരുണ്ടായിരുന്നില്ല. യുക്തിയുക്തമായ ഒരു പരിഹാരം കണ്ടെത്തുന്നതുവരെ ഇക്കാര്യം പിന്തുടരുവാൻ യോഗം തീരുമാനിച്ചു.

*(നടപടി : റവന്യു വകുപ്പ്)*

**4.1.5 എസ്.എച്ച്.ജി. വായ്പകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി വേണ്ടെന്നുവയ്ക്കൽ**

ഇത് സംസ്ഥാനത്തിന്റെ റവന്യുവിനെ ബാധിക്കുന്ന കാര്യമാകയാൽ നികുതി/റവന്യു വകുപ്പുകളുമായി ഇക്കാര്യം ഏറ്റെടുക്കുന്നതിന് യോഗം തീരുമാനിച്ചു. എസ്.എൽ.ബി.സി. യുടെ ഉപസമിതിയിൽ കൈകാര്യം ചെയ്യുന്നതിനായി ഈ വിഷയം ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

കാനറാ ബാങ്ക് ജനറൽ മാനേജരും യോഗാദ്ധ്യക്ഷനുമായ **ശ്രീ എച്ച്.എസ്. ഉപേന്ദ്രകമ്മത്ത്**, സാധാരണക്കാരെ ബാധിക്കുന്ന ഒരു വിഷയമാകയാൽ ഈ വിഷയം തുടർന്നും മുമ്പോട്ടു കൊണ്ടു പോകേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

*(നടപടി : നികുതിവകുപ്പ്/എസ്.എൽ.ബി.സി.)*

**4.1.6 ബാങ്കുകളുടെ പേർക്ക് സൃഷ്ടിക്കപ്പെടുന്ന ഇക്വിറ്റബിൾ മോർട്ട്ഗേജ് സബ്-രജിസട്രാറുടെ അടുത്ത് രജിസ്റ്റർ ചെയ്യൽ**

കാനറാ ബാങ്ക് ജനറൽ മാനേജരും എസ്.എൽ.ബി.സി.കൺവീനറുമായ **ശ്രീ.എച്ച്.എസ്. ഉപേന്ദ്ര കമ്മത്ത്**, ഇത് സംസ്ഥാനത്തിന് റവന്യു വരുമാനമുണ്ടാക്കുന്ന കാര്യമാകയാൽ ഇത് തുടർന്നും പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

അതിനാൽ, ഇക്കാര്യം ആസൂത്രണ/രജിസ്ട്രേഷൻ വകുപ്പുകളുമായി ഏറ്റെടുക്കുവാനും എസ്.എൽ.ബി.സി. ഉപസമിതിക്കു റഫർ ചെയ്യുവാനും യോഗം തീരുമാനിച്ചു.

*(നടപടി: ആസുത്രണ/രജിസ്ട്രേഷൻ വകുപ്പുകൾ/എസ്.എൽ.ബി.സി.)*

**4.1.7 എം.എൻ. ലക്ഷംവീടു പുനർനിർമ്മാണ പദ്ധതി**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകോപനസമിതിയുടെ 18.11.2009ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ പ്രകാരം, മേൽപ്പറഞ്ഞ തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കുകയുണ്ടായി എന്ന് 18.02.2010ലെ 2684/സി1/2008/ഹൗസിംഗ് എന്ന നമ്പർ കത്തുമുഖേന ഭവന നിർമ്മാണ (സി) വകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറി താഴെപ്പറയുംപ്രകാരം അറിയിച്ചിട്ടുള്ളതു യോഗം ശ്രദ്ധയിലെടുത്തു.

കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ മുഖേന അർഹമായിട്ടുള്ള സബ്സിഡിക്കു പുറമെ എം.എൻ. ലക്ഷംവീടു പുനർനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പയെന്ന നിലയിലുള്ള ധനസഹായവും ലഭ്യമാക്കേണ്ടതാണ്. എന്നാൽ പണമിടപാടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തേണ്ടതാണെന്നുള്ള നിർദ്ദേശത്തോടു യോജിക്കാൻ സാധ്യമല്ല. വായ്പയുടെയോ പലിശയുടെയോ ബാധ്യത തദ്ദേശസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാനാവില്ല.

മേൽപ്പറഞ്ഞ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ ഈ വിഷയം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**4.1.8 ദേശീയ മോർട്ട്ഗേജ് റിപ്പോസിറ്ററി എന്ന പേരിൽ ഒരു കേന്ദ്ര രജിസ്ട്രി ഉണ്ടാക്കൽ**

യോഗത്തിൽ ഈ വിഷയത്തിൽ ഉചിതമായ അധികാരികളാരും ഇല്ലാതിരുന്നതിനാൽ ഇക്കാര്യം എസ്.എൽ.ബി.സി.യുടെ ഉപസമിതിയിൽ പരിഗണിക്കുവാൻ തീരുമാനിച്ചു.

*(നടപടി: റവന്യുവകുപ്പ്/എസ്.എൽ.ബി.സി)*

**4.1.9 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റും 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റും - വായ്പത്തുക വസൂലാക്കുന്നതിനായി ബാങ്കുകളിൽ പണയപ്പെടുത്തിയിട്ടുള്ള സ്വർണ്ണമോ വിലപ്പെട്ട സാധനങ്ങളോ വിൽക്കൽ - പ്രത്യേകാനുമതി ഹർജി (എസ്.എൽ.പി.) ഫയൽ ചെയ്യൽ**

ഇക്കാര്യം നികുതിവകുപ്പുമായി ഏറ്റെടുക്കുവാൻ യോഗം തീരുമാനിച്ചു.

*(നടപടി : നികുതി വകുപ്പ്)*

**4.1.10 സംസ്ഥാന സർക്കാർ നല്കിയിട്ടുള്ള ഗാരണ്ടികൾ**

കേരള സർക്കാരിന്റെ ധനകാര്യവകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി **ഡോ. പി. പ്രഭാകരൻ ഐ.എ.എസിന്റെ** അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽവച്ച് 27.03.2010ൽ കൂടിയ ഉപസമിതി യോഗത്തിന്റെ തീരുമാനങ്ങൾ യോഗത്തിൽ സമർപ്പിക്കുകയുണ്ടായി. കേരള സർക്കാർ ഗാരണ്ടി നൽകിയിട്ടുള്ള അക്കൗണ്ടുകളുടെ വിശദവിവരങ്ങൾ കുറഞ്ഞത് ത്രൈമാസിക ഇടവേളകളിലെങ്കിലും വ്യവസായ വകുപ്പു സെക്രട്ടറിക്കു ശേഖരിച്ചു നൽകുവാൻ എസ്.എൽ.ബി.സി.യെ അധികാരപ്പെടുത്തിക്കൊണ്ട് തീരുമാനിച്ചു. അർത്ഥവത്തായ തുടർ നടപടി സാധ്യമാക്കുന്നതിനായി വരുന്ന ത്രൈമാസം മുതൽ മേൽപ്പറഞ്ഞ സമ്പ്രദായം അനുവർത്തിക്കണമെന്നതിനോട് യോഗം യോജിപ്പ് പ്രകടിപ്പിച്ചു.

ഉപസമിതിയുടെ തീരുമാനം എസ്.എൽ.ബി.സി. അംഗീകരിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

**4.1.11 സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും ഭൂസ്വത്തിനെ സംബന്ധിച്ചു നൽകുന്ന ബാധ്യതാ/കുടിക്കട സർട്ടിഫിക്കറ്റുകളുടെ മാതൃകയിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നിർദ്ദേശം**

എസ്.എൽ.ബി.സി. നിർദ്ദേശിച്ച പ്രകാരമുള്ള പരിഷ്കരണം ബാധ്യതാ സർട്ടിഫിക്കറ്റിന്റെ മാതൃകയിൽ വരുത്തുവാൻ സാധ്യമല്ല എന്ന്, 04.11.2009-ലെ എസ്.എൽ.ബി.സിയുടെ കത്തിനോട് പ്രതി

കരിച്ചു കൊണ്ട് 18.01.2010ലെ 27532/ഇ2/09/റ്റി.ഡി എന്ന നമ്പർ കത്തുമുഖേന കേരള സർക്കാരിന്റെ നികുതി (ഇ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്പഷ്ടീകരിച്ചിട്ടുള്ളത് യോഗം പരിഗണിച്ചു.

കാനറാ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറും യോഗാദ്ധ്യക്ഷനുമായ **ശ്രീ.എച്ച്.എസ്. ഉപേന്ദ്ര കമ്മത്ത്,** ഈ പ്രശ്നം എല്ലാ ബാങ്കുകളെയും ബാധിക്കുന്ന ഒന്നാകയാൽ സംസ്ഥാന സർക്കാർ ഇക്കാര്യം ഒന്നുകൂടി പരിഗണിക്കണം എന്ന് അഭിപ്രായപ്പെട്ടു.

ആസുത്രണവും സാമ്പത്തിക കാര്യങ്ങളും വകുപ്പ് സെക്രട്ടറി **ശ്രീ. ടീക്കാറാം മീണ ഐ.എ.എസ്** ഇക്കാര്യം എസ്.എൽ.ബി.സി. ഉപസമിതിയിൽ വയ്ക്കുവാൻ നിർദ്ദേശിച്ചു.

*(നടപടി : എസ്.എൽ.ബി.സി.)*

### 4.1.12 വാണിജ്യ നികുതി വകുപ്പ് ആവശ്യപ്പെടുന്ന ഇടപാടുകാരെ സംബന്ധിച്ച വിശദവിവരങ്ങൾ – ഇടപാടുകാരുടെ അക്കൗണ്ടുകളുടെ രഹസ്യസ്വഭാവം പാലിക്കുവാൻ ബാങ്കുകൾക്കുള്ള ബാധ്യത

കേരളസർക്കാരിന്റെ നികുതി (സി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 14.01.2010ലെ 14496/സി3/2008/റ്റി.ഡി. എന്ന നമ്പർ കത്തു മുഖേന, പല നികുതി വെട്ടിപ്പു കേസുകളും ബന്ധപ്പെട്ട ആളുകളുടെ ബാങ്ക് ഇടപാടു വിവരങ്ങൾ കൊണ്ട് അന്തിമ തീർപ്പു കൽപ്പിക്കുവാനോ തെളിയിക്കുവാനോ കഴിഞ്ഞിട്ടുണ്ട് എന്ന് അറിയിച്ചത് യോഗം പരിഗണിച്ചു. നികുതിവെട്ടിപ്പ് കേസുകളിൽ ഇത് ഒരു നിർണ്ണായക തെളിവാണ്. പ്രഥമവും പ്രധാനവുമായ പൊതു കടമ സർക്കാരിന്റെ വരുമാനം സംരക്ഷിക്കുന്നതിന് സഹായിക്കുക എന്നതാണെന്നും വിശദവിവരങ്ങൾ നൽകുന്നതുവഴി കേന്ദ്ര നികുതിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിനെ സഹായിക്കുകയാണ് ബന്ധപ്പെട്ടവർ ചെയ്യുന്നത് എന്നും അദ്ദേഹം ഓർമ്മിപ്പിച്ചിരുന്നു. കേന്ദ്ര നിയമങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്രകാരമൊരു തടസ്സവാദം ഉന്നയിക്കപ്പെടുന്നില്ല എന്നതും അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.

ഈ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

### 4.1.13 രജിസ്റ്റർ ചെയ്യപ്പെടുന്ന മെമ്മോറാണ്ടങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും കുറയ്ക്കേണ്ടതിന്റെ ആവശ്യകത

കേരള സർക്കാരിന്റെ ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും വകുപ്പ് സെക്രട്ടറി **ശ്രീ. ടീക്കാറാം മീണ ഐ.എ.എസ്.**, ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി കേരള സർക്കാരിന്റെ റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ എസ്.എൽ.ബി.സിയുടെ ഉപസമിതിയിലേക്ക് ക്ഷണിക്കണമെന്നും ഈ വിഷയം ഉപസമിതിയിൽ ചർച്ച ചെയ്യുന്നതിനായി അതിന്റെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

*(നടപടി : എസ്.എൽ.ബി.സി.)*

### 4.1.14 2002ലെ സർഫേസി ആക്റ്റിന്റെയും ചട്ടങ്ങളുടെയും കീഴിലുള്ള വില്പന സർട്ടിഫിക്കറ്റിന് സർച്ചാർജ്ജ് ഒഴിവാക്കൽ

കാര്യപരിപാടിയിലെ ഈ ഇനം, തിരുവനന്തപുരത്ത് ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ സൗത്ത് കോൺഫറൻസ് ഹാളിൽ വച്ച് 27.03.2010 ൽ നടന്ന ഉപസമിതിയോഗത്തിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. കേരളസർക്കാരിന്റെ രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ ശ്രീ.കെ. രാമകൃഷ്ണൻ, അടുത്തകാലത്ത് ധനകാര്യ ബില്ലിൽ വരുത്തിയ ഭേദഗതി പ്രകാരം 01.04.2010 മുതൽ സർച്ചാർജ് ഡ്യൂട്ടി ഒഴിവാക്കുന്നതാണെന്ന് അറിയിച്ചു. അതിനാൽ ഈ പ്രശ്നം പരിഹരിച്ചതായി കണക്കാക്കാവുന്നതാണ്.

മേൽപ്പറഞ്ഞ വിശദീകരണത്തിന്റെ വെളിച്ചത്തിൽ, ഈ ഇനം നിലവിലുള്ള പ്രശ്നങ്ങളുടെ പട്ടികയിൽ നിന്നും വിട്ടുകളയുവാൻ എസ്.എൽ.ബി.സിയോട് ശുപാർശ ചെയ്യുന്നതിന് ഉപസമിതി തീരുമാനിച്ചു. മേൽപ്പറഞ്ഞ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**4.1.15 സർഫേസി ആക്റ്റുപ്രകാരം ബാങ്കുകൾ കൈവശപ്പെടുത്തിയ സ്ഥാവര വസ്തുക്കളെ സംബന്ധിച്ച ഉൾക്കുറിപ്പ് 1-ാം പുസ്തകത്തിൽ ചേർക്കുവാൻ സബ്രജിസ്ട്രാർമാരെ അധികാരപ്പെടുത്തിക്കൊണ്ട് കേരള രജിസ്ട്രേഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യൽ/ പരിഷ്കരിക്കൽ**

2002-ലെ സർഫേസി ആക്റ്റിന്റെയും ചട്ടങ്ങളുടെയും കീഴിലുള്ള വില്പന സർട്ടിഫിക്കറ്റിനെ സർച്ചാർജിൽ നിന്നൊഴിവാക്കുന്നതും സർഫേസി ആക്റ്റുപ്രകാരം ബാങ്കുകൾ കൈവശപ്പെടുത്തിയ സ്ഥാവര വസ്തുക്കളെ സംബന്ധിച്ച ഉൾക്കുറിപ്പ് 1-ാം പുസ്തകത്തിൽ ചേർക്കുന്നതിന് സബ്രജിസ്ട്രാർമാരെ അധികാരപ്പെടുത്തുന്നതിന് കേരള രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതിയോ പരിഷ്ക്കരണമോ വരുത്തുന്നതും അനുകൂലമായി പരിഗണിക്കാൻ സാധ്യമല്ലെന്ന് കേരള സർക്കാരിന്റെ നികുതി (ഇ) വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചത് 07.12.2009-ലെ സൗത്ത് കോൺഫറൻസ് ഹാളിൽ വച്ചു നടത്തപ്പെട്ട ഉപസമിതിയോഗം ശ്രദ്ധയിലെടുത്തിരുന്നു.

കേരളസർക്കാരിന്റെ രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ **ശ്രീ.എ.കെ. രാമകൃഷ്ണൻ,** 2002-ലെ സർഫേസി ആക്റ്റിൻ കീഴിൽ കൈവശത്തിലെടുത്ത സ്ഥാവര വസ്തുക്കളെ സംബന്ധിച്ച ഉൾക്കുറിപ്പ് ചേർക്കുവാൻ സബ്രജിസ്ട്രാർമാരെ അധികാരപ്പെടുത്തിക്കൊണ്ട് രജിസ്ട്രേഷൻ ആക്റ്റിന്റെ 89-ാം വകുപ്പിൽ അനുയോജ്യമായ ഭേദഗതി വരുത്തിയാലല്ലാതെ ഡിപ്പാർട്ടുമെന്റിനു യാതൊന്നും ചെയ്യാൻ കഴിയില്ല എന്നറിയിച്ചു.

കേരളസർക്കാരിന്റെ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി **ഡോ.പി.പ്രഭാകരൻ ഐ.എ.എസ്,**. ഇക്കാര്യം എസ്.എൽ.ബി.സി തലത്തിൽ കൂടുതൽ പരിശോധിക്കണമെന്നും ആവശ്യമെന്നുകണ്ടാൽ ബന്ധപ്പെട്ട വകുപ്പുമായി ഇക്കാര്യം വീണ്ടും ഏറ്റെടുക്കണമെന്നും നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ നിർദ്ദേശം പരിഗണിച്ച്, ഇക്കാര്യത്തിൽ ഒരു അനുകൂലതീരുമാനം ലഭിക്കുന്നതിലേക്കായി നികുതിവകുപ്പുമായി വീണ്ടും ബന്ധപ്പെടുവാൻ യോഗം തീരുമാനിച്ചു.

*(നടപടി : നികുതിവകുപ്പ്)*

**4.1.16. ഇക്വിറ്റബിൾ മോർട്ട്ഗേജിനുവേണ്ടി കൂടുതൽ കേന്ദ്രങ്ങൾ വിജ്ഞാപനം ചെയ്യൽ**

27.03.2010 ൽ തിരുവനന്തപുരം, ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ സൗത്ത് കോൺഫറൻസ് ഹാളിൽ വച്ചുനടന്ന ഉപസമിതി യോഗത്തിൽ, കേരളസർക്കാരിന്റെ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.പി. പ്രഭാകരൻ ഐ.എ.എസ്, ഇക്കാര്യം പരിശോധിക്കുവാൻ രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറലിനോട് അഭ്യർത്ഥിച്ചു. കേരള സർക്കാരിന്റെ രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എ.കെ. രാമകൃഷ്ണൻ, ഇക്കാര്യം ഒരു തീരുമാനമെടുക്കുന്നതിലേക്കായി പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.

മേൽപ്പറഞ്ഞ തീരുമാനത്തിന്റെ വെളിച്ചത്തിൽ, ഇക്കാര്യം തുടർന്നും ഏറ്റെടുക്കുവാൻ യോഗം തീരുമാനിച്ചു.

*(നടപടി : നികുതി/രജിസ്ട്രേഷൻ വകുപ്പുകൾ)*

**4.1.17. വില്പന നികുതി വകുപ്പ് അവകാശപ്പെടുന്ന ആദ്യചാർജ്**

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ V.S. സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ (സി.എ. 95/05) ബഹുമാനപ്പെട്ട സുപ്രീംകോടതി കേരള പൊതുവില്പന നികുതി ആക്റ്റിന്റെ 38-ാം വകുപ്പിന്റെ ഭരണഘടനാപരമായ സാധ്യത അംഗീകരിച്ചിട്ടുണ്ടെന്നും അതിനാൽ ഈ ആവശ്യം പരിഗണിക്കാൻ സാധ്യമല്ലെന്നും കേരളസർക്കാരിന്റെ നികുതി (സി) വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി 14.01.2010-ലെ 14496/സി3/2008/റ്റി.ഡി എന്ന നമ്പർ കത്തു മുഖേന അറിയിച്ചത് തിരുവനന്തപുരത്ത് ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ സൗത്ത് കോൺഫറൻസ് ഹാളിൽ വച്ച് 27.03.2010 ൽ കൂടിയ ഉപസമിതിയോഗം ശ്രദ്ധയിലെടുത്തിരുന്നു എന്നത് യോഗം പരിഗണിച്ചു.

കേരള സർക്കാരിന്റെ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി **ഡോ.പി.പ്രഭാകരൻ ഐ.എ.എസ്** മേൽപ്പറഞ്ഞ കാര്യം എടുത്തു പറയുകയും അടിസ്ഥാന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന മറ്റെന്തെങ്കിലും പ്രാവർത്തിക നിർദ്ദേശങ്ങൾ കണ്ടെത്താൻ സർക്കാർ ശ്രമിക്കുന്നതാണെന്നറിയിക്കുകയും ചെയ്തു. സർക്കാരിനുകിട്ടാനുള്ള കുടിശ്ശിക പരമപ്രധാനമാണെന്നും ജപ്തി ഉണ്ടാകുന്ന സംഗതികളിൽ അതുമുഖേന ബാങ്കുകൾക്കു കിട്ടാനുള്ള കുടിശ്ശികയും വസൂലാക്കുന്നത് ഉറപ്പാക്കുവാൻ ബാങ്കുകൾ ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും അദ്ദേഹം വിശദീകരിച്ചു. നിലവിൽ പ്രാബല്യത്തിലിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സർക്കാരിനു കിട്ടാനുള്ള പണത്തിനു തന്നെയായിരിക്കും ആദ്യചാർജ്. പ്രായോഗികമായ നിർദ്ദേശങ്ങൾ എസ്.എൽ.ബി.സി മുമ്പോട്ടു വയ്ക്കുകയാണെങ്കിൽ അവ പരിശോധിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ വിശദീകരണത്തിന്റെ വെളിച്ചത്തിൽ, എസ്.എൽ.ബി.സിയെ ഇക്കാര്യം മുറപോലെ അറിയിക്കുവാനും എസ്.എൽ.ബി.സി.യുടെ പട്ടികയിൽ നിലവിലുള്ള വിഷയം എന്ന സ്ഥാനത്തുനിന്നും ഈ വിഷയം വിട്ടുകളയാൻ ശുപാർശ ചെയ്യുവാനും ഉപസമിതി തീരുമാനിച്ചു.

മേൽപ്പറഞ്ഞ വിശദീകരണം പരിഗണിച്ച് ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**4.1.18. ഭൂരേഖകളുടെ പോക്കുവരത്ത് ചെയ്യൽ**

കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ കൺട്രോളിംഗ് ഓഫീസർമാരോട് ഓരോരോ പ്രത്യേക കേസും, ബാധ്യതാസർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭിക്കുന്നതിനു സാധ്യമാക്കത്തക്കവിധത്തിൽ, അതതുജില്ലകളിലെ റവന്യൂ വകുപ്പുമായി ഏറ്റെടുക്കുവാൻ എസ്.എൽ.ബി.സി ആവശ്യപ്പെട്ടിരുന്നു എന്നത് യോഗം പരിഗണിച്ചു.

മേൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ ഈ ഇനം വിട്ടുകളയുവാൻ യോഗം തീരുമാനിച്ചു.

**4.1.19. സംസ്ഥാനത്തെ ജില്ലതിരിച്ചുള്ള വായ്പാ - നിക്ഷേപ അനുപാതം**

ജില്ല തിരിച്ചുള്ള വായ്പാ - നിക്ഷേപ അനുപാതം യോഗം പരിഗണിക്കുകയും പത്തനംതിട്ട ജില്ലയിൽ അനുപാതം ഇപ്പോഴത്തെ നിലയിൽ നിന്നും മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളെടുക്കേണ്ടതാണെന്നു നിർദ്ദേശിക്കുകയും ചെയ്തു.

**4.1.20.ദേശീയ ഭവന നിർമ്മാണ ബാങ്കിന്റെ റിവേഴ്സ് മോർട്ട്ഗേജ് വായ്പാ പദ്ധതിയുടെ പുരോഗതിയുടെ അവലോകനം - വിവരത്തിലേക്കായി**

വിവരക്കുറിപ്പിന്റെ ഉള്ളടക്കം യോഗം ശ്രദ്ധയിലെടുത്തു.

**4.1.21.വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സാധ്യമാക്കുന്ന സാമ്പത്തിക ഉൾപ്പെടുത്തൽ.**

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തലിന്റെ പുരോഗതി അവലോകനം ചെയ്തുകൊണ്ട്, റിസർവ് ബാങ്ക് റീജിയണൽ ഡയറക്ടർ **ശ്രീ.എസ്.രാമസ്വാമി,**

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ പരിപാടി നടപ്പിലാക്കുന്നതിൽ ഇടുക്കി ജില്ലയിൽ നല്ല പുരോഗതി ഉണ്ടായിട്ടുണ്ടെന്നും എന്നാൽ കൊല്ലം, വയനാട് എന്നീ ജില്ലകളിൽ പുരോഗതി ആഗ്രഹിച്ച തോതിൽ എത്തിയിട്ടില്ല എന്നും അഭിപ്രായപ്പെട്ടു. ആ ജില്ലകളിലെ ലീഡ് ബാങ്കുകളായ ഇന്ത്യൻ ബാങ്കും കാനറാ ബാങ്കും തങ്ങളുടെ അതതു ജില്ലകളിൽ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മുൻകൈ എടുക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

*(നടപടി : കൊല്ലം/വയനാട് എൽ.ഡി.എമ്മുകൾ)*

**4.1.22. സർക്കാർ തുക നൽകലുകൾക്കുവേണ്ടിയുള്ള ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ കൂടുതൽ വേഗത്തിൽ സ്വീകരിക്കുന്നതിനുള്ള പ്രോത്സാഹന പദ്ധതി.**

കേരളസർക്കാരിന്റെ ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും വകുപ്പു സെക്രട്ടറി **ശ്രീ.ടീക്കാറാംമീണ ഐ.എ.എസ്.**, ഈ വിഷയം വിവരസാങ്കേതിക വിദ്യാ വകുപ്പുമായി ബന്ധപ്പെട്ടതാണെന്നും ഇതു ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചുകൊണ്ടു മാത്രമേ നടപ്പിലാക്കാൻ കഴിയൂ എന്നും അറിയിച്ചു. മേൽപ്പറഞ്ഞ വിവരത്തിന്റെ അടിസ്ഥാനത്തിൽ, ഈ വിഷയം എസ്.എൽ.ബി.സി.യുടെ ഉപസമിതിയുടെ പരിഗണനയ്ക്കു വിടാവുന്നതാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

**4.1.23. ഗ്രാമീണ സ്വയം തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ആർ.എസ്.ഇ.റ്റി.ഐ)- വിവരക്കുറിപ്പ്**

ഗ്രാമീണ സ്വയം തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ നടപ്പിലാക്കുന്നതിന്റെ പുരോഗതിയെപ്പറ്റി സമർപ്പിക്കപ്പെട്ട വിവരക്കുറിപ്പ് യോഗം പരിഗണിച്ചു.

**4.1.24. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായിട്ടുള്ള പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടി ഉൾപ്പെടെ വിവധ മന്ത്രാലയങ്ങളുടെ/വകുപ്പുകളുടെ വിവധ പദ്ധതികൾക്കുകീഴിൽ 2009-10 ലേക്കുള്ള ലക്ഷ്യം നിശ്ചയിക്കൽ.**

വിവരക്കുറിപ്പിൽ നിർദ്ദേശിച്ചപ്രകാരമുള്ള ഉപ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ നടപടികൾ എടുക്കുവാൻ താന്താങ്ങളുടെ അധികാരപരിധിയിൽപ്പെട്ട ബാങ്കുകളോട് ഉപദേശിക്കുവാൻ എല്ലാ ബാങ്കുകളുടെയും കൺട്രോളിംഗ് ഓഫീസർമാരോട് യോഗം അഭ്യർത്ഥിച്ചു.

*(നടപടി : എല്ലാ ബാങ്കുകളും)*

**4.1.25 രാജ്യത്തെ ബാങ്കിംഗ് ശൃംഖല വ്യാപിപ്പിക്കാൻ വേണ്ടത്ര ബാങ്കുകളില്ലാത്തതും/ബാങ്കുകൾ ഇല്ലാത്തതുമായ ജില്ലകളിൽ/ബ്ളോക്കുകളിൽ ബാങ്കുശാഖകൾ തുറക്കൽ - തുടർനടപടി.**

ബാങ്കുകളില്ലാത്ത പ്രദേശങ്ങളിൽ ബാങ്കിംഗ് സൗകര്യമേർപ്പെടുത്തുന്നതിന്റെ പുരോഗതി അതതു ലീഡ് ബാങ്കുകളിൽ നിന്നും ശേഖരിച്ചത് യോഗത്തിൽ വയ്ക്കപ്പെട്ടു. കേരളത്തിൽ 2000 ൽ അധികം ജനസംഖ്യയുള്ളതും ബാങ്കിംഗ് സൗകര്യമില്ലാത്തതുമായ പ്രദേശങ്ങളുടെ ജില്ലതിരിച്ചും/ ബാങ്കുതിരിച്ചും ഉള്ള വിവരങ്ങൾ യോഗം അവലോകനം ചെയ്യുകയും ശ്രദ്ധയിലെടുക്കുകയും ചെയ്തു. പുരോഗതി തുടർന്നും അവലോകനം ചെയ്തുകൊണ്ടിരിക്കുവാൻ തീരുമാനിച്ചു.

**4.1.26. റവന്യൂ റിക്കവറിയിൽ കമ്പ്യൂട്ടർ വൽക്കരണം കൊണ്ടുവരൽ**

തിരുവനന്തപുരം, ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസു ഹാളിൽ വച്ച് 27.03.2010 ൽ കൂടിയ ഉപസമിതിയോഗം ഇക്കാര്യം എസ്.എൽ.ബി.സിയുടെ 100-ാമതു യോഗത്തിൽ ചർച്ചയ്ക്കുവന്നതാണെന്നുള്ളതു പരിഗണിക്കുകയും ഇവിടെ അതു വിവരത്തിനായി മാത്രം പരാമർശിക്കുന്നതാണെന്നു നിരീക്ഷിക്കുകയും ചെയ്തു.

മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ താലൂക്ക് ഓഫീസുകളിൽ ബാങ്കുകളുടെ സഹായത്തോടെ റവന്യൂ റിക്കവറിക്കുള്ള ഓൺ ലൈൻ സംവിധാനം സ്ഥാപിച്ചിട്ടുള്ളതായി **നാഷണൽ ഇൻഫൊർമാറ്റിക് സെന്ററിന്റെ** (എൻ.ഐ.സി) പ്രതിനിധി അറിയിച്ചു. സോഫ്റ്റ്വെയർ തയ്യാറാക്കിക്കഴിഞ്ഞതായും അതു നന്നായി പ്രവർത്തിക്കുന്നതായും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ 9 ജില്ലകളിൽ റവന്യൂറിക്കവറിക്ക് ഓൺലൈൻ സംവിധാനം ആരംഭിക്കുന്നതാണെന്നും ഇത് താലൂക്കുകളുടെയും സ്റ്റാഫിന്റെയും എണ്ണത്തെ ആശ്രയിച്ചാണിരിക്കുന്നത് എന്നും അറിയിച്ചു. ഈ സംവിധാനം സ്ഥാപിക്കുന്നതിന് തങ്ങളുടെ പിന്തുണ നൽകുവാൻ മറ്റു ജില്ലകളിലെയും ലീഡ് ബാങ്ക് ഓഫീസുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ അദ്ദേഹം എസ്.എൽ.ബി.സിയോട് അഭ്യർത്ഥിച്ചു. ഇക്കാര്യം ലീഡ് ബാങ്കുകളുമായി ഏറ്റെടുക്കുന്നതാണെന്നും ഒരു ജില്ലയിലെ ബാങ്കുകളുടെ എണ്ണത്തിനെ ആശ്രയിച്ചു ചെലവു പങ്കിടുന്ന അടി സ്ഥാനത്തിൽ എല്ലാ താലൂക്കുകളിലും/ജില്ലകളിലും ഇക്കാര്യം നടപ്പിലാക്കുന്നതിന് ഏകരൂപമായ ഒരു സംവിധാനം ഉണ്ടാക്കുന്നതാണെന്നും എസ്.എൽ.ബി.സി കൺവീനർ ഉറപ്പുനൽകി.

മേൽപ്പറഞ്ഞ തീരുമാനം പരിഗണിച്ച്, ഈ വിഷയം തുടർന്നും ഏറ്റെടുക്കുവാൻ എസ്.എൽ.ബി.സി യോഗം തീരുമാനിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

**4.1.27. ഇന്ദിരാ ആവാസ് യോജന – ഡി.ആർ.ഐ പദ്ധതിക്കു കീഴിൽ ബാങ്കുകളിൽ നിന്നും ടോപ്പ്അപ്പ് വായ്പ**

റിസർവ്വ് ബാങ്ക് ഡപ്യൂട്ടി ജനറൽ മാനേജർ **ശ്രീ.ആർ.കെ.മോറിയ**, ഈ പദ്ധതിയുടെ വിശദവിവരങ്ങൾ തങ്ങൾക്കു കിട്ടിയിട്ടില്ലെന്നുപറയുകയും അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യാൻ എസ്.ബി.എൽ.സിയോട് അഭ്യർത്ഥിക്കുകയും ചെയ്തു.

*(നടപടി : റിസർവ് ബാങ്ക്/എസ്.എൽ.ബി.സി)*

**4.1.28 സാമ്പത്തിക ഉൾപ്പെടുത്തലിനെ സംബന്ധിച്ച വിലയിരുത്തൽ പഠന റിപ്പോർട്ട്**

സമർപ്പിക്കപ്പെട്ട വിവരക്കുറിപ്പിന്റെ ഉള്ളടക്കം യോഗം ശ്രദ്ധയിലെടുത്തു.

**4.2 പുതിയ വിഷയങ്ങൾ**

**4.2.1. ഭാരതീയ റിസർവ് ബാങ്ക് നിർദ്ദേശിച്ച അജണ്ടാ ഇനങ്ങൾ**

**4.2.1.1. സാമ്പത്തിക ഉൾപ്പെടുത്തൽ**

ഹൈസ്കൂൾ തലത്തിൽ സാമ്പത്തിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പാഠ്യപദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിക്കണമെന്നും വിദ്യാഭ്യാസ വകുപ്പ് ഇതിനായുള്ള പ്രക്രിയ ആരംഭിക്കണമെന്നുള്ള സ്റ്റിയറിംഗ് കമ്മിറ്റിയുടെ അഭിപ്രായത്തോട് യോഗം യോജിച്ചു.

കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ **ശ്രീമതി.ശാരദാമുരളീധരൻ, ഐ.എ.എസ്** ബാലസഭയ്ക്കുവേണ്ടിയുള്ള ഒരു പരിപാടി 2010 മേയ് മാസത്തിൽ ഏർപ്പാടുചെയ്യാവുന്നതാണെന്ന് അറിയിച്ചു. ബാലസഭയ്ക്ക് കീഴിൽ 10 ലക്ഷം കുട്ടികളുണ്ട്. ഇത് സാമ്പത്തികസാക്ഷരതയുടെ തോത് വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. കുട്ടികളിൽ ചിലർക്ക് ഇപ്പോൾതന്നെ ബാങ്ക് അക്കൗണ്ടുള്ളതായും അവർ പറഞ്ഞു.

കേരളസർക്കാരിന്റെ ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും വകുപ്പുസെക്രട്ടറി **ശ്രീ.ടീക്കാറാംമീണ ഐ.എ.എസ്**, ഈ വിഷയം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഒന്നാകയാൽ എസ.എൽ.ബി.സിയുടെ ഉപസമിതിയുടെ പരിഗണനയ്ക്കു വിടണമെന്ന് അഭിപ്രായപ്പെട്ടു.

*(നടപടി : എസ്.എൽ.ബി.സി/ധനകാര്യവകുപ്പ്/വിദ്യാഭ്യാസവകുപ്പ്)*

**4.2.1.2 ലീഡ് ബാങ്ക് പദ്ധതി അവലോകനം ചെയ്യുന്നതിനുള്ള ഉന്നതതല സമിതി – 2011 മാർച്ചോടെ 2000 ൽ അധികം ജനസംഖ്യയുള്ള എല്ലാ ഗ്രാമങ്ങളിലും ബാങ്കിംഗ് സേവനങ്ങൾ നൽകുക.**

എൽ.ഡി.എമ്മുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമായി 116 ഗ്രാമങ്ങൾ തിരിച്ചറിയപ്പെട്ടു. ലഭ്യമായ വിവരങ്ങൾ താൽക്കാലികമായതിനാൽ, റിസർവ് ബാങ്കിനു സമർപ്പിക്കുന്നതിനായി വിവരങ്ങൾ ക്രോഡീകരിക്കുന്നതിലേക്കുവേണ്ടി ഏറ്റവും പുതിയ വിവരങ്ങൾ ശേഖരിക്കുവാൻ എല്ലാ ബാങ്കുകളോടും എസ്.എൽ.ബി.സി കൺവീനർ ആവശ്യപ്പെട്ടു.

സ്റ്റിയറിംഗ് കമ്മിറ്റിയുടെ അഭിപ്രായത്തോട് യോഗം യോജിച്ചു. നൽകപ്പെട്ട ലിസ്റ്റുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പരിശോധന/സൂക്ഷ്മപരിശോധന ചെയ്യേണ്ടതാണെന്നു തീരുമാനിച്ചു. ലിസ്റ്റന് അന്തിമരൂപം കൊടുക്കുന്നതിനുമുമ്പ്, പ്രദേശങ്ങൾ തിരിച്ചറിഞ്ഞ ജില്ലാതല സമിതികൾ ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് ഒത്തുനോക്കേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടു. ബാങ്കിംഗ് സൗകര്യങ്ങൾ നൽകുന്നതിലേക്കായി കൂടുതൽ ഗോത്രവർഗ്ഗപ്രദേശങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കണ മെന്നും നിർദ്ദേശമുണ്ടായി

വിവരങ്ങളുടെ നിജാവസ്ഥ ഉറപ്പുവരുത്തുവാൻ യോഗം എല്ലാ ബാങ്കുകളോടും അഭ്യർത്ഥിച്ചു.

*(നടപടി : എല്ലാ ബാങ്കുകളും/എസ്.എൽ.ബി.സി)*

**4.2.1.3 ഡിഫറൻഷ്യൽ പലിശനിരക്ക് (ഡി.ആർ.ഐ) പദ്ധതിയുടെ ലക്ഷ്യം നിറവേറാത്ത സ്ഥിതി**

ഈ വിഷയത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി നൽകിയ നിർദ്ദേശങ്ങൾ യോഗം പരിശോധിച്ചു. അവ താഴെപ്പറയും പ്രകാരമാണ്:

(1) ഡി.ആർ.ഐ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള അർഹതാമാനദണ്ഡത്തിലെ വരുമാന പരിധി വർദ്ധിപ്പിക്കേണ്ടതാണ്.

(2) ഡി.ആർ.ഐ പദ്ധതിക്കു കീഴിൽ വായ്പ നൽകാവുന്ന പരമാവധിതുക നാഗരിക കേന്ദ്രങ്ങളിൽ 50000 രൂപയും ഗ്രാമീണ കേന്ദ്രങ്ങളിൽ 40000 രൂപയുമാക്കണം.

(3) ഡി.ആർ.ഐയ്ക്കു കീഴിൽ രണ്ടാമതൊരു ധനസഹായം നൽകുകയില്ല എന്ന നിബന്ധന പുനപ്പരിശോധിക്കുകയും കുടുംബത്തിന്റെ സാമ്പത്തികനില പരിഗണിച്ച് അതിൽ അയവുവരുത്തുകയും വേണം.

(4) ഡി.ആർ.ഐ വായ്പകളെ മറ്റു വായ്പകളുമായി സംയോജിപ്പിക്കാവുന്നതാണ്.

(5) ഡി.ആർ.ഐ പദ്ധതി തനതായ ഒരു പദ്ധതിയാകയാൽ സർക്കാർ ആഭിമുഖ്യത്തിലുള്ള പദ്ധതികളുമായി കൂട്ടിചേർക്കാവുന്നതല്ല എന്ന നിബന്ധന പുനപ്പരിശോധിക്കണം.

ഈ വിഷയം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവ ഉൾപ്പെടുന്ന ഒരു എസ്.എൽ.ബി.സി ഉപസമിതിക്കുറഫർ ചെയ്യുവാനും ആ ഉപസമിതിയുടെ റിപ്പോർട്ട് അടുത്ത എസ്.എൽ.ബി.സി യോഗത്തിൽ വയ്ക്കണമെന്നും യോഗം തീരുമാനിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

**4.2.2. ഗൾഫിൽ നിന്നും തിരികെ വരുന്നവരുടെ പുനരധിവാസത്തിനായി വായ്പാസൗകര്യം നൽകൽ (കേരളസർക്കാരിന്റെ നോർക്ക വകുപ്പു സെക്രട്ടറി നിർദ്ദേശിച്ചത്).**

എസ്.എൽ.ബി.സിയുടെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ യോഗം പരിഗണിച്ചു:

(1) തിരികെ വരുന്ന പ്രവാസികൾക്ക് സ്വന്തം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികളുടെ ഒരു പാക്കേജ് വികസിപ്പിക്കുക.

(2) അങ്ങനെയുള്ള പദ്ധതികളിൽ ഒരളവിലുള്ള സെക്യൂരിറ്റിനെറ്റ് ഏർപ്പെടുത്തുക.

(3) സംയോജിത ഇ.ഡി.പികളെപ്പറ്റി ആലോചിക്കുകയും ഈ പദ്ധതികൾ ജില്ലകളുടെ ജില്ലാവായ്പാ പദ്ധതികളോടു സംയോജിപ്പിക്കുകയും ചെയ്യുക.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ** പ്രതിനിധി, ഗൾഫിൽനിന്നും തിരികെ വരുന്നവർക്കായി വായ്പാകാലയളവിലൊട്ടാകെ 7% പലിശ നിരക്കിലുള്ള ഒരു പ്രത്യേക പദ്ധതി കെ.എഫ്.സിയ്ക്ക് ഉണ്ട് എന്നറിയിച്ചു. വ്യാപകമായ പ്രചരണം/പരസ്യം നൽകിയിട്ടും വായ്പയെടുക്കാൻ വളരെ കുറച്ച് ആളുകൾ മാത്രമേ വന്നുള്ളൂ എന്നും അതിനാൽ ലക്ഷ്യം നിറവേറ്റാനായില്ലെന്നും അദ്ദേഹം പറഞ്ഞു. 63 വായ്പകൾ മാത്രമാണ് നൽകാൻ കഴിഞ്ഞത്. പദ്ധതിയുടെ വിശദവിവരങ്ങൾ ഇ–മെയിൽ മുഖേന നോർക്ക വകുപ്പിന്റെ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ** പ്രതിനിധി, ഗൾഫിൽനിന്നും തിരികെവരുന്നവർക്കായി 2009 ജൂൺ മുതൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും, പ്രതികരണം വളരെ മോശമാണെന്നും പറഞ്ഞു. വിശദവിവരങ്ങൾ എസ്.എൽ.ബി.സി.ക്കു നൽകുവാൻ യോഗം കെ.എഫ്.സിയോട് അഭ്യർത്ഥിച്ചു. പദ്ധതിയുടെ വിശദാംശങ്ങളും നിബന്ധനകളും ഉപാധികളും മറ്റും ആവിഷ്ക്കരിക്കുന്നതിനായി എസ്.എൽ.ബി.സി.യുടെ ഒരു ഉപസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു.

*(നടപടി: എസ്.എൽ.ബി.സി.)*

**4.2.3 വിദ്യാഭ്യാസ വായ്പ – എസ്.എൽ.ബി.സി. ഉപസമിതിയുടെ റിപ്പോർട്ട്**

ഉപസമിതിയുടെ ശുപാർശകളോട് പ്രതികരിച്ചുകൊണ്ട് റിസർവ് ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ **ശ്രീ. എൽ.എം. ഗണേശൻ** റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച്, വിദ്യാഭ്യാസ വായ്പ നൽകുന്നത് ഒന്നുകിൽ വിദ്യാർത്ഥിയുടെ മാതാപിതാക്കളുടെ വാസസ്ഥലത്തിന് ഏറ്റവും സമീപത്തുള്ള ബാങ്ക് ശാഖയോ അല്ലെങ്കിൽ വിദ്യാർത്ഥിയുടെ അച്ഛനമ്മമാരിൽ ആർക്കെങ്കിലും സജീവമായ അക്കൗണ്ടുള്ള ബാങ്ക് ശാഖയോ ആയിരിക്കണം എന്ന് സ്പഷ്ടീകരിച്ചു. വിദ്യാഭ്യാസ വായ്പ നൽകുന്നത് പരിഗണിക്കുന്നതിന് സർവീസ് ഏരിയ കോൺസപ്റ്റ് സമ്പ്രദായം റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിപരീതമാണ്.

ഉപസമിതിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിലേക്കായി യോഗം സ്വീകരിച്ചു. ശുപാർശകൾ ഔപചാരികമാക്കുന്നതിനായി ഉചിതമായ അധികാരസ്ഥന്മാരുമായി ബന്ധപ്പെടുവാനും നിർദ്ദേശിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

**4.2.4 എം.എഫ്.ഐ.കൾക്ക് 'ഓൺ ലെൻഡിംഗിനായി' വായ്പ നൽകൽ (തൃശൂർ/ആലപ്പുഴ എൽ.ഡി.എം.കൾ നിർദ്ദേശിച്ചത്)**

ഈ വിഷയത്തോടു പ്രതികരിച്ചുകൊണ്ട് റിസർവ് ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ **ശ്രീ. എൽ.എം. ഗണേശൻ,** നിയന്ത്രണങ്ങൾ ഇപ്പോൾത്തന്നെ നിലവിലുള്ളതിനാൽ, പലിശ നിരക്കിനെപ്പറ്റി റിസർവ് ബാങ്ക് ഇനിയും വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല എന്നറിയിച്ചു. റിസർവ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ന്യായമായ പലിശ മാത്രമേ വസൂലാക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ ഓരോ ബാങ്കും തനതായ തീരുമാനമെടുക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചില ബാങ്കുകൾ എസ്.എച്ച്.ജി.കൾക്ക് നേരിട്ടു നൽകുന്ന വായ്പയ്ക്കുള്ള അതേ നിരക്കിൽ എം.എഫ്.ഐ.കൾക്കും വായ്പ നൽകുന്നുണ്ടെന്ന് അദ്ദേഹം തുടർന്ന് വ്യക്തമാക്കി.

**തൃശൂർ എൽ.ഡി.എം.**, എം.എഫ്.ഐ.കൾക്ക് 12% മുതൽ 13% വരെ പലിശയ്ക്കാണ് വായ്പ ലഭിക്കുന്നതെന്നും അവർ 18% പലിശയ്ക്കാണ് എസ്.എച്ച്.ജി.കൾക്ക് വായ്പ നൽകുന്നതെന്നും ചൂണ്ടിക്കാണിച്ചു. അതിനുംപുറമെ എം.എഫ്.ഐകൾക്ക് വായ്പ തിരിച്ചടവിന് കൂടുതൽ നീണ്ടകാലാവധി ബാങ്കുകളിൽനിന്നും ലഭിക്കുന്നുണ്ടെന്നും അതേസമയം യഥാർത്ഥ ഗുണഭോക്താക്കൾക്ക് അവർ കുറഞ്ഞ വായ്പാ തിരിച്ചടവു കാലാവധിയാണ് അനുവദിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇപ്രകാരം എം.എഫ്.ഐകൾക്ക് വേണ്ടത്ര ആഭ്യന്തര ഫണ്ട് ലഭിക്കുന്നുണ്ടെന്നും അത് അമിത നിരക്കിലുള്ള പലിശയ്ക്ക് വായ്പ കൊടുക്കുവാൻ അവർ ഉപയോഗിക്കുകയാണെന്നും അതാണ് പ്രശ്നത്തിന്റെ കാതൽ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ **ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്.**, ഇക്കാര്യം പരിശോധിക്കേണ്ടതാണെന്നും തൃശൂർ എൽ.ഡി.എം. നൽകിയ വിവരത്തിന്റെ വെളിച്ചത്തിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതുണ്ടെന്നും പറഞ്ഞു. എസ്.എൽ.ബി.സിയ്ക്ക് ഈ പ്രശ്നം ചർച്ച ചെയ്യാവുന്നതാണെന്നും ഇക്കാര്യത്തിലെ ക്രമക്കേട് പരിഹരിക്കുന്നതിനായി മൂർത്തമായ നിർദ്ദേശങ്ങൾ ഉന്നയിക്കാവുന്നതാണെന്നും അവർ നിർദ്ദേശിച്ചു.

*(നടപടി ; റിസർവ് ബാങ്ക്/എസ്.എൽ.ബി.സി.)*

**4.2.5 സുനാമി ബാധിതർക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടികൾ (ആലപ്പുഴ എൽ.ഡി.എം. നിർദ്ദേശിച്ചത്)**

യോഗം ബാങ്കു തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാനാവശ്യപ്പെടുകയും അവരവരുടെ ജില്ലയിലെ നില അവലോകനം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

*(നടപടി : എല്ലാ ലീഡ് ബാങ്കുകളും)*

**4.2.6 എൻ.പി.എ. ലോൺ അക്കൗണ്ടുകളിൽ ഉൾപ്പെട്ട കുടിശ്ശിക വസൂലാക്കുന്നതിന് ആർ.ആർ. ഫയൽ ചെയ്യുന്ന കേസുകളിൽ കേരള സർക്കാരിന്റെ റവന്യു വകുപ്പ് സ്റ്റേ അനുവദിക്കുന്നത്.**

ഈ പ്രശ്നത്തെ പരാമർശിച്ചുകൊണ്ട്, സിൻഡിക്കേറ്റ് ബാങ്കിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ **ശ്രീ. ഇട്ടി തോമസ്**, ആർ.ആർ. ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബാങ്ക് എതിരല്ല എന്ന് പറഞ്ഞു. എന്നാൽ സ്റ്റേ അനുവദിക്കുമ്പോൾ അത് ന്യായമായ കേസുകളിലാണോ എന്ന് സർക്കാർ പരിശോധിക്കണം. സ്റ്റേ അനുവദിക്കുന്ന ഒരു സാമാന്യ സമ്പ്രദായം, അതും കൂടുതൽ എണ്ണം തവണകൾ അനുവദിച്ചുകൊണ്ടുള്ളത്, ഉണ്ടാകാൻ പാടില്ല എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ബാക്കി എല്ലാ നടപടികളും പരാജയപ്പെടുമ്പോഴാണ് ബാങ്കുകൾ സാധാരണയായി റവന്യു റിക്കവറി നടപടിയെടുക്കുവാൻ നിർബന്ധിതരാകുന്നത്. അതിനുശേഷവും തിരിച്ചടവിന് സർക്കാർ കൂടുതൽ സമയം അനുവദിക്കുമ്പോൾ പണം ഉടനെ തിരിച്ചുകിട്ടുകയില്ല. ചിലപ്പോൾ നാലും അഞ്ചും വർഷങ്ങൾക്കു ശേഷമേ കിട്ടുകയുള്ളൂ. ന്യായയുക്തമായ ഒരു സമയപരിധി ഉണ്ടാകണം. പരമാവധി 6 മാസത്തിൽ കവിയാത്ത തരത്തിൽ സ്റ്റേ നൽകൽ നിയന്ത്രിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കേരള സർക്കാരിന്റെ ആസൂത്രണവും സാമ്പത്തികകാര്യങ്ങളും വകുപ്പ് സെക്രട്ടറി **ശ്രീ. ടീക്കാറാം മീണ ഐ.എ.എസ്.**, ഈ അഭിപ്രായത്തോടു യോജിക്കുകയും ചിലപ്പോൾ പല കാരണങ്ങളാലും സ്റ്റേ അനുവദിക്കേണ്ടി വരുന്നുണ്ടെന്ന് പറയുകയും ചെയ്തു. സിൻഡിക്കേറ്റ് ബാങ്കിനോട് ഏതാനും കേസുകളുടെ വിവരം നൽകാൻ അദ്ദേഹം ആവശ്യപ്പെട്ടു. അത് പരിശോധിക്കുന്നതിനായി റവന്യു സെക്രട്ടറിയുമായുള്ള ഉപസമിതി യോഗത്തിൽ വയ്ക്കാമെന്നും അദ്ദേഹം പറഞ്ഞു.

*(നടപടി : എസ്.എൽ.ബി.സി.)*

**4.2.7 വിവരസാങ്കേതിക വകുപ്പ് അക്ഷയകേന്ദ്രങ്ങൾക്കെതിരായി എടുക്കുന്ന റവന്യൂറിക്കവറി നടപടിക്കെതിരായ സ്റ്റേ (കൊല്ലം എൽ.ഡി.എം. നിർദ്ദേശിച്ചത്).**

ഈ വിഷയം ഇനം നമ്പർ 4.2.6 ഉം ആയി സംയോജിപ്പിച്ച് എസ്.എൽ.ബി.സി ഉപസമിതിയിൽ പരിഗണിക്കുന്നതിന് യോഗം തീരുമാനിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

**4.2.8 കുടുംബശ്രീയുടെ ഭവനശ്രീ വായ്പയ്ക്കു കീഴിൽ വായ്പ നൽകിയ കേസുകളിലെ എൻ.പി.എ.യുടെ ഉയർന്ന ശതമാനം (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചത്)**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡപ്യൂട്ടി ജനറൽ മാനേജർ **ശ്രീ. സുരേന്ദ്രകുമാർ**, ഈ വിഷയത്തെ പരാമർശിച്ചുകൊണ്ട്, കുടുംബശ്രീയും ഭവനശ്രീയും കൂടിയുള്ള മൊത്തം എൻ.പി.എ കളുടെ തുക 6 കോടിയിലേറെയാണ് എന്നറിയിച്ചു. അതിനാലാണ് ഉടനടി ശ്രദ്ധ നൽകേണ്ട വിഷയമെന്ന നിലയിൽ ഇത് അജണ്ടാ ഇനമായി ഉൾപ്പെടുത്തിയത്.

കുടംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ **ശ്രീമതി. ശാരദാമുരളീധരൻ ഐ.എ.എസ്.** ഭവനശ്രീ വായ്പകൾ ദൗർഭാഗ്യവശാൽ അതിന്റെ മൊത്ത വായ്പാ സ്വഭാവം കാരണം ഒരു സങ്കീർണ്ണ പ്രശ്നമാണെന്നു പറയുകയും ഇക്കാര്യത്തിൽ ആവശ്യമായ നടപടി എടുക്കുന്നതാണെന്ന് ഉറപ്പു നൽകുകയും ചെയ്തു. ഇക്കാര്യം സംസ്ഥാന സർക്കാർ ശ്രദ്ധിക്കുന്നതാണെന്നും കുടിശ്ശികയുള്ള കേസുകളുടെ തുക നൽകുന്ന തിലേയ്ക്കായി ആദ്യ നടപടിയെന്നനിലയ്ക്ക് 10 കോടി രൂപയുടെ വ്യവസ്ഥ ബഹു: ധനമന്ത്രി ബജറ്റിൽ ഉൾപ്പെടുത്തിയുട്ടുണ്ടെന്നും അവർ പറഞ്ഞു. ഭവനശ്രീ വായ്പകളുടെയും സി.ഡി.എസ് മൊത്ത വായ്പകളുടെയും കീഴിലുള്ള തുകകൾ തിരികെ വസൂലാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുവാൻ നടപ്പു വർഷത്തിൽ തന്നെ കുടുംബശ്രീയ്ക്കു സാധിക്കുമെന്നും അവർ പറഞ്ഞു.

*(നടപടി : കുടുംബശ്രീ)*

**4.2.9 ഗ്രാമീണ സ്വയം തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ആർ.എസ്.ഇ.റ്റി.ഐ) – സർക്കാർ വകുപ്പുമായുള്ള ധാരണാപത്രം**

ബാങ്കുകൾ സർക്കാരുമായി ഏർപ്പെടേണ്ട ധാരണാപത്രത്തിന്റെ കരട് ഒരു ഇനമായി പശ്ചാത്തല രേഖകളോടൊപ്പമുള്ള അനുബന്ധത്തിൽ ഉൾപ്പെടുത്തി സമിതി പരിഗണിച്ചു.

നിർമ്മാണ ആവശ്യത്തിനായി ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നതിനു മുമ്പായി, കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാനുള്ള ബാധ്യത ഏല്പിക്കപ്പെട്ടിരിക്കുന്ന ബാങ്കുകൾ സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടുപൂർത്തീകരിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടു.

*(നടപടി : ബാങ്കുകൾ)*

**4.2.10 ആക്റ്റിവിറ്റിഗ്രൂപ്പ് വായ്പകളുടെ പ്രശ്നം (കുടുംബശ്രീ നിർദ്ദേശിച്ചത്)**

ഈ ഇനം എസ്.എൽ.ബി.സി മുമ്പ് അംഗീകരിച്ച എസ്.എം.ഇ.ആർ പദ്ധതിയോടു സാദൃശ്യമുള്ളതാണെന്നു യോഗം നിരീക്ഷിക്കുകയും അതുകൊണ്ട് എല്ലാ ബാങ്കുകളും ഈ വിഷയത്തിന് ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ **ശ്രീമതി. ശാരദാമുരളീധരൻ ഐ.എ.എസ്.**, എസ്.എം.ഇ.ആർ.എ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എസ്.എച്ച്.ജികളും ആക്റ്റിവിറ്റി ഗ്രൂപ്പുകളും തമ്മിലുള്ള വ്യത്യാസം യഥാർത്ഥത്തിൽ വ്യക്തമാക്കുന്നില്ല എന്നു വിശദീകരിച്ചു. ആക്റ്റിവിറ്റി

ഗ്രൂപ്പുകളെ ജെ.എൽ.ജികൾക്കു തുല്യമായി കണക്കാക്കണമെന്നതാണ് കുടുംബശ്രീയുടെ താല്പര്യം. ആക്റ്റിവിറ്റി ഗ്രൂപ്പുകൾ എസ്.എച്ച്..ജികളുടെ ഒരു ഉപവിഭാഗമെന്നതിനേക്കാൾ എസ്.എച്ച്.ജികളുടെ ഒരു മിശ്രിതമാണെന്നു പറയാം. ആക്റ്റിവിറ്റി ഗ്രൂപ്പുകൾ ഒരുമിക്കുന്നത് അഭിരുചിയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് അവ എസ്.എച്ച്.ജികൾ എന്നതിനേക്കാൾ സംരഭകരുടെ ധർമ്മമാണ് യഥാർത്ഥത്തിൽ നിർവ്വഹിക്കുന്നത് എന്നു കാണിക്കുന്ന, പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള രേഖാമൂലമായ തെളിവ് കുടുംബശ്രീയുടെ പക്കലുണ്ട്. എസ്.എൽ.ബി.സി ഇക്കാര്യം പരിഗണിക്കണമെന്നും ഈ ഗ്രൂപ്പുകൾക്ക് ബാങ്ക് ശാഖകളെ അനായാസം സമീപിക്കുവാനും ബോധ്യപ്പെടുത്തുവാനും സാധ്യമാക്കുന്നവിധത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും അവർ അഭ്യർത്ഥിച്ചു. ഇനിമേലിൽ കുടുംബശ്രീയുടെ തന്ത്രങ്ങൾ മുഴുവനും എസ്.എച്ച്.ജികളേക്കാൾ ഏറെ ആക്റ്റിവിറ്റി ഗ്രൂപ്പുകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കുമെന്നും അവർ പറഞ്ഞു.

**ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ** പ്രതിനിധി, ജെ.എൽ.ജി പ്രാഥമികമായും കാർഷിക മേഖലയെ ഉദ്ദേശിച്ചുള്ളതാണെന്നും അതിനെ മൈക്രോ സംരംഭങ്ങൾ എന്ന സങ്കല്പത്തിൽ ഉൾപ്പെടുത്തുന്നപക്ഷം വായ്പാ ഗാരണ്ടി സംരക്ഷണം ലഭ്യമാവുകയില്ലെന്നും അറിയിച്ചു. ഇതിലേക്കായി പങ്കാളിത്ത സങ്കല്പം കൊണ്ടുവരണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ആക്റ്റിവിറ്റി ഗ്രൂപ്പുകളെ ജെ.എൽ.ജികളെ സംബന്ധിച്ച അതേരീതിയിൽ പരിഗണിക്കുവാൻ യോഗം തീരുമാനിച്ചു.

*(നടപടി : കുടുംബശ്രീ/എസ്.എൽ.ബി.സി)*

**4.2.11 ഭാരതീയ റിസർവ്വ് ബാങ്കിന്റെ വിവരക്കുറിപ്പ്**

**4.2.11.1 ലീഡ് ബാങ്ക് പദ്ധതി അവലോകനം ചെയ്യുന്നതിനുള്ള ഉന്നതലസമിതിയുടെ റിപ്പോർട്ട് – ശുപാർശകൾ നടപ്പിലാക്കൽ – ഭാരതീയ റിസർവ്ബാങ്കിന്റെ വിവരക്കുറിപ്പ്**

വിവരങ്ങളുടെ ഉള്ളടക്കം യോഗം പരിഗണിച്ചു.

**4.2.11.2 മുൻഗണനാമേഖലാ വായ്പ – ഹൗസിംഗ് ഫൈനാൻസ് കമ്പനികൾക്കുള്ള വായ്പ – റിസർവ്വ് ബാങ്കിന്റെ വിവരക്കുറിപ്പ്**

വിവരങ്ങളുടെ ഉള്ളടക്കം യോഗം പരിഗണിച്ചു.

**4.2.12 ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിക്കുള്ള ജപ്പാൻ ഫണ്ട്–**

പ്രിൻസിപ്പൽ സെക്രട്ടറി & പ്രോജക്റ്റ് ഡയറക്ടർ, ജെ.പി.എഫ്.ആർ, ഡിസാസ്റ്റർ മാനേജ്മെന്റ്, (റ്റി.ആർ.പി സെൽ) ഡിപ്പാർട്ടുമെന്റ്, നൽകിയ കുറിപ്പ്

കുറിപ്പിന്റെ ഉള്ളടക്കം യോഗം പരിഗണിച്ചു.

**4.2.13 മാനുവൽ സ്കാവെൻജർമാരുടെ പുനരധിവാസത്തിനുള്ള തൊഴിൽ ദാനപദ്ധതി – (റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചത് (ടേബിൾ ചെയ്യപ്പെട്ട ഇനം)**

കേരളം സ്കാവെൻജർമാരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണെന്നും അതിനാൽ കേരള സാഹചര്യത്തിൽ ഈ പദ്ധതി ബാധകമാക്കാവുന്നതല്ലെന്നും യോഗം കണ്ടു.

**4.2.14 നാഗരിക ദാരിദ്ര്യർക്കുവേണ്ടിയുള്ള ഭവനനിർമ്മാണത്തിനുള്ള പലിശ സബ്സിഡി പദ്ധതിയുടെ അവലോകനം (ഐ.എസ്.എച്ച്.യു.പി) (ദേശീയഭവന നിർമ്മാണ ബാങ്ക് നിർദ്ദേശിച്ചത്).** (ടേബിൾ ചെയ്യപ്പെട്ട ഇനം)

ദേശീയ ഭവനനിർമ്മാണ ബാങ്കിന്റെ പ്രതിനിധി, നാഗരിക ദരിദ്രർക്കുവേണ്ടിയുള്ള ഭവനനിർമ്മാണത്തിനുള്ള പലിശ സബ്സിഡി പദ്ധതി ഒരു കേന്ദ്രസർക്കാർ പദ്ധതിയാണെന്ന്

അറിയിക്കുകയും ഈ പദ്ധതി പരിഗണിക്കുവാനും അതിന്റെ പുരോഗതി അവലോകനം ചെയ്യുവാനും എസ്.എൽ.ബി.സിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിർദ്ദേശം യോഗം ശ്രദ്ധയിലെടുത്തു.

*(നടപടി : ഭവനനിർമ്മാണ കമ്മീഷണർ/കുടുംബശ്രീ)*

**മറ്റു കാര്യങ്ങൾ**

എഫ്.എൽ.സി.സികളെ സംബന്ധിച്ച വിവരങ്ങളെ പരാമർശിച്ചുകൊണ്ട്, റിസർവ്വ് ബാങ്ക് ഡപ്യൂട്ടി ജനറൽ മാനേജർ **ശ്രീ.ആർ.കെ.മോറിയ** ആ വിവരങ്ങളിൽ ചില പൊരുത്തക്കേടുകൾ ഉണ്ടെന്ന് നിരീക്ഷിക്കുയും അത് മതിയായ ശ്രദ്ധയോടെ തയ്യാറാക്കണമെന്നു നിർദ്ദേശിക്കുയും ചെയ്തു.

വിവരങ്ങളുടെ നിജസ്ഥിതി തൃപ്തികരമല്ലാത്തതിനാൽ, എഫ്.എൽ.സി.സികളെ സംബന്ധിച്ച് പുതിയ വിശദവിവരങ്ങൾ ആവശ്യപ്പെടാനും തുടർനടപടിയെന്ന നിലയ്ക്ക് അത് അടുത്ത എസ്.എൽ.ബി.സി യോഗത്തിൽ അവതരിപ്പിക്കുവാനും യോഗം തീരുമാനിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

പട്ടികജാതിക്കാർക്കായുള്ള ദേശീയ കമ്മീഷന്റെ അസിസ്റ്റന്റ് ഡയറക്ടർ **ശ്രീ.പി.രാമസ്വാമി,** മുൻഗണനാമേഖലകളിൽ, പ്രത്യേകിച്ചും സർക്കാർ ആഭിമുഖ്യത്തിലുള്ള പദ്ധതികളുടെ കാര്യത്തിൽ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ കൈവരിച്ച നേട്ടങ്ങളുടെ പ്രത്യേകമായ വിവരം നൽകുവാൻ സമിതിയോട് അഭ്യർത്ഥിച്ചു. അപ്രകാരമുള്ള വിവരങ്ങൾ ആവശ്യപ്പെടാനും അഭിലഷിച്ചതുപോലെയുള്ള വിശദവിവരങ്ങൾ അടുത്ത എസ്.എൽ.ബി.സി യോഗം മുതൽ നൽകുവാനും തീരുമാനിച്ചു.

*(നടപടി : എസ്.എൽ.ബി.സി)*

5. **മുൻഗണന മേഖലാവായ്പകൾക്കുകീഴിലെ പ്രകടനത്തിന്റെ അവലോകനം.**

6. **പ്രത്യേക ശ്രദ്ധ നൽകുന്ന (സ്പെഷ്യൽ ഫോക്കസ്) പരിപാടികൾക്കുകീഴിലെ പ്രകടനത്തിന്റെ അവലോകനം.**

7. **സർക്കാർ ആഭിമുഖ്യത്തിലുള്ള പദ്ധതികൾക്കുകീഴിലെ പ്രകടനത്തിന്റെ അവലോകനം.**

8. **ബാങ്കിംഗ് മേഖലയുടെ പ്രകടനത്തിന്റെ അവലോകനം.**

യോഗം വിവിധ മേഖലകളിലെ പ്രകടനം വിലയിരുത്തുകയും എന്തെങ്കിലും അഭിപ്രായപ്രകടനങ്ങൾ നടത്തുവാനുണ്ടെങ്കിൽ അവ അടുത്ത യോഗത്തിൽ നടത്താവുന്നതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ചർച്ചകളോടെ എസ്.എൽ.ബി.സിയുടെ 101-ാമതു യോഗം പര്യവസാനിച്ചു.

കാനറാ ബാങ്കിന്റെ ഡപ്യൂട്ടി ജനറൽ മാനേജർ കൃതജ്ഞത പറഞ്ഞു.